Reg. No. C. 101 M; 2293

ഒററപ്രതിക്കു് 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1125 മീനം 9 | ലക്കം 29

# ഞാൻ കണ്ട റോമാപുരി

(റവ. സി. ററി. കൊട്ടാരം ബി. എ., എൽ. ടി., ഡി. ഡി., എഫ്. ആർ. എസ്. എ.)

ഞാൻ നിത്യനഗരിയെ സന്ദർശിച്ചതു് ഏതുപ്രകാരമുള്ള ചിത്തവൃത്തിയോടുകൂടിയായിരുന്നു എന്നതിനെപ്പററിത്തന്നെ ആദ്യമായി അല്പം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. പെട്രാർച്ച് 1530-ലെ ജൂബിലിവേളയിൽ റോമാനഗരത്തെ സന്ദർശിച്ചപ്പോൾ തനിക്കുണ്ടായ വികാരാനുഭവത്തെപ്പററി, അവിടത്തെ പുണ്യസ്ഥാനങ്ങൾ അദ്ദേഹത്തിൽ സംജാതമാക്കിയ ധാർമ്മികമനോവ്യാപാരങ്ങളെ — കേവലം വന്ധ്യമായ ഒരു ഹൃദയചലനമായി സങ്കോചിച്ചു് വിരമിക്കാതെ ജീവിതസംശോധനത്തിൽ ഫലസന്ദായകമായ പ്രേരകശക്തിയായി പ്രവർത്തിക്കമാറു് സ്വഹൃദയത്തിൽ അവഗാഢമായി പതിഞ്ഞ സംസ്കാരമുദ്രകളെ — സംബന്ധിച്ചു്, അദ്ദേഹത്തിന്റെ ഒരു കത്തിൽ പ്രസ്താവിച്ചുകാണുന്നു. അതിൽ അദ്ദേഹം, ഒരു കത്തോലിക്കന്റെ ഭക്തിതീക്ഷ്ണതയോടുകൂടി — കവികളുടേയും കലാകാരന്മാരുടേയും കൗതുഹലത്തോടുകൂടിയല്ല — ശാശ്വതനഗരത്തെ സന്ദർശിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ഉടനീളം പറയുന്നുണ്ടു്. യൂറോപ്പു് സന്ദർശിക്കണമെന്നുള്ള അഭിലാഷം ഇദംപ്രഥമമായി എന്നിൽ അങ്കുരിച്ചതു് ഞാൻ തൃശ്ശൂർ സെൻറു് തോമസ്സു് കാളേജിൽ ഉന്നതവിദ്യാഭ്യാസം നിർവ്വഹിച്ചുകൊണ്ടിരുന്ന കാലത്താണു്. കവിയുടെ വാക്കുകളിൽ പറകയാണെങ്കിൽ, ആ ഉല്ലാസകരങ്ങളായ ദിവസങ്ങൾ ഇനി ഒരിക്കലും മടങ്ങിവരികയില്ല. അതിന്റെ മധുരസ്മരണകളാകട്ടെ, ആ അതീതാനുഭവങ്ങളെ സോദ്ദേശം പ്രത്യാഗമിപ്പിക്കുന്നു. ഏതാദൃശമായ എന്റെ കാളേജ് വിദ്യാഭ്യാസകാലത്തു്, ഡോക്ടർ ജാൺസൺ രചിച്ചിട്ടുള്ള മിൽട്ടന്റെ ജീവിതചരിത്രത്തിൽ സർവ്വകലാശാലാ വിദ്യാഭ്യാസത്തിനു മിനുക്കുപണിയായി യൂറോപ്പുപര്യടനം നടത്തേണ്ടതിന്റെ ആവശ്യകതയെപ്പററി ആംഗ്ലേയസാഹിത്യസാർവ്വഭൗമൻ പ്രതിപാദിക്കുന്ന ഭാഗം ഞങ്ങളുടെ ഇംഗ്ലീഷ് പ്രൊഫസർ ഒരിക്കൽ ഞങ്ങൾക്കു പണ്ഡിതോചിതമായ ധൈര്യത്തോടും ഘനനിർഘോഷസങ്കാശമായ വാഗ്ധോരണിയോടുംകൂടി വായിച്ചു വിശദീകരിച്ചുതരികയുണ്ടായി. അന്നു് ആ അഭിനിവേശം കേവലം സ്വപ്നസദൃശമായിരുന്നു. കാലം പരിണതമായപ്പോൾ, കരുണാമയനായ ജഗദീശൻ ആ സ്വപ്നത്തെ യാഥാർത്ഥ്യമാക്കുവാൻ കനിഞ്ഞു. ഞാൻ ആലുവായിലെ അപ്പോസ്തലിക സെമിനാരിയിൽ പഠിച്ചുകൊണ്ടിരുന്ന ആ ശോഭനദിനങ്ങളിലായിരുന്നു എന്റെ പ്രിയ മെത്രാൻ തിരുമനസ്സുകൊണ്ടു് ഉപരിശാസ്ത്രപഠനത്തിനായി എന്നെ റോമിലേക്കയച്ചതു്. അതിനാൽ ഒരു വിദ്യാർത്ഥിയായിട്ടായിരുന്നു എനിക്കു് ആ പാവനനഗരിയിലേക്കു പോകേണ്ടിയിരുന്നതു്. ഞാൻ പോയതു് കേവലം കവിയുടെ കൗതുകത്തോടുകൂടിയ ഒരു വിദ്യാർത്ഥിയായിട്ടല്ല, പിന്നെയോ, തീർത്ഥയാത്രികനായ ഒരു ഭക്തനായിട്ടായിരുന്നു. അപ്പോസ്തലന്മാരായ പത്രോസിന്റെയും പൗലോസിന്റെയും മഹാപുരിയിലെ മണ്ണിൽ — പുണ്യാത്മാക്കളായ രക്തസാക്ഷികളുടെ വിശുദ്ധാസ്ഥികളാലും അഭിരാമശില്പങ്ങളാലും സുസമ്പന്നവും, സത്യത്തിനുവേണ്ടി അസംഖ്യേയസംഖ്യം വഹിച്ച ആ ത്യാഗിവര്യന്മാരുടെ അമൂല്യരക്തത്താൽ അർദ്ദ്രീകൃതവും ആയ ആ ഭൂമിയിൽ — 1932 നവംബർ ഒന്നാംതീയതി, സകല വിശുദ്ധന്മാരുടേയും തിരുനാളിൽ ഒരു കത്തോലിക്കനു് അനശ്വ-

പമായ ഭക്തിതീക്ഷ്ണതയോടുകൂടി ഞാൻ കാലൂന്നി. പുണ്യനഗരിയിൽ ഞാൻ തികച്ചും മൂന്നുവർഷം താമസിച്ചു. പീയൂസ് പതിനൊന്നാമന്റെ പ്രഖ്യാതമായ ധർമ്മാദ്ധ്യക്ഷ്യംകൊണ്ടും, സർവ്വ കത്തോലിക്കാവിഭാഗങ്ങളിൽനിന്നും തീർത്ഥയാത്രാസംഘങ്ങളെ അവിടേക്കാകർഷിച്ച 1933-ലെ ലോകോദ്ധാരണ ജൂബിലി, ജാൺബൊസ്കോ, തോമസ്സ് മൂർ, ജാൺഫിഷർ ഇവരുൾപ്പെടെ പല ധൈവദാസന്മാരുടേയും പുണ്യപട്ടങ്ങൾ, പവിത്രചരിതന്മാരായ ചിലരുടെ ധന്യപട്ടങ്ങൾ മുതലായവപോലുള്ള വിശിഷ്ടസംഭവങ്ങൾകൊണ്ടും അതു് സുസ്മരണീയമായ ഒരു കാലഘട്ടമായിരുന്നു.

റോമിനെപ്പററി എനിക്കുണ്ടായ പ്രഥമാനുഭവം അവിടെ അഭൗമമായ ഒരന്തരീക്ഷം മിക്കവാറും പ്രത്യക്ഷഗോചരമായി നിലനില്ക്കുന്നു എന്നുള്ളതാണു്. ഒ-

ര വിപുലമായ തീർത്ഥയാത്രയാൽ ആവിഷ്കരിക്കപ്പെടുന്ന ഏകീകൃതമായ ആദ്ധ്യാത്മികപ്രാഭവത്തിന്റെ ആനുകൂല്യം കൂടാതെതന്നെ ലൂർദ്ദിൽ ആ അന്തരീക്ഷം തികച്ചും അനുഭവസിദ്ധമാകുന്നുണ്ടു്. എന്നാൽ അതു് അവിടെ അതിസൂക്ഷ്മരൂപത്തിൽ നിലകൊള്ളുന്നു. അതു മൂദുലവും കൃപാകുലവും സംവൃതവുമായ ഒരു സാന്നിദ്ധ്യമത്രേ. അതു് ഉദയലോകരാജ്ഞിയായ മറിയം അങ്ങേ വിഭവങ്ങളെ സ്വസന്താനങ്ങൾക്കായി വിനിയോഗിച്ചുകൊണ്ടു് അവരെ തന്റെ പക്കലേക്കു് ആഹ്വാനം ചെയ്യുന്ന മാതൃസഹജമായ സ്നേഹമാകുന്നു. പുണ്യഭൂമിയിലും അതു പ്രകടമാണു്. എന്നാൽ അവിടെ അതിന്റെ ഫലം പ്രധാനമായി ചാരിത്രികവും സ്ഥലവിവരണപരവുമായ വിജ്ഞാനത്തെ അവലംബിച്ചുനില്ക്കുന്നു. അതിനു അതിവിദൂരമായ ഭൂതകാലത്തിലേക്കു മനസ്സിനെ പിന്നാക്കം പ്രക്ഷേപിക്കേണ്ടിവരുന്നു. വസ്തുസ്ഥിതികൾ അന്യത്രമാററപ്പെട്ടിട്ടുള്ളതായികാണപ്പെടുന്നു. അതെ, അവയെല്ലാം റോമിനു ലഭിച്ചുകഴിഞ്ഞിരിക്കുന്നു. പുണ്യഭൂമിയിലേക്കു് ഒരു തീർത്ഥാടനം ചെയ്യുന്നതിനു് എത്രത്തോളം കാരണങ്ങളുണ്ടായിരുന്നാലും അവയെല്ലാം അതിൽപരവും കാരണങ്ങൾ റോമിലേക്കു തീർത്ഥസഞ്ചാരം ചെയ്യുന്നതിനുണ്ടു് എന്ന വസ്തുത പ്രഥമതഃ പ്രസ്താവിച്ചിട്ടുള്ളതു് ഒരു പോപ്പുതന്നെയാണെന്നാണു് എന്റെ ധാരണ.

റോമിന്റെ അഭൗമദീപ്തി അവിടുത്തെ ദേവാലയങ്ങളിലും, അവിടുത്തെ പുരോഹിതന്മാരിലും, അവിടുത്തെ സിദ്ധന്മാരിലും അവിടുത്തെ വൈദികപാഠശാലകളിലും, അവിടുത്തെ സർവ്വകലാശാലകളിലും, അവിടുത്തെ ആദ്ധ്യാത്മികവും ശാരീരികവുമായ കാരുണ്യസേവനങ്ങൾക്കുള്ള പൊ

(ശേഷം 12-ാം പേജിൽ)

## FIRST PLENARY COUNCIL OF INDIA

6th January 1950 to 18th January 1950



Sitting on chair: 1. Bishop Victor Fernandez (Mangalore) 2. Abp. Louis Mathias (Madras) 3. Mar Ivanios (Trivandrum) 4. Abp. Vanni (Agra) 5. Abp. F. Perier (Calcutta) 6. Abp. Aug. Colas (Pondicherry) 7. Internuncio Kierkels 8. Cardinal Gilroy 9. Patr. Dom Jos Da Costa (Goa) 10. Bp. P. Thomas (Bangalore) 11. Abp. Jos. Attipetty (Verapoly) 12. Abp. Silvester Mulligan (Delhi Simla) 13. Bp. Roche (Tuticorin) 14. Bp. W. Bouter (Nellore) 15. Bp. B. Arana (Vijayapuram)

Second row: 1. Bp. Ignatius Mummadi (Guntur) 2. Bp. Jos Alvernaz (Cochin) 3. Bp. Leonard Raymond (Allahabad) 4. Bp. Rock Agnisamy (Kottar) 5. Bp. Gurreiro (Mylapore) 6. Bp. V. Derrere (Trivandrum) 7. Bp. Sevrin (Ranchi) 8. Bp. Louis Gayel (Nagpur) 9. Bp. Peter Francis (Kumbakonam) 10. Bp. Mendoca (Trichinopoly) 11. Bp. Jer. Fernandez (Quilon) 12. Bp. Morrow (Krishnagar) 13. Bp. Rene Feuga (Mysore) 14. Mar Severios (Tiruvalla) 15. Mgr. Dubbelman (Pr. Ap. Jubbulpore)

Third row: Mgr. M. Pothanamuzhy (Rep. Ernakulam) 2. Auxiliary Bp. Mark Gopu (Pondicherry) 3. Bp. Peter Leonard (Madura) 4. Auxiliary Bp. Jos Fernandez (Calcutta) 5. Bp. Andrew De Souza (Poona) 6. Bp. Conrad de Vito O. F. M. (Lucknow) 7. Bp. John Hogan O. F. M. (Bellary) 8. Bp. G. Alapatt (Trichur) 9. Bp. Aug. Wildermuth (Patna) 10. Auxiliary Bp. Valerian Gracias (Bombay) 11. Bp. Dominic Grassi (Bezwada) 12. Bp. Venmani Selvanathan (Salem)

Fourth row: 1. Very Rev. P. Lobo S. J. (Rep. Calicut) 2. Mgr. Grosfort (Rep. Vizagapatam) 3. Mgr. Arbizu S. M. (Rep. Cuttack) 4. Mgr. Francis Fenech (Pr. Ap. Jhansi) 5. Bp. Leo de Mello (Ajmer) 6. Mgr. Herman Westermann S. V. D. (Pr. Ap. Indore) 7. Coadj. Bp. T. Tharayil (Kottayam) 8. Bp. Edwin Pinto S. J. (Ahmedabad) 9. Mgr. Jerome Malenfant O. F. M. (Pr. Ap. Gorakhpur) 10. Mgr. Gianora (Pr. Ap. Sikkim) 11. Mgr E. Bars (Rep. Shillong) 12. Fr. L. J. Chittur (Rep. Changanacherry) 13. Mgr. A. Joseph (Vic. Cap. Coimbatore) 14. Mgr. A. Beretta (Vic. Cap. Hyderabad)

ബാംഗളൂരിലെ സൂനഹദോസിൽ സംബന്ധിച്ച വൈദികമേലദ്ധ്യക്ഷന്മാർ.

# ഫാത്തിമായിലെ കുട്ടികൾ *

അദ്ധ്യായം 14

## ലിസ്ബണിലേക്ക്

മാതാപിതാക്കന്മാരുടെ ആഗ്രഹമനുസരിച്ച് ജൂലായ്, ആഗസ്റ്റ് ഈ രണ്ടു മാസങ്ങളും ജസീന്ത ഔറേമിലെ ആശുപത്രിയിൽ ചെലവഴിച്ചു. അവിടെവച്ച്, ലൂസിയുടെ പിതാവ് അന്തോനിയോ ദസ് സാന്തോസ് ഇൻഫ്ളുവൻസാ പിടിപെട്ടു മരിച്ചു എന്നുള്ള സങ്കടകരമായ വാർത്ത ജസീന്ത അറിഞ്ഞു.

ജസീന്തയെ കാണുവാൻ ലൂസി വന്നപ്പോൾ, സ്വർഗ്ഗത്തിലേക്കു പോകുവാനുള്ള തന്റെ സമയവും അടുത്തിരിക്കയാണെന്നു ജസീന്ത പറഞ്ഞു. എട്ടൊൻപതുമാസം കഠിനരോഗാർത്തയായിക്കിടന്ന അവൾ ഫ്രാൻസിസിനെക്കാളും ലൂസിയുടെ പിതാവിനെക്കാളും കൂടുതൽ പീഡകൾ സഹിച്ചുകഴിഞ്ഞിരുന്നു.

പക്ഷേ ജസീന്ത നിർവഹിച്ചുകൊണ്ടിരുന്ന ആത്മാക്കളുടെ രക്ഷണീയകൃത്യം അവസാനിപ്പിക്കാൻ ദൈവതിരുവുള്ളമുണ്ടായില്ല. ഫാത്തിമായിലേക്കു തിരിച്ചുപൊയ്ക്കൊള്ളുവാൻ ഒരു ദിവസം ജസീന്തയെ ഡാക്ടറന്മാർ അനുവദിച്ചു. ആശുപത്രിയിലെ രണ്ടു മാസത്തെ പ്രത്യേകശുശ്രൂഷകൾകൊണ്ട് ജസീന്തയ്ക്കു യാതൊരു ഗുണവുമുണ്ടായില്ല.



"മാതാവ് മുൻനിശ്ചയം ഭേദപ്പെടുത്തിയിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അതിൽ എനിക്കു സന്തോഷവുമുണ്ട്. ആശുപത്രിയിൽ കിടന്നു മരിക്കുന്നതിനെക്കാൾ വളരെ ആശ്വാസകരമാണല്ലോ വീട്ടിൽകിടന്നു മരിക്കുന്നത്." ജസീന്ത വിചാരിച്ചു.

ജസീന്ത് പ്രാർത്ഥനയുടെയും ത്യാഗത്തിന്റെയും ജീവിതം വീണ്ടും ഫാത്തിമായിൽ തുടർന്നു. വയലിലെ പൂക്കൾ പറിച്ചെടുത്തുകൊണ്ട് സൗകര്യം കിട്ടുമ്പോളൊക്കെയും ലൂസി ജസീന്തയെ സന്ദർശിച്ചിരുന്നു.

"ഈ പൂക്കൾ കോവയിൽനിന്നു പറിച്ചെടുത്തതാണോ?" ശോഭയേറിയ ആ പൂക്കൾ നോക്കിക്കൊണ്ടു ജസീന്ത ചോദിച്ചു.

"അതെ."

"ഈ ലില്ലിപുഷ്പങ്ങൾ വാലിനോസിൽനിന്നാണോ?"

"അതെ."

"ഹാ! ലൂസി, നീ എത്ര നല്ലവളാണ്! നിന്റെകൂടെ പൂപറിക്കാൻ എനിക്കുംകൂടെവരാൻ കഴിഞ്ഞിരുന്നെങ്കിൽ—എന്നു ഞാൻ കൊതിക്കുന്നു. ആകട്ടെ, ലൂസി, എന്നോടു പറയൂ—കോവയിൽ പുതുതായി പണിയിച്ച ആ കപ്പേളയിൽ നീ എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടോ?"

"ഉവ്വ്; ഗ്രാമത്തിലെ പള്ളിയിലും നിനക്കുവേണ്ടി എന്നും ഞാൻ പ്രാർത്ഥിക്കുന്നുണ്ട്."

"എന്താണ് ലൂസി എനിക്കുവേണ്ടി കർത്താവിനോടു പറയുന്നത്?"

"നീ എന്നോടു പറഞ്ഞിട്ടുള്ളതുതന്നെ. നീ അവിടുത്തെയും മാതാവിനെയും അത്യധികമായി സ്നേഹിക്കുന്നതിനും, കഴിവുള്ളിടത്തോളം ആത്മാക്കളെ സഹനംവഴിയായി അവരുടെ പാപങ്ങൾക്കു പരിഹാരംചെയ്തു രക്ഷിക്കുന്നതിനും വേണ്ടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്."

"കൊള്ളാം, ലൂസി!—പക്ഷേ, മാതാവ് ഒരിക്കൽകൂടി നമുക്കു പ്രത്യക്ഷപ്പെടുകയും, ഈ കാര്യങ്ങളെല്ലാം അഭിമുഖമായി അങ്ങയോടു പറയുവാൻ സാധിക്കുകയും ചെയ്തിരുന്നെങ്കിൽ, അതെത്ര നന്നായിരുന്നു!"

"അതെ, അതെ. അതു വളരെ നല്ലതുതന്നെ. പക്ഷേ, മാതാവിന് അങ്ങനെ കൂടെക്കൂടെ വരാൻ സാധിക്കുകയില്ലായിരിക്കും."

അധികം താമസിയാതെ ജസീന്തയുടെ ആഗ്രഹം നിറവേറി. ഒരുദിവസം വീട്ടിൽ ആരുമില്ലാതിരുന്ന സമയത്ത് ജപമാലരാജ്ഞി സകല മനോഹരതയോടുംകൂടി തന്റെ കൊച്ചു സ്നേഹിതയ്ക്കു കാണപ്പെട്ടു.

"നീ സുഖം പ്രാപിക്കുമെന്നു മാതാവു പറഞ്ഞോ?" മാതാവിന്റെ സന്ദർശനവിവരമറിഞ്ഞപ്പോൾ ലൂസി ജസീന്തയോടു ചോദിച്ചു.

"ഇല്ല. മാതാവ് എന്നോടതു പറഞ്ഞില്ല."

"മാതാവു പിന്നെ എന്തു പറഞ്ഞു?"

"ലിസ്ബണിലെ ആശുപത്രിയിലേക്കു ഞാൻ മാറ്റപ്പെടുമെന്നും, അവിടെവച്ചു വളരെയധികം പീഡകൾ സഹിക്കുമെന്നും, മരണസമയത്ത് ആരും കൂടെയുണ്ടായിരിക്കയില്ലെന്നും മാതാവു പറഞ്ഞു." ഇതു പറഞ്ഞപ്പോൾ ജസീന്തയുടെ കണ്ണുകൾ അശ്രുപൂർണ്ണങ്ങളായി.

"ഇല്ല; എന്റെ ജസീന്തേ, മാതാവ് അങ്ങനെ പറഞ്ഞു കാണുകയില്ല."

"പറഞ്ഞു. അങ്ങനെതന്നെ പറഞ്ഞു. ഫാത്തിമാ വിട്ടുപോയാൽ ഞാൻ ലൂസിയെയോ മറ്റു കുടുംബാംഗങ്ങളെയോ വീണ്ടും കാണുകയില്ലെന്നും, എന്റെ അമ്മപോലും ലിസ്ബണിൽനിന്നും എന്നെവിട്ടുപോരുമെന്നുംമാതാവുപറഞ്ഞു."

"ആശ്വാസകരമായ യാതൊന്നും മാതാവു പറഞ്ഞില്ലേ?" ലൂസി ആകാംക്ഷാപൂർവ്വം ചോദിച്ചു.

"അന്ത്യസമയത്തു മാതാവുതന്നെവന്ന് എന്നെ സ്വർഗ്ഗത്തേക്കു കൊണ്ടുപോകുമെന്നും, അതിനാൽ ഭയപ്പെടേണ്ടതില്ലെന്നും അറിയിച്ചു."

"മരിക്കുന്നതിന് ഏതാനും ദിവസം മുമ്പ് മാതാവു ഫ്രാൻസിസിനോടു പറഞ്ഞതും ഇതുതന്നെയായിരുന്നു."

"ഉവ്വ്; അതെനിക്കറിയാം."

കുറേനേരത്തേക്കു രണ്ടുപേരും ഹൃദയഭേദകമാംവണ്ണം പരസ്പരം നോക്കിക്കൊണ്ടിരുന്നു.

"ഇനി ഇതിനെപ്പറ്റി ഒന്നും ആലോചിക്കരുത്." ജസീന്തയുടെ രോഗാതുരമായ ശരീരം തലോടിക്കൊണ്ടു ലൂസി ഉപദേശിച്ചു.

"പക്ഷേ, എനിക്കതിനെപ്പറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ചിന്തിച്ചാലല്ലേ അതു ത്യാഗമാകയുള്ളു. ദൈവസ്നേഹത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി, സമയമുള്ളപ്പോൾ കഴിയുന്നിടത്തോളം സങ്കടങ്ങളനുഭവിക്കാൻ ഞാനാഗ്രഹിക്കുന്നു."

ദിവസങ്ങൾ അങ്ങനെ കഴിഞ്ഞു. 1920 ജനുവരി മദ്ധ്യത്തിൽ വിദഗ്ദ്ധനായ ഒരു കണ്ണുവൈദ്യൻ തീർത്ഥയാത്രയായി കോവയിൽ വന്നവഴി കുട്ടികളുടെ വീടുകളും സന്ദർശിച്ചു. ശ്വാസോച്ഛ്വാസത്തിനുപോലും നിവൃത്തിയില്ലാതെ ദുസ്സഹവേദനയനുഭവിച്ചുകൊണ്ടിരുന്ന ജസീന്തയെ കണ്ടിട്ട് അദ്ദേഹം അവളുടെ മാതാപിതാക്കന്മാരോടു പറഞ്ഞു: "നിങ്ങൾ കുട്ടിയെ ലിസ്ബണിലേക്കു കൊണ്ടുവരണം. എന്റെ സ്നേഹിതനായ ഒരു ഡാക്ടറുടെ ശസ്ത്രക്രിയകൊണ്ടു കുട്ടി തീർച്ചയായും പൂർണ്ണസുഖം പ്രാപിക്കും. അതിനു വേണ്ടിവരുന്ന ചെലവുകളൊന്നും നിങ്ങളറിയേണ്ടാ. എന്റെ മറ്റു ചില സ്നേഹിതന്മാർ അതു വഹിച്ചുകൊള്ളും."

കുട്ടിയുടെ മാതാപിതാക്കന്മാർ സംശയഭാവത്തിൽ പരസ്പരം നോക്കി. ജസീന്തയുടെ കാര്യത്തിൽ അവർക്കു വലിയ പ്രത്യാശയില്ലായിരുന്നു. എങ്കിലും സമർത്ഥന്മാരായ ഡാക്ടറന്മാരും നല്ല ആശുപത്രികളുമുള്ള ലിസ്ബണിൽക്കൂടെ ഒന്നു പരീക്ഷിച്ചാലെന്താണ്!......

"ജസീന്തയ്ക്ക് അതുകൂടി നിങ്ങൾ ചെയ്യേണ്ടതാണ്." തിരിഞ്ഞു ജസീന്തയോട്: "ജസീന്തേ, ലിസ്ബണിലേക്ക് ഒരു യാത്ര കുഞ്ഞ് ഇഷ്ടപ്പെടുന്നോ?"

"ഇല്ലില്ല. വെറുതേ സമയം മിനക്കെടുത്താമെന്നല്ലാതെ അതുകൊണ്ടു യാതൊരു ഗുണവുമുണ്ടാകയില്ല. പിന്നെ, ഒരു ശസ്ത്രക്രിയയുടെ ആവശ്യമെന്താണ്? എന്തൊക്കെയായാലും ഞാൻ വീണ്ടും സുഖം പ്രാപിക്കയുമില്ല" ജസീന്ത പറഞ്ഞു.

ജസീന്തയുടെ പ്രതിഷേധങ്ങളെല്ലാം വ്യർത്ഥമായി. ഏതാനും ദിവസങ്ങൾ കഴിഞ്ഞ് അമ്മയോടൊന്നിച്ചു ജസീന്ത ലിസ്ബണിലേക്കു പോകേണ്ടിവന്നു. പരിചിതമായ ഗ്രാമപ്രദേശത്തോടും അവിടത്തെ വൃക്ഷലതാദികളോടും കുന്നുകളോടും ആട്ടിൻപറ്റത്തോടും അവൾ അന്ത്യയാത്രപറഞ്ഞു. കുടുംബാംഗങ്ങളെയോ പ്രിയപ്പെട്ട ലൂസിയെയോ വീണ്ടുമൊരിക്കലും കാണുവാൻ സാധിക്കയില്ലെന്ന് അവൾക്കറിയാമായിരുന്നു. ആ നിത്യവിയോഗത്തിന്റെ വേദന പാപികൾക്കുവേണ്ടിയുള്ള ഒരു പരിഹാരബലിയായി അവൾ കാഴ്ചവച്ചു.



മാതാവ് ജസീന്തയ്ക്കു പ്രത്യക്ഷപ്പെടുന്നത്.

"വ്യാകുലപ്പെടാതിരിക്കു കുഞ്ഞേ! നമ്മുടെ മാതാവ് എത്ര ദയാനിധിയാണ്! നാം മാതാവിനോട് അപേക്ഷിക്കയാണെങ്കിൽ മാതാവു നിശ്ചയമായും നിന്റെ സുഖക്കേടു ഭേദമാക്കും." അമ്മ വാത്സല്യപൂർവ്വം മകളെ തലോടി ആശ്വസിപ്പിക്കാൻ ശ്രമിച്ചു. ജസീന്തയുടെ വാടിവിളറിയമുഖത്ത് പരിക്ഷീണമായ ഒരു പുഞ്ചിരിയുടെ നിഴലാട്ടമുണ്ടായി.

അവർ യഥാവസരം ലിസ്ബണിലെത്തി. ആശുപത്രിയിൽ പ്രവേശിക്കുന്നതിനു മുമ്പ് ജസീന്തയ്ക്കു വേറെ ചികിത്സകൾ നടത്തേണ്ടതുണ്ടായിരുന്നു. ഈ ചികിത്സാസമയത്ത് അവൾ പുറത്തൊരു വീട്ടിൽ താമസിക്കാനാണ് ഏർപ്പാടുചെയ്തിരുന്നത്. ജസീന്തയുടെ ദയനീയവും വിവശവുമായ നില കണ്ടപ്പോൾ അവളുടെ സംരക്ഷണഭാരമേല്ക്കാൻ ആ വീട്ടുകാർ വിസമ്മതിച്ചു. അതുകൊണ്ട് ഒളിമ്പിയ മകളെ പാർപ്പിക്കുവാൻ അത്ഭുതമാതാവിന്റെ അനാഥശാലയെ ആശ്രയിക്കേണ്ടിവന്നു.

ഇരുപതോളം അനാഥക്കുഞ്ഞുങ്ങളെ സംരക്ഷിച്ചിരുന്ന പ്രസ്തുത അനാഥശാലയുടെ ഭരണം നിർവഹിച്ചിരുന്നത് ശുദ്ധീകരണത്തിന്റെ മേരി (Sr. Mary of The Purification) എന്ന ഒരു കന്യാസ്ത്രീയായിരുന്നു. മതപീഡനകാലമായിരുന്നതിനാൽ സിസ്റ്റർ മേരി സഭാവസ്ത്രം ധരിക്കാതെ, സാധാരണവസ്ത്രമാണ് ഉടുത്തിരുന്നത്. സേവനതല്പരയായ സിസ്റ്റർ മേരിയെ അനാഥശാലയിലെ കുട്ടികൾ "തലതൊട്ടമ്മ"യെന്നു വിളിച്ചിരുന്നു. എങ്കിലും, അവർ ദൈവത്തിനു സ്വയം അർപ്പിക്കപ്പെട്ട ഒരു ആത്മാവാണെന്ന് അവൾക്കറിയാമായിരുന്നു.

ജസീന്തയ്ക്ക് ഒരുവിധം നടക്കാൻ കഴിയുമായിരുന്നതുകൊണ്ട് സൗകര്യമുള്ളപ്പോൾ പോയി ദിവ്യകാരുണ്യസന്ദർശനം നടത്തിക്കൊള്ളുവാൻ സിസ്റ്റർ മേരി അവളെ അനുവദിച്ചു. ജസീന്ത ചാപ്പലിനോടനുബന്ധിച്ചുള്ള ഒരു മുറിയിൽപോയി അവൾക്കനുവദിക്കപ്പെട്ടിടത്തോളം സമയം ദിവ്യസക്രാരിയിൽ നോക്കി ഭക്തിസ്നേഹപരവശയായി പ്രാർത്ഥിച്ചിരുന്നു. ഇൻഫ്ളുവൻസാ പിടിപെട്ടതുമുതൽ, ഒരു കൊല്ലത്തിലധികമായി അവൾക്ക് ആ ഭാഗ്യം നഷ്ടപ്പെട്ടിരിക്കയായിരുന്നു. അതു വീണ്ടും ലഭിച്ചപ്പോൾ ആ കൊച്ചു ത്യാഗിനിക്കുണ്ടായ ആത്മാനന്ദം അനിർവചനീയമായിരുന്നു. അതുപോലെതന്നെ പതിവായി ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനും, അങ്ങനെ ഈ ലോകത്തിൽ വച്ചുതന്നെ സ്വർഗ്ഗീയാനുഭൂതിയുണ്ടാകുന്നതിനും സാധിച്ചതിൽ അവൾക്ക് അതിയായ സന്തുഷ്ടിതോന്നി.

ജസീന്തയുടെ ഭക്തികണ്ട് സിസ്റ്റർ മേരിക്ക് അവളെക്കുറിച്ചു വലിയ മതിപ്പുണ്ടായി. ചില സംഗതികൾ അടുത്തറിഞ്ഞപ്പോൾ അവർ ആശ്ചര്യപരതന്ത്രയാകയാണുണ്ടായത്. ഒരുദിവസം സിസ്റ്റർ മേരി ജസീന്തയെ കാണുന്നതിനായി അവളുടെ മുറിയിൽ കയറിച്ചെന്നപ്പോൾ, "തലതൊട്ടമ്മ ഇപ്പോൾ വരില്ലേ! പരിശുദ്ധ കന്യക വരാനുള്ള സമയമായി," എന്ന് അവൾ പറഞ്ഞു

പരിശുദ്ധകന്യകയോ! പിന്നീട് സൗകര്യം കിട്ടിയപ്പോൾ സിസ്റ്റർ അവളോടു സംഗതികൾ വിവരമായി ചോദിച്ചുമനസ്സിലാക്കി. ആ സംഭാഷണത്തിൽനിന്നും, അനാഥശാലയിൽവച്ചുതന്നെ ദിവ്യജനനി പലപ്രാവശ്യം അവൾക്കു കാണപ്പെട്ടിട്ടുണ്ടെന്നും, വേ

*Rights reserved to Chev. Joseph Thaliath.

നേയധികമാകുന്ന സന്ദർഭങ്ങളിൽ അവളെ ആശ്വസിപ്പിച്ചിട്ടുണ്ടെന്നും, പാപം, യുദ്ധം, പൗരോഹിത്യം ഇവ സംബന്ധിച്ച ദീർഘമായി സംസാരിച്ചു എന്നും അവൾക്കു ബോദ്ധ്യപ്പെടുകയും ചെയ്തു.

"ആകട്ടെ. പരിശുദ്ധ കന്യക യുദ്ധത്തെപ്പററി എന്താണു പറഞ്ഞതു്? ഇത്ര ഭയങ്കരമായ ഒരു സംഗതി എന്തുകൊണ്ടു സംഭവിക്കുന്നു?" സിസ്റ്റർ മേരി ചോദിച്ചു.

പരിശുദ്ധ കന്യകയുടെ വാക്കുകൾ ഓർമ്മിക്കുന്നതിനായി അല്പനേരം മൗനമായിരുന്നിട്ടു് ജസീന്ത പറഞ്ഞു തുടങ്ങി:- "യുദ്ധം പാപത്തിനുള്ള ശിക്ഷയാണെന്നും തൻെറ തിരുക്കുമാരൻ ലോകത്തെ ശിക്ഷിക്കാൻ പോകുന്നതിനെ തടയാൻ തനിക്കു നിർവാഹമില്ലാത്ത ഘട്ടത്തിലെത്തിയിരിക്കയാണെന്നും മനുഷ്യർ പരിഹാരകർമ്മങ്ങളനുഷ്ഠിക്കണമെന്നും അങ്ങനെ ചെയ്താൽ ഒരിക്കൽക്കൂടി അവർക്കു മാപ്പുനല്കുന്നതാണെന്നും, ജീവിതരീതി നന്നാക്കിയില്ലെങ്കിൽ ശിക്ഷ വരികതന്നെ ചെയ്യുമെന്നും പരിശുദ്ധ ജനനി എന്നോടു പറയുകയുണ്ടായി."

ആ കുട്ടി തൻെറ പ്രായത്തിനും പരിചയത്തിനും ഉപരിയായ വിധത്തിൽ ഈ സംഗതികൾ ഇത്ര സ്പഷ്ടമായി വിവരിക്കുന്നതുകേട്ടു് സിസ്റ്റർ അത്ഭുതപ്പെട്ടുപോയി.

"മാതാവു പാപത്തെപ്പററി എന്താണു പറഞ്ഞതു്?" സിസ്റ്റർ തുടർന്നു ചോദിച്ചു.

"ഭൂരിപക്ഷമാളുകളും നരകത്തിൽ പോകാനിടയാക്കുന്ന പാപങ്ങൾ ശുദ്ധതയ്ക്കു വിരുദ്ധമായവയാണു്." ജസീന്ത പ്രതിവചിച്ചു.

"ശുദ്ധതയെന്നാലെന്താണെന്നു കുഞ്ഞിനറിയാമോ?" സിസ്റ്റർ പതുക്കെ ചോദിച്ചു.

"ഉവ്വ്. ശാരീരിക ശുദ്ധതയെന്നാൽ ചാരിത്രം പരിപാലിക്കുകയാണു്. ആത്മീയശുദ്ധതയെന്നുവച്ചാൽ പാപം ചെയ്യാതിരിക്കുകയും, സ്വന്തമല്ലാത്തവയെ കൊതിക്കുകയോ അന്യൻെറ വസ്തുക്കൾ മോഷ്ടിക്കുകയോ, കള്ളം പറയുകയോ ചെയ്യാതിരിക്കയും എന്തുതന്നെ വന്നാലും എപ്പോഴും സത്യം പറയുകയും ചെയ്യുകയെന്നാണർത്ഥം."

"നിന്നെ ഇവയെല്ലാം ആരു പഠിപ്പിച്ചു?"

"പരിശുദ്ധ കന്യക. ചിലതെല്ലാം ഞാൻ തന്നെത്താൻ പഠിച്ചതുമാണു്."

സിസ്റ്റർ മേരി അത്യധികം വിസ്മയിച്ചു. വികാരത്തെ നിയന്ത്രിച്ചുകൊണ്ടു് അവർ ചോദിച്ചു:- "പൗരോഹിത്യത്തെപ്പററി നമ്മുടെ മാതാവു് എന്തു പറഞ്ഞു?"

"പുരോഹിതർ ശുദ്ധതയുള്ളവരായിരിക്കണമെന്നു്, വളരെ ശുദ്ധതയുള്ളവരായിരിക്കണമെന്നു്, മാതാവു പറഞ്ഞു. സഭയേയും ആത്മാക്കളേയും സംബന്ധിക്കാത്ത യാതൊരു സംഗതിയിലും അവർ വ്യാപൃതരാകരുതു്. മേലധികാരികളോടും പരിശുദ്ധ പിതാവിനോടുമുള്ള വൈദികരുടെ അനുസരണക്കേടു്, നമ്മുടെ കർത്താവിനെ വളരെയധികം അസന്തുഷ്ടനാക്കുന്നുണ്ടു്."

"മാതാവു കൂടുതലായി വല്ലതും പറഞ്ഞോ കുഞ്ഞേ?"

"ഭൂമിയിലുള്ള ഭരണകൂടങ്ങൾക്കുവേണ്ടി നാം പ്രാർത്ഥിക്കണം. ഒരു രാജ്യത്തെ ഗവമെൻറു് സഭയ്ക്കു സമാധാനവും സ്വാതന്ത്ര്യവുമനുവദിക്കുന്നപക്ഷം ആ രാജ്യം ദൈവത്താൽ അനുഗൃഹീതമാകും."

ദീർഘനേരത്തെ സംഭാഷണം ജസീന്തയെ കൂടുതൽ ക്ഷീണിപ്പിക്കുമെന്നു കരുതി സിസ്റ്റർ സംഭാഷണം ദീർഘിപ്പിച്ചില്ല. എങ്കിലും അവർ കൂടെക്കൂടെ ജസീന്തയുമായി കുറേശ്ശെ സംസാരിച്ചുകൊണ്ടിരുന്നു.

ആ സംഭാഷണങ്ങളിൽനിന്നു്, നടക്കുവാനിരിക്കുന്ന ശസ്ത്രക്രിയ പരാജയപ്പെട്ടുപോകുമെന്നും, അവളുടെ സഹോദരികളായ ഫ്ളോറിഡയും ത്രേസ്യയും അധികം താമസിയാതെ മൃതിയടയുമെന്നും പരിശുദ്ധ കന്യക ജസീന്തയോടു പറഞ്ഞതായി ആ സന്യാസിനി ഗ്രഹിച്ചു.

"ഞാൻ ആദ്യകുർബാന കൈക്കൊണ്ട ദിവസത്തെ വസ്ത്രങ്ങളും നീല നിറത്തിലുള്ള അരക്കെട്ടും ധരിപ്പിച്ചു് എൻെറ ശവമടക്കുവാൻ ദയവുണ്ടാകണമേ!" ജസീന്ത പ്രാർത്ഥിച്ചു. "മാതാവിനിഷ്ടപ്പെട്ട നിറങ്ങൾ നീലയും വെള്ളയുമാണെന്നു് അറിയാമല്ലോ."

ഫെബ്രുവരി രണ്ടാംതീയതി ജസീന്തയെ അനാഥശാലയിൽനിന്നും വി. സ്തീഫൻെറ ആശുപത്രിയിലേക്കു കൊണ്ടുപോയി. എട്ടു ദിവസത്തിനുശേഷം അവൾ ശസ്ത്രക്രിയക്കു വിധേയയായി. ലിസ്ബണിലെ അതിവിദഗ്ദ്ധനായ ഒരു സർജൻ—ഡാക്ടർ ലയനാർദോ ദി കാസ്റ്റ്റോഫെറയിറായാണു് ശസ്ത്രക്രിയനടത്തിയതു്. രണ്ടു വാരിയെല്ലുകൾ ഛേദിക്കപ്പെട്ടു. ശസ്ത്രക്രിയ ഫലപ്രദമായതായി എല്ലാവർക്കും തോന്നി. പക്ഷേ വ്രണങ്ങളിൽനിന്നുള്ള വേദന അതിദുസ്സഹമായി. ജസീന്ത മുമ്പിലത്തെക്കാൾ കഠോരതരമായ യാതനയനുഭവിച്ചു. നിരീശ്വരന്മാരായ അവിടത്തെ ഡാക്ടറന്മാരും നേഴ്സുകളും ദൈവമില്ലെന്നും മററും പറയുന്നതുകേട്ടപ്പോൾ അവൾ തൻെറ ശാരീരികവേദനകളെല്ലാം മറന്നു് താഴെക്കാണുംപ്രകാരം മൃദുസ്വരത്തിൽ പറഞ്ഞു:- "എത്ര നിർഭാഗ്യവാന്മാരാണിവർ! ഇവർ തങ്ങൾക്കു സംഭവിക്കാൻപോകുന്നതെന്താണെന്നറിയുന്നില്ല. നിത്യതയെപ്പററി ഇവർക്കു വല്ലതുമറിയാമായിരുന്നെങ്കിൽ, തങ്ങളുടെ ജീവിതം നന്നാക്കുന്നതിനായി ഇവർ എന്തെല്ലാം ചെയ്യുമായിരുന്നില്ല!"

ഓരോ ദിവസം കഴിയുംതോറും ജസീന്ത കൂടുതൽക്കൂടുതൽ വിവശയായി കാണപ്പെട്ടു. സിസ്റ്റർ മേരി പതിവായി ആ കൊച്ചുരോഗിണിയെ സന്ദർശിച്ചു് ആശ്വസിപ്പിച്ചുകൊണ്ടിരുന്നു.

ഒരുദിവസം ജസീന്ത സ്വസ്ഥമായി കിടക്കുന്നതായി സിസ്റ്റർ മേരി കണ്ടു.

"അല്ലാ, ജസീന്തേ! നിൻെറ രോഗത്തിനു വളരെ ശമനം കിട്ടിയതുപോലെ തോന്നുന്നല്ലോ. എത്ര നന്നായി!"

ജസീന്ത മന്ദഹസിച്ചു:-"ഇല്ലമ്മേ. മാതാവു വീണ്ടും എനിക്കു പ്രത്യക്ഷപ്പെട്ടു. എന്നെ കൊണ്ടുപോകാനായി ഉടൻതന്നെ വരാമെന്നു പറഞ്ഞു് മാതാവു് എൻെറ വേദനമുഴുവൻ നീക്കിക്കളഞ്ഞു. ഒരു നേരിയവേദനപോലുംഎനിക്കില്ല."

സിസ്റ്റർ മേരി വിസ്മയിച്ചു് കട്ടിലിനരികിലേക്കു നീങ്ങിനിന്നു. ജസീന്ത കൈയനക്കിക്കൊണ്ടു് വിലക്കി:-"ദയവായി അവിടെ നില്ക്കല്ലേ, അമ്മേ! നമ്മുടെ മാതാവു വന്നുനിന്ന സ്ഥലമാണതു്, ഇങ്ങോട്ടു മാറിനില്ക്കണേ."

സിസ്റ്റർ അപ്രകാരം ചെയ്തു. ജസീന്ത മാതാവിൻെറ ഒടുവിൽക്കഴിഞ്ഞ ദർശനരംഗം അവരെ വിവരിച്ചുകേൾപ്പിച്ചു.

"ശുദ്ധതയ്ക്കു വിരുദ്ധമായ പാപങ്ങളാൽ ഒട്ടേറെ ആത്മാക്കൾ നരകത്തിൽ പോകുന്നതിനാൽ മാതാവു വളരെ ദുഃഖിതയായി കാണപ്പെട്ടു. ജനങ്ങൾ പാപത്തിൽ വീഴാതിരിക്കയും സുഖലോലുപമായ അവരുടെ ജീവിതത്തിൽനിന്നു പിന്തിരിഞ്ഞു മാറുകയുംവേണം. അവർ വലിയ പരിഹാരകർമ്മങ്ങൾ അനുഷ്ഠിക്കേണ്ടതും അത്യന്താപേക്ഷിതമാണു്..."

"ഇതു പറഞ്ഞപ്പോൾ മാതാവു വളരെ ദുഃഖിതയായി കാണപ്പെട്ടു; ഇല്ലേ?"

"അതെ; വളരെ വളരെ ദുഃഖിതയായി. അതുകണ്ടപ്പോൾ അവിടുത്തെ നേരെ, എനിക്കും വളരെ സഹതാപം തോന്നി."

നിമിഷനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം കട്ടിലിനടുക്കലേക്കു തല ചായിച്ചുകൊണ്ടു് സിസ്റ്റർ മേരി ചോദിച്ചു:-"ജസീന്തേ, നിനക്കു നിൻെറ അമ്മയെ കാണണമോ?"

"എൻെറ കുടുംബം ഭൂമിയിൽ ഇനി വളരെനാൾ നിലനില്ക്കയില്ല. സ്വർഗ്ഗത്തിൽവച്ചു് അധികം താമസിയാതെ ഞങ്ങൾക്കെല്ലാവർക്കുംകൂടി ഒരുമിച്ചു കാണാം."

ഫെബ്രുവരി 20-ാം തീയതി, ജസീന്തയുടെ ശസ്ത്രക്രിയ കഴിഞ്ഞു. പത്തുദിവസത്തിനുശേഷം, ജസീന്ത കൂദാശകൾ സ്വീകരിക്കുവാൻ ആഗ്രഹിച്ചു. അതൊരു വെള്ളിയാഴ്ച വൈകുന്നേരമായിരുന്നു. രാത്രി എട്ടുമണിയോടുകൂടി ഒരു വൈദികൻവന്നു് ജസീന്തയെ കുമ്പസാരിപ്പിച്ചു. അപ്പോൾ വിശുദ്ധ കുർബാനകൊടുക്കത്തക്ക അടിയന്തിരാവസ്ഥയിലായിരുന്നു ജസീന്തയെന്നു് അദ്ദേഹത്തിനു ബോദ്ധ്യമായില്ല.

"നീ മരണാപകടത്തിലൊന്നുമല്ല കുഞ്ഞേ! ഇന്നു വൈകുന്നേരം, വാസ്തവത്തിൽ നിനക്കു സുഖമുള്ളതുപോലെ തോന്നുന്നു." വൈദികൻ പറഞ്ഞു.

ഇതു കേട്ട ജസീന്തയുടെ കണ്ണുകളിൽ കണ്ണീർ നിറഞ്ഞു. മിക്കവാറും രണ്ടു മണിക്കൂറിനുള്ളിൽ അവൾ മരിക്കും. അവളുടെ മരണത്തിൻെറ തീയതിയും മണിക്കൂറും മാതാവു് അവളോടു് ആയിടയ്ക്കു പറഞ്ഞിട്ടുണ്ടായിരുന്നു. പക്ഷേ ആ വിവരം വൈദികനെ മനസ്സിലാക്കുവാനും, വിശുദ്ധ കുർബാന വഴിയായി നമ്മുടെ കർത്താവിനെ ഒരിക്കൽക്കൂടി സ്വീകരിക്കാനും നിവൃത്തിയില്ലാതായി.

അതു് പാപികൾക്കുവേണ്ടിയുള്ള അവസാനത്തെ മഹാത്യാഗമായി അവൾ കാഴ്ചവച്ചു.

വിമർശനവീഥി

# വൈദികബ്രഹ്മചര്യത്തിനു പൗലോസ് ശ്ലീഹാ എതിരല്ല

കത്തോലിക്കാ തിരുസഭ വൈദികഗണത്തിൻെറ ബ്രഹ്മചര്യം സംബന്ധിച്ചു സ്വീകരിച്ചിരിക്കുന്ന നിയമങ്ങളും നടപടികളും പുതിയ നിയമസാക്ഷ്യങ്ങൾക്കും ആദിമസഭയിലെ പാരമ്പര്യങ്ങൾക്കും ഏററവും അനുയോജ്യമാണെന്നു് കഴിഞ്ഞലക്കങ്ങളിൽ ഞങ്ങൾ വിശദീകരിച്ചിരുന്നല്ലോ. എന്നാൽ ഈ വിഷയത്തെപ്പററി ചോദ്യങ്ങൾ എഴുതി അയച്ച മാന്യൻ വൈദികബ്രഹ്മചര്യത്തിനു് എതിരാണെന്നു് അദ്ദേഹം വിചാരിക്കുന്ന പൗലോസ് ശ്ലീഹായുടെ ചില വാക്യങ്ങൾ ഞങ്ങൾക്കയച്ച കത്തിൽ ഉദ്ധരിച്ചിരിക്കുന്നു. ആ വാക്യങ്ങളുടെ ശരിയായ അർത്ഥം എന്തെന്നാണു് ഇനി പരിശോധിക്കുവാനുള്ളതു്.

"ഏകഭാര്യയുടെ ഭർത്താവു്"

"അദ്ധ്യക്ഷൻ (ബിഷോപ്പ്) ഏകഭാര്യയുടെ ഭർത്താവും, നിർമ്മലനും, ജിതേന്ദ്രിയനും, സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവനും, മക്കളെ പൂർണ്ണഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കണം. സ്വന്തകുടുംബത്തെ ഭരിക്കാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും?" (1 തിമോഥെയോസ് 3: 2-4)

"ശുശ്രൂഷകന്മാർ (വൈദികർ?) ഏകഭാര്യയുള്ള ഭർത്താക്കന്മാരും മക്കളെയും സ്വന്തകുടുംബത്തേയും നന്നായിഭരിക്കുന്നവരും ആയിരിക്കണം." (3: 12)

പൗലോസ് ശ്ലീഹാ തൻെറ ശിഷ്യനും താൻ മെത്രാൻപട്ടം കൊടുത്തവനുമായ തിമോത്തേവൂസിനു് എഴുതിയ ലേഖനത്തിലെ ഈ വാക്കുകൾ മെത്രാൻസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെടുന്നവർക്കുണ്ടായിരിക്കേണ്ട നാനാതരം ഗുണങ്ങളെ വിവരിക്കുകയാണു്. "ഒരു ഭാര്യയുടെ ഭർത്താവായിരിക്കണം" എന്നതാണു് അവയിലൊന്നു്. ഈ വാക്കുകളുടെ അർത്ഥം ഒന്നിലധികം ഭാര്യമാരുടെ ഭർത്താവായിരുന്നുകൂടായെന്നാണു്; അല്ലാതെ വിവാഹം ചെയ്തേ കഴിയൂയെന്നും, അങ്ങനെ ഒരു ഭാര്യയുള്ളവനായിരിക്കുവാൻ നിർബന്ധം ഉണ്ടെന്നും അല്ല. മെത്രാൻസ്ഥാനം വഹിക്കുന്നയാൾ വിവാഹിതനായിരിക്കുവാൻ വിരോധമില്ലെന്നു ശ്ലീഹാ ഈ വാക്കുകളിൽ സമ്മതിക്കുന്നു; എന്നാൽ ഒന്നിലധികം ഭാര്യമാരെ ഒരേസമയത്തു സ്വീകരിച്ചിരിക്കുന്നവനോ, ഭാര്യ മരിച്ചുശേഷം പുനർവിവാഹത്താൽ രണ്ടാമതൊരു ഭാര്യയെ സ്വീകരിക്കുന്നവനോ ആയിരിക്കരുതെന്നു ശ്ലീഹാ വിലക്കുകയും ചെയ്യുന്നു. ആകയാൽ മെത്രാന്മാർ എല്ലാവരും വിവാഹിതരായിരിക്കണമെന്നുള്ള കല്പനയല്ല, പ്രത്യുത ദ്വിഭാര്യാത്വം സംബന്ധിച്ചുള്ള നിരോധനം ആണു് പ്രസ്തുത വാക്യത്തിൽ അടങ്ങിയിരിക്കുന്നതെന്നു സ്പഷ്ടമാണല്ലോ. ഈ നിരോധനം വൈദികർക്കു വിവാഹം അനുവദിച്ചിട്ടുള്ള കത്തോലിക്കാ പൗരസ്ത്യസഭകളിൽ പരിപൂർണ്ണമായും അകത്തോലിക്കാസഭകളിൽ സാമാന്യമായും ഇന്നും നിലവിലിരിക്കുന്നുണ്ടെന്നുംകഴിഞ്ഞൊരു ലേഖനത്തിൽ ഞങ്ങൾ സൂചിപ്പിച്ചിരുന്നതാണു്.

"എന്നാൽ ഭാവികാലത്തു് ചിലർ വ്യാജാത്മാക്കളേയും ഭൂതങ്ങളുടെ ഉപദേശങ്ങളേയും ആശ്രയിച്ചു ഭോഷ്ക്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവു തെളിവായി പറയുന്നു. അവർ സ്വന്തമനസ്സാക്ഷിയിൽ ചൂടുവെച്ചവരായി (തഴമ്പിച്ചവരായി) വിവാഹം വിലക്കുകയും സത്യത്തെ ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കേണം എന്നു കല്പിക്കയും ചെയ്യും." (1 തിമോ. 4: 1-3.)

പൗലോസ് ശ്ലീഹാ ഈ വാക്കുകളിൽ നല്കുന്ന ഉൽബോധനം വൈദികഗണത്തെപ്പററിമാത്രമോ അവരുടെ ബ്രഹ്മചര്യത്തെപ്പററിയോ അല്ല; പ്രത്യുത പൊതുവിൽ ക്രിസ്ത്യാനികളെപ്പററിയും അവരുടെ സാമാന്യമായ ജീവിതത്തെപ്പററിയുമാണു്. ശ്ലീഹായുടെ കാലത്തുതന്നെ ശ്ലീഹാന്മാർ പഠിപ്പിച്ച സുവിശേഷതത്വങ്ങൾക്കു യോജിക്കാത്ത ഉപദേശങ്ങൾ നല്കിയിരുന്ന വ്യാജോപദേഷ്ടാക്കൾ ഉണ്ടായിരുന്നല്ലോ. അവരിൽ ഒരു കൂട്ടരായിരുന്നു നോസ്റ്റിക് (Gnostics) എന്നറിയപ്പെടുന്ന ഇടത്തുടുകാർ. അവർ പഠിപ്പിച്ച ദുരുപദേശങ്ങളിലൊന്നു വിവാഹം സ്വതവേ നിഷിദ്ധമാണെന്നായിരുന്നു. ഈ വിവാഹനിരോധനമാകട്ടെ ആത്മസംയമനത്തിൻെറ ഫലമായിരിക്കണമെന്നല്ല, പിന്നെയോ ദുർമ്മോഹങ്ങളുടെ അനിയന്ത്രിതമായ പ്രവൃത്തനത്തിനുള്ള ഒഴിവുകഴിവായിട്ടാണു് അവർ നിർദ്ദേശിച്ചതു്. വിഷയലംബടന്മാർക്കുമാത്രം യോജിച്ചതായ ഈ ദുരുപദേശത്തെയാണു് ശ്ലീഹാ പ്രസ്തുത വാക്കുകളിൽ അപലപിക്കുന്നതു്. പിശാചിൻെറ ഉപദേശം എന്നുതന്നെ ശ്ലീഹാ അതിനെ നാമകരണം ചെയ്തിരിക്കുന്നു. "വിവാഹം വിലക്കുകയും...... ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കേണമെന്നു കല്പിക്കുകയും" ചെയ്യുന്നുവെന്നുള്ള വാക്കുകൾ സൂക്ഷിക്കുക. ചില ഭോജ്യങ്ങളെ വർജ്ജിക്കേണമെന്നുള്ള കല്പനപോലെതന്നെ വിവാഹത്തിൻെറ വിലക്കും വൈദികരെ സംബന്ധിച്ചല്ല, പ്രത്യുത വിശ്വാസികളെ പൊതുവിൽ സംബന്ധിച്ചാണു് പരാമർശിക്കുന്നതെന്നു സ്പഷ്ടമാണല്ലോ.

ചോദ്യകാരൻ വേറൊന്നുകൂടി പറയുന്നുണ്ടു്. "വേദപുസ്തകത്തിൽ ആരെങ്കിലും വിവാഹം കഴിച്ചവരായിരിക്കേണം എന്നു പറഞ്ഞിട്ടുണ്ടെങ്കിൽ അതു് സഭാഭരണം നടത്തുന്ന അദ്ധ്യക്ഷൻ (മൂപ്പൻ, ഇടയൻ) സഭാ ശുശ്രൂഷകന്മാർ എന്നിവരാണു്. കർത്തൃവേല ചെയ്യുന്ന ഒരു സുവിശേഷകൻ വിവാഹിതനായിരിക്കേണം എന്നു തിരുവെഴുത്തു പറയുന്നില്ല എന്നുള്ളതു് വാസ്തവം."

പട്ടസ്ഥാനം സ്വീകരിച്ചിട്ടുള്ളവരാണല്ലോ സഭാഭരണം നടത്തുന്നവരും സഭാശുശ്രൂഷകന്മാരും. മെത്രാന്മാരും വൈദികരും ഇവരിൽ ഉൾപ്പെടുന്നു. ഇവർ വിവാഹിതരായിരിക്കുവാൻ കല്പിക്കുന്ന യാതൊരു സാക്ഷ്യവും പുതിയ നിയമത്തിൽ ഇല്ലെന്നു സമർത്ഥിച്ചുകഴിഞ്ഞതാണല്ലോ. എന്നു മാത്രമല്ല, അവർ അവിവാഹിതരായിരിക്കുന്നതു് അവരുടെ ഉദ്യോഗത്തിനു വളരെ യോജിച്ചതും അവരുടെ പുണ്യപൂർണ്ണതയെ വളരെ സഹായിക്കുന്നതുമാണെന്നു പൗലോസ് ശ്ലീഹാ സ്പഷ്ടമായി ഉൽബോധിപ്പിച്ചിട്ടുണ്ടെന്നും നാം കണ്ടുകഴിഞ്ഞു. തൻെറ സ്വന്തം മാതൃക ആ ഉൽബോധനം സ്ഥിരീകരിക്കുവാൻ ശ്ലീഹാ ചൂണ്ടിക്കാണിക്കുകയും ചെയ്തിരിക്കുന്നു. പൗലോസ് ശ്ലീഹായെപ്പോലെ സഭാഭരണം നടത്തുന്ന അദ്ധ്യക്ഷനായും മൂപ്പനായും ഇടയനായും, സഭാശുശ്രൂഷകനായും മററാരുണ്ടു്? താൻ സാക്ഷാൽ ശ്ലീഹായാണെന്നും ആ നിലയിൽ മററു ശ്ലീഹന്മാരോടു തുല്യനാണെന്നും പൗലോസ് എത്ര വളരെ വാദിച്ചിട്ടുണ്ടെന്നു അദ്ദേഹത്തിൻെറ ലേഖനങ്ങൾതന്നെ വിളിച്ചുപറയുന്നുണ്ടല്ലോ. ആകയാൽ മെത്രാന്മാരും വൈദികരും വിവാഹിതരായിരിക്കണമെന്നുള്ള അഭിപ്രായത്തിനു പുതിയ നിയമത്തിൽ യാതൊരാധാരവുമില്ലെന്നുള്ളതു് തീർച്ചതന്നെ.

# ആ മധുരമംഗലസന്ദേശം

(ജയിംസ് കെ. സി. മണിമല)

ഉദ്ദീപ്തമായ ഒരു പ്രഭാതം. ഉഷസ്സിന്റെ കിരണങ്ങളിൽ ഓളമിളക്കിക്കൊണ്ട് ആ പെൺകൊടി നടന്നു നീങ്ങുന്നു. അവളാരാണ്?

അഴൽപ്പരപ്പിൽ അഴകിൽനിന്നു പൊട്ടിക്കിളുർത്ത ഒരു ഹേമലത! താരുണ്യത്തിന്റെ ലാവണ്യത്തിലും, ചാപല്യത്തിന്റെ മാലിന്യം കലരാത്ത പവിത്രകന്യക!! യഹൂദജനതയുടെ ആഭിജാത്യത്തിൽ നിറഞ്ഞുതിങ്ങുന്ന നൈർമ്മല്യമാണ് അവളുടെ മുഖശോഭ. അലൗകികമായ ചൈതന്യരശ്മികളാണ് ആ കടക്കണ്ണുകൾ ചൊരിയുന്നത്; അതിമൃദുലമായ ആ പദവിന്യാസത്തിൽ പ്രതിധ്വനിക്കുന്നുണ്ട് നിത്യശാന്തിയുടെ ഒരു മണികിലുക്കം!!...അവളാരാണ്?

* * *

ആകർഷകത്വത്തിന്റെ പിറകെ ഭ്രാന്തുപിടിച്ചോടുന്ന വികാരതരളമായ നരഹൃദയത്തെ നിറുത്തി ചിന്തിപ്പിക്കുന്ന സൗന്ദര്യപ്പൊരുൾ! ക്ഷണികതയുടെ പ്രവണതകളെ സ്വർഗ്ഗസങ്കേതത്തിലേക്കു നയിച്ചുകൊള്ളുന്ന ശാശ്വതശാലീനതയുടെ നിർച്ചാൽ!! അനഘവും അലോകസുന്ദരവുമായ അമലജന്മത്താൽ ആരാധ്യയായ നിത്യകന്യക!! അവൾ സൗന്ദര്യത്തിന്റെ സത്താണ്; ചാരിത്ര്യത്തിന്റെ ചാരുപ്രഭയാണ്; മനോജ്ഞതയുടെ മഹിമാവാണ്:-

അവൾ അമലോത്ഭവയാകുന്നു... പാപത്തിന്റെ ദാസ്യത്തിൽ പൈശാചികമായി അധഃപതിച്ചുപോയ മനുഷ്യത്വത്തിന്റെ വിജയവൈജയന്തിയാണ് അമലോത്ഭവത്വം. താത്വികർ ചിന്തിച്ചു; യുക്തിവാദികൾ പരിശോധിച്ചു; ചരിത്രകാരന്മാർ ചർച്ച ചെയ്തു. പക്ഷെ, അജ്ഞാതമാണ്,...അസ്പൃശ്യമാണ്! അലഭ്യമാണ്, ആ രഹസ്യം—

അവൾ കന്യകയാണ്:-

അനശ്വരതയുടെ കവാടത്തിലേക്കുള്ള പൂവിരിച്ച പാതയാണു കന്യാത്വം. ജഡത്തിന്റെ പ്രേരണകളെ, ജീവിതത്തിന്റെ പ്രലോഭനങ്ങളെ ചങ്കുറപ്പോടെ ചെറുത്തുനിന്നുകൊണ്ടു ഹൃദയത്തെ സംയമനത്തിന്റെ തങ്കനൂലിൽ ബന്ധിച്ചു ജഗന്നാഥനു കാഴ്ചവയ്ക്കുന്ന ദിവ്യാനുഭൂതി! ശരീരശാസ്ത്രജ്ഞർ ഇനിയും പഠിച്ചുകഴിഞ്ഞില്ല, കന്യാത്വത്തിന്റെ ഘടനാവിലാസങ്ങൾ; കലാകാരന്മാർ കണ്ടിട്ടില്ല, അതിന്റെ മാറ്റേറിയ മഹിമാതിരേകങ്ങൾ. യുദ്ധവിദഗ്ദ്ധന്മാർ ഗ്രഹിച്ചിട്ടില്ല, ആ മഹാമത്സരത്തിന്റെ തന്ത്രപാടവങ്ങൾ!! പണ്ഡിതലോകത്തിനു ഇനിയും അപ്രാപ്യമാണ് നിത്യകന്യാവ്രതത്തിന്റെ പ്രാഗത്ഭ്യങ്ങൾ.

* * *

വിണ്ടലത്തിന്റെ നീരന്ധ്രനീലിമയിൽ ഒരു വെട്ടിത്തിളങ്ങൽ. ശുഭ്രസുന്ദരമായ ഒരു പ്രഭാപടലം അതാ രൂപംകൊള്ളുന്നു; ഉജ്ജ്വലാംബരധാരിയായ ഒരു ദൈവദൂതൻ, —വിശുദ്ധ ഗാബ്രിയേൽ!

വ്യോമവീഥിയിൽ കിക്കിളിയിളക്കിക്കൊണ്ടു ആ തേജോരൂപം കന്യാംബികയുടെ മുമ്പിൽ കൂപ്പുകൈയോടെ നിലകൊണ്ടു:- "നന്മനിറഞ്ഞവളേ! നിനക്കു സ്വസ്തി."—ശബ്ദമണ്ഡലത്തിൽനിന്നു കടഞ്ഞെടുക്കപ്പെട്ട രണ്ടു മൂന്നു മധുരവചസ്സുകൾ! കാതും കരളും കവരുന്ന കാവ്യഭംഗികൾ അതിൽ ഉടനീളം ഓളംതല്ലി. വിശ്വസാഹിത്യം അതിന്റെ പഴയ ഏടുകൾ മറിച്ചുനോക്കി. ആ വാക്യത്തിന്റെ അർത്ഥഗാംഭീര്യത്തിന്റെ മുമ്പിൽ "സഹാറാ"പോലെ നീണ്ടുനിവന്നു കിടന്നു, ആ വിസ്തൃതപക്ഷങ്ങൾ! പണ്ഡിതലോകം പൗരാണികവ്യുല്പത്തിയുടെ വെളിച്ചത്തിൽ അതപഗ്രഥിച്ചുനോക്കി. പക്ഷെ ശൂന്യസ്ഥലങ്ങൾപോലെ തണുത്തുമരവിച്ചുപോയി, ആ പ്രഗത്ഭപാണ്ഡിത്യം.

കന്യക നിന്നിമേഷയായിനിന്നുപോയി. ഒരു സ്വർഗ്ഗീയസംഭ്രമം;—ആനന്ദനിർവൃതി; അവൾ രോമാഞ്ചകഞ്ചുകമണിഞ്ഞു; ഒന്നുകൂടെ സൂക്ഷ്മാവലോകനം ചെയ്തു—ശ്രദ്ധിച്ചു,—അതെ അതൊരു ദിവ്യചൈതന്യം ഉടലെടുത്തതാണ്; —എങ്കിലും ഒരു പുരുഷരൂപം!—

"യോഷാമണേ!" ആ മധുരസ്വരം പിന്നെയും മാറ്റൊലികൊണ്ടു. "സർവ്വേശ്വരൻ നിന്നോടുകൂടെയുണ്ട്. നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിന്റെ ഉദരത്തിന്റെ പവിത്രഫലമായ ഈശോ സർവ്വഥാ സംസ്തുതനാകുന്നു."

അവളുടെ കന്യാത്വത്തിനു ഒരു കോരിത്തരിപ്പ്!! അന്തരംഗത്തിൽ ആകസ്മികമായി ഒരു നടുക്കം!!

"സ്വാമിൻ എനിക്കു പുരുഷസമ്പർക്കമില്ല: പിന്നെ എങ്ങനെ ഇതു സംഭവിക്കും?" ഉൽകണ്ഠാഭരിതമായ കളനിസ്വനം ആ ദിവ്യസന്ദേശത്തിനു സമാന്തരമായി വായുമണ്ഡലത്തിൽ തരംഗമിളക്കി. അതെ തന്റെ അനശ്വരസമ്പത്ത് — അതുല്യസൗകുമാര്യം— അക്ഷയചൈതന്യം;—കന്യാത്വം! അതിനെ ബലികഴിക്കണമെങ്കിൽ ദൈവമാതൃത്വത്തെ സ്വാഗതം ചെയ്യാൻ നിവൃത്തിയില്ലതന്നെ.

"മേരി, ഭയപ്പെടേണ്ടാ" ദിവ്യദൗത്യം പിന്നെയും മുഴങ്ങി. "അതാ ദിവ്യരൂപി ആഗതനാവും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. അതിനാൽ നിന്നിൽനിന്നു പിറക്കുന്നവൻ പരിശുദ്ധനാകുന്നു. അയാൾ ദൈവപുത്രൻ എന്നു വിളിക്കപ്പെടുകയും ചെയ്യും." (St Luke 1-35)

"ദൈവത്തിന്റെ ദാസി ഇതാ, അവിടുത്തെ തിരുവിഷ്ടംപോലെ എന്നിൽ സംഭവിച്ചുകൊള്ളട്ടെ." വിനയത്തിന്റെ പാരമ്യത്തിലേക്ക് അവിടുന്നു സ്വയം ഇഴിഞ്ഞിറങ്ങി. അനുക്ഷണം "വചനം മാംസമായി" ആ നിത്യകന്യകയുടെ തിരുവുദരത്തിൽ പള്ളികൊള്ളുന്നു.

* * *

ഒരു തടിത്പ്രഭാചാഞ്ചല്യം. കണ്ണിമയ്ക്കുന്നതിനുമുമ്പ് ആ ദിവ്യസന്ദേശവാഹകൻ തിരോഭവിച്ചു. ആ കന്യക മാതാവായി; ഹാ, കറയറ്റ കന്യാവ്രതത്തിൽ കിടയറ്റ മാതൃത്വം!! ശരീരശാസ്ത്രജ്ഞന്റെ നെറ്റിയിൽ ചുളിവീഴ്ത്തുന്ന—സാമൂഹ്യചിന്തകന്റെ ലലാടം വിയർപ്പിക്കുന്ന, ഒരു സനാതനദിവ്യരഹസ്യം!!

വാനലോകത്തിൽ അതിശയഭരിതമായ ആഹ്ളാദവിലാസങ്ങൾ—മണ്ണും വിണ്ണും തമ്മിൽ കൂട്ടിയിണക്കുന്ന ഒരു ശൃംഖലയായി അഖിലേശ്വരന്റെ ദിവ്യവ്യക്തിത്വം മനുഷ്യസ്വഭാവം സ്വീകരിച്ചു കഴിഞ്ഞു!! ആഴിയുടെ അപാരതയിലോ അന്തരീക്ഷത്തിന്റെ അമേയതയിലോ ഒതുങ്ങാത്ത അവിടുത്തെ മഹോന്നത മഹിമകൾ ഒരു മാനിനിമണിയുടെ ഉദരകന്ദരത്തിൽ ഒതുങ്ങിപ്പോയി!!!

നരലോകത്തിലേറി തകർന്ന പ്രതീക്ഷകൾ ഉണർവ്വും ഉയിരും പൂണ്ടു. നൂററാണ്ടുകൾക്കുമുമ്പുള്ള പാപഭാരത്താൽ ഞെങ്ങിഞെരിഞ്ഞു ശ്വാസംമുട്ടിയ മനുഷ്യത്വം ഒന്നു നെടുവീർപ്പിട്ടു. യാഥാസ്ഥിതികത്വം വടിയോങ്ങിക്കൊണ്ടു മിണ്ടടക്കി നിറുത്തിയിരിക്കുന്ന സാധുസഹസ്രങ്ങൾ ആശ്വാസപൂർവ്വം ഒന്നു പുഞ്ചിരിക്കൊണ്ടു. സ്വേച്ഛാപ്രഭുത്വവും, വിത്തപ്രതാപവും തങ്കലിപികളിൽ എഴുതിക്കൂട്ടിയിരുന്ന ആ പഴയഗ്രന്ഥത്തിന്റെ താളുകൾ ഒന്നടങ്കം മറിഞ്ഞുപോയി. നിരാലംബരുടെ കണ്ഠരന്ധ്രങ്ങളിൽ അലിവിന്റെയും സഹതാപത്തിന്റെയും മംഗളധ്വനികൾ മാറ്റൊലിക്കൊണ്ടു.

നരകത്തിൽ:- ഏദൻതോട്ടത്തിൽ നിന്നുള്ള ആദിപിതാവിന്റെ പ്രവാസംമുതൽ മനുഷ്യാത്മാവിന്റെ കഴുത്തിൽ കയറിട്ടു വലിച്ചുകൊണ്ടിരുന്ന ഭീകരസേനകൾ വെമ്പിവിറണ്ടുപായുകയായി. ചങ്ങലക്കിലുക്കങ്ങൾ; സംഘട്ടനാരവങ്ങൾ;— ചഞ്ചലാക്രോശങ്ങൾ;— കണ്ടാലും ആ മധുരമംഗലസന്ദേശത്തിന്റെ പരിണതപ്രത്യാഘാതങ്ങൾ!!

* * *

ജീവിതം അതിന്റെ നാഴികക്കല്ലുകൾ എണ്ണിനീക്കുമ്പോൾ അല്പമൊന്നു നിന്നു ശ്രദ്ധിക്കട്ടെ. അതിന്റെ മഞ്ജുളമായ പ്രതിധ്വനി ഹൃദയത്തിന്റെ ഉള്ളറകളിൽ ചെന്നലയ്ക്കട്ടെ. ദിവ്യനാഥൻ ജഗത്ത്രാണകൃത്യത്തിനു പ്രാരംഭമിട്ട ആ സമജ്ജസമുഹൂർത്തം എത്ര അഭിലഷണീയമല്ല; ആരാധ്യമല്ല!

അംബികേ, അവിടുത്തേക്കറിയിക്കപ്പെട്ട ദിവ്യദൗത്യത്തിന്റെ മാറ്റുരച്ചു നോക്കുവാനുള്ള ഈ അവിദഗ്ദ്ധതൂലികയുടെ പുറപ്പാട് അവിവേകമെങ്കിൽ മാപ്പുതരണേ!

---


## വില്പനയ്ക്കുള്ള പുസ്തകങ്ങൾ

| | ക. ണ. പ. |
|---|---|
| മാർത്തോമ്മാ ശ്ലീഹായും മലങ്കരയും | 0-8 -0 |
| മതപാഠം | 1-8 -0 |
| ആധുനികലോകം | 1-8 -0 |
| രക്തസാക്ഷിണി | 0-12-0 |
| കന്യാസ്ത്രീ | 0-8 -0 |
| പൊന്നും കുരിശുമുത്തപ്പൻ | 0-8 -0 |
| മരിയാസഖ്യമിത്രം | 0-1 -0 |
| സർ തോമസ് മൂർ | 0-10-0 |
| കണ്ണാടി | 0-10-0 |
| കത്തനാർകളി | 0-9 -0 |
| ഭർത്താക്കന്മാരോട് | 0-4 -0 |
| സഖാവ് | 0-3 -0 |
| ഇരട്ടപ്പൂവ് | 0-5 -0 |
| ചരിത്രചർച്ച | 1-12-0 |
| വി. ഗീവറുഗീസ് | 0-4 -0 |
| ശ്ലീവാന്ന പോൾ | 0-1 -6 |
| മിശിഹാചരിത്രം | 0-12-0 |
| ഉജ്ജ്വലതാരങ്ങൾ | 0-4 -0 |
| ചെറിയ വേദോപദേശം | 0-4 -0 |
| വേദോപദേശഹാജർ | 0-8 -0 |
| ടി. അഡ്മിഷൻ റജിസ്റ്റർ | 2-0 -0 |
| പാട്ടശീട്ടരസീത് | 1-12-0 |
| കുടുംബപ്രതിഷ്ഠ | 0-1 -6 |
| Have Confidence | 0-3 -0 |
| Questions & Answers | 0-12-0 |
| മതപീഡനങ്ങൾ | 0-5 -0 |
| മരിയസഖ്യമഞ്ജൂഷ | 0-1 -6 |
| ക്രിസ്തു ദൈവമാണോ? | 0-2 -0 |
| സ്മരണാകിരണങ്ങൾ | 1-4 -0 |
| വി. ഫിലോമിനാ | 0 2 -0 |
| ഗാർഷ്യാമൊരീനൊ | 0-10-0 |

മാനേജർ

മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സ്,

എറണാകുളം


---

പുസ്തകാഭിപ്രായം

## ഇടവകസമാജങ്ങൾ, ജേതാവ്

(രണ്ടു പ്രഹസനങ്ങൾ—മംഗലപ്പുഴ സെമ്മിനരി നാടകസമാജം തയ്യാറാക്കിയതു്—പക്ഷം 26+18. വില 5 ണ. സേക്രഡ് ഹാർട്ട ലീഗു, സെൻറ് ജോസഫ്സ് അപ്പസ്തോലിക്ക സെമ്മിനരി, ആലുവാ.)

കത്തോലിക്കായുവാക്കൾക്കു കത്തോലിക്കാ പ്രഹസനങ്ങൾ അഭിനയിച്ച് ആനന്ദിക്കുവാൻ അതിയായ താൽപര്യമുണ്ട്; എന്നാൽ നല്ല പ്രഹസനങ്ങൾ കൈയിലെത്തിക്കിട്ടാൻ ഇടവകവികാരിമാരും ഇടവകസംഘങ്ങളുടെ പ്രവർത്തകരും അനുഭവിക്കുന്ന ക്ലേശം ചില്ലറയല്ല. മദ്ധ്യവേനൽകാലത്തു് ഇതു നല്ലപോലെ മനസ്സിലാക്കിയ ശെമ്മാശന്മാർ 1950 ലെ കാര്യം ഭംഗിയാക്കിയിട്ടുണ്ട്. ഇടവക സമാജങ്ങളോ, ജേതാവോ അഭിനയിക്കാവുന്നതാണ്. പാട്ടു വേണ്ടവർ ജേതാവു് തിരിഞ്ഞെടുത്താൽ മതി. "ജനഗണമന", "കൃഷ്ണാമുകുന്ദാ" മുതലായ വർണ്ണങ്ങളിൽ നല്ല പാട്ടുകളുണ്ട്. പാട്ടു വേണ്ടാത്തവർ "ഇടവകസമാജങ്ങൾ" തിരിഞ്ഞെടുത്താൽ മതി.

പരിഷ്കാരിയായ ജോസഫുകുഞ്ഞു സ്വന്തം നാട്ടിലെ ആളുകളെയൊക്കെ കാടന്മാരായിത്തള്ളി അന്യനാട്ടിലേക്കു പോകുന്നതും കുറേകഴിഞ്ഞു തിരിച്ചുവന്നു് ഇടവക സൊഡാലിററിയിൽ ചേരുന്നതുമാണ് ഇടവകസമാജങ്ങളെന്ന പ്രഹസനത്തിലെ കഥ. ജോസഫ് കുഞ്ഞിന്റെ കാര്യമൊന്നുമല്ല പ്രധാന ചർച്ചാവിഷയം. ഒരു ഇടവക വികാരിയച്ചൻ ഒരു പ്രസംഗം എഴുതിയുണ്ടാക്കാൻ തുടങ്ങിയപ്പോൾ വാതിൽക്കൽ കൊട്ടി പ്രവേശിച്ച ആളുകളുടെ സംഭാഷണം ഒന്നാംരംഗത്തിലും, രണ്ടു കുട്ടികളുടെ ശണ്ഠ രണ്ടാംരംഗത്തിലും, അച്ചനില്ലാതെ സൊഡാലിററിക്കാർ നടത്തിയ ഒരു യോഗത്തിലെ പരിപാടികൾ മൂന്നാംരംഗത്തിലും പ്രതിപാദിച്ചിരിക്കുന്നു. വളരെ ഫലിതങ്ങൾ അവിടവിടെയുണ്ട്. രണ്ട് ഉദാഹരണം നല്കാതിരിക്കുവാൻ പ്രയാസം:

"ഗ്രസ്തി നടത്തിയോ എന്നു് അച്ചൻ ചോദിക്കും."

"അച്ചൻ അങ്ങനെ ചോദിക്കുമ്പോൾ തോമസ്സു തലകുനിച്ചു നെഞ്ചത്തടിച്ചുകൊണ്ടു് അച്ചൻ പഠിപ്പിച്ച "ഞാൻ പിഴയാളി"യില്ലേ, അതങ്ങു ചൊല്ലിയേക്കണം. എന്റെ പിഴ, എന്റെ പിഴ, എന്റെ ചെറിയ കൈപ്പിഴ എന്നുവരെ."

വേറൊരുദാഹരണം:

"റിപ്പോർട്ടു പാസാക്കാമോ?"

"ഈ റിപ്പോർട്ടു ചവററുകൊട്ടയിൽ ഇട്ടു കത്തിച്ചുകളയണം."

"സെക്രട്ടറിയെക്കൂടി ചവററുകൊട്ടയിൽ എറിയേണ്ടതാണ്."

"അയാളുടെ കഴുത്തിൽ ഒരു മണിക്കൂടി കെട്ടിക്കണം."

ഗ്രന്ഥകാരന്മാരെ അഭിനന്ദിക്കുകയും ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കയും ചെയ്യുന്നു. T. M.

## വി. ബർണദീത്ത

(ഗ്രന്ഥകർത്താവു: വർഗീസ് കിളിച്ചിമല. പക്ഷം 58. സേക്രഡ് ഹാർട്ടലീഗു, സെൻറ് ജോസഫ്സ് അപ്പസ്തോലിക്ക സെമ്മിനരി, ആലുവാ)

മംഗലപ്പുഴ സെമ്മിനരിയിൽനിന്നു പ്രസിദ്ധം ചെയ്തിട്ടുള്ള ഈ ചെറുപുസ്തകവും അവിടത്തെ മററു പ്രസിദ്ധീകരണങ്ങൾപോലെ നന്നായിരിക്കുന്നു. ഫാദർ മാർട്ടിന്റെയിൽ, മാക്റിവി തുടങ്ങിയ ഇംഗ്ലീഷു ഗ്രന്ഥകാരന്മാരുടെ ഗ്രന്ഥങ്ങൾ നോക്കി രചിച്ചിട്ടുള്ള ഒരു ജീവചരിത്രമാണു ബർണദീത്ത. പതിനാലുവയസ്സു പ്രായമുള്ളപ്പോൾ ലൂർദ്ദിൽ വച്ചു പരിശുദ്ധ കന്യകയെ കാണുന്നതിനു ഭാഗ്യം ലഭിച്ച ബർണദീത്താ ജീവിതനൗകയെ എങ്ങനെ പലായനം ചെയ്യിച്ചു എന്നു് അറിയുവാൻ ആഗ്രഹിക്കുന്നവർ ഈ പുസ്തകം എടുത്തു വായിക്കേണ്ടതുതന്നെയാണ്. "ഞാൻ നിന്നെ സൗഭാഗ്യയാക്കാം, ഈ ലോകത്തിലല്ല പരലോകത്തിൽ" എന്നുള്ള ദിവ്യാംബികയുടെ വാഗ്ദാനം എങ്ങനെ നിറവേറിയെന്നു് അറിയുന്നതു് രസാവഹമായിരിക്കുമല്ലോ.

ഗ്രന്ഥകർത്താവിന്റെ ഭാഷാശൈലി ലളിതവും മധുരവുമാണ്. ലൂർദ്ദിലെ ചില സംഭവങ്ങളും ബർണദീത്തയുടെ സന്യാസസഭാപ്രവേശവും അവിടത്തെ ജീവിതവും നോവലുപോലെ ആകർഷകമത്രേ. ഒരുദാഹരണം നൽകാം. ദൈവമാതൃദർശനത്താൽ അനുഗൃഹീതയായ ബർണദീത്തയെ ബഹുമാനസമേതം വീക്ഷിക്കുന്നതു കണ്ടപ്പോൾ ആ സിസ്റ്ററിനോടു ബർണദീത്ത ചോദിച്ചു:

"ഒരു ബ്രഷുകൊണ്ടു സഹോദരി എന്താണു ചെയ്യുക?

"പടം വരയ്ക്കുക?"

"വരച്ചു കഴിഞ്ഞാൽ?"

"വയ്ക്കേണ്ടിടത്തു വയ്ക്കും."

"അതെവിടെയാണ്?"

"ഒരു മൂലയിൽ."

"അതേ സഹോദരി, ഇതുതന്നെയാണ് എന്റെ കഥ. പരിശുദ്ധ കന്യക എന്നെ ഉപകരണമാക്കി. ഉപയോഗം കഴിഞ്ഞപ്പോൾ ഒരു കോണിൽകൊണ്ടുവച്ചു. ഇപ്പോൾ ഞാനിവിടെയാണ്. ഇവിടെ ഞാനാനന്ദം കണ്ടെത്തുന്നു."

എത്ര വിജ്ഞാനപ്രദമായ സംഭാഷണം. സുന്ദരമായ സംസാരരീതി. ഈ ദശപലഭാഗങ്ങളും ബർണദീത്തയിലുണ്ട്. വാങ്ങിവായിച്ച് ആനന്ദിക്കുക. ഗ്രന്ഥകർത്താവിനും ആനന്ദംതോന്നും ആയിരക്കണക്കിനു പുസ്തകം ചെലവാകുമ്പോൾ. T. M.

## കല്ലൂക്കാട്ട് ആശുപത്രി

ഈ മാർച്ചുമാസത്തിന്റെ ആരംഭംമുതൽ തിരുവല്ലാ സ്വദേശി ഡോക്ടർ മാത്തുള്ള അവർകൾ കല്ലൂക്കാട്ട് ആശുപത്രിയുടെ ചാർജ്ജുവഹിച്ച് എല്ലാദിവസവും രോഗികളെ പരിശോധിച്ചു ചികിത്സനടത്തിവരുന്നു.




## Bosco Children's Club (ബി. സി. സി.)

# ജപമാലധ്യാനം

പ്രിയ കുഞ്ഞുങ്ങളേ,

ജപമാലരാജ്ഞി ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ട് ഭക്തിയോടുകൂടി കൊന്ത ജപിക്കണമെന്നു പലപ്രാവശ്യം ഉപദേശിക്കുകയും ഇപ്പോൾ ലോകം മുഴുവൻ ചുററിനടന്നു് ആ ഉപദേശത്തെ ആവർത്തിക്കുകയും ചെയ്യുന്നുണ്ടല്ലോ. ആധുനികലോകത്തിലുള്ള സകല തിന്മകൾക്കും ഭക്തിപൂർവ്വമുള്ള കൊന്തനമസ്കാരം ഒരൊന്നാന്തരം പരിഹാരമാർഗ്ഗമാണെന്നു മാർപ്പാപ്പാമാർ ആവർത്തിച്ചാവർത്തിച്ചു ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ടു്. ഇന്നു എവിടെയും കാണുന്ന മൂന്നു പ്രധാന തിന്മകളാണു് അധികാരധിക്കാരം, സുഖലോലുപത്വം, പരലോകത്തെപ്പററിയുള്ള വിസ്മൃതി എന്നിവ. ജപമാലയിലെ സന്തോഷമായ രഹസ്യങ്ങളിൽ മാതാവിൻെറയും നമ്മുടെ കർത്താവിൻെറയും എളിമയും വിധേയത്വവും ദുഃഖമായ രഹസ്യങ്ങളിൽ ശാരീരികവും മാനസികവുമായി അവർ സഹിച്ച ക്ലേശങ്ങളും മഹിമയേറിയ രഹസ്യങ്ങളിൽ അവരുടെ വിധേയത്വത്തിനും കഷ്ടാനുഭവത്തിനും പ്രതിഫലമായി ലഭിച്ച മഹത്വപൂർണ്ണമായ ഉയിർപ്പും സ്വർഗ്ഗാരോഹണവും, റൂഹാദക്കുദശായുടെ ആഗമനവും മററും നാം കാണുന്നു. പ്രസ്തുത വിഷയങ്ങളെക്കുറിച്ചു ദിവസേന കുറെ സമയത്തേക്കെങ്കിലും ധ്യാനിക്കുന്ന ഒരാൾ പരലോകത്തെക്കുറിച്ചുള്ള സ്മരണയും അവിടെ നിത്യം സൗഭാഗ്യമനുഭവിക്കുന്നതിനുള്ള ആഗ്രഹവും ആ സൗഭാഗ്യത്തിനുവേണ്ടി ദൈനംദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന വിവിധ കഷ്ടാരിഷ്ടതകളെ ക്ഷമയോടെ സഹിക്കുന്നതിനുള്ള സന്നദ്ധതയും ദൈവപ്രമാണങ്ങളെ ശരിയായി കാക്കുന്നതിനുള്ള വിധേയമനോഭാവവും ഉണ്ടാകാതിരിക്കയില്ല. രഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനത്താൽ ഏവംവിധം സുകൃതജീവിതത്തിനായി മനസ്സിനെ സജ്ജമാക്കുന്നതോടുകൂടിത്തന്നെ "ആകാശങ്ങളിലിരിക്കുന്ന" "നന്മ നിറഞ്ഞ മറിയം" എന്ന ജപങ്ങളുടെ ആവർത്തനത്താൽ അതിനുവേണ്ട ദൈവസഹായവും ധാരാളമായി ലഭിക്കുന്നു. ഉത്തമകത്തോലിക്കനായി ജീവിക്കുന്നതിനു മറെറന്താണാവശ്യം? അതുകൊണ്ടാണു ജപമാലനമസ്കാരത്തെ എല്ലാവരും ഇത്രയധികം സ്തുതിക്കയും പരിശുദ്ധ ദൈവജനനിതന്നെ അതു ചൊല്ലാൻ വീണ്ടും വീണ്ടും ഉപദേശിക്കുകയും ചെയ്യുന്നതു്.

ഇവിടെ ഒരു സംഗതി നാം പ്രത്യേകം സ്മരിക്കേണ്ടതായിട്ടുണ്ടു്. രഹസ്യത്തെക്കുറിച്ചുള്ള ധ്യാനമാണു് അതിൻെറ ജീവൻ. ധ്യാനം കൂടാതെ, അന്യചിന്തകളോടുകൂടി കൊന്ത ജപിക്കുന്നതുകൊണ്ടു മേൽപ്രസ്താവിച്ച ഗുണങ്ങളൊന്നും സിദ്ധിക്കയില്ലെന്നുള്ളതു വിശദമാണല്ലോ. ഒരു ദിവസവും ജപമാല മുടക്കാത്ത കുടുംബങ്ങളിലും വ്യക്തികളിലും പുണ്യാഭിവൃദ്ധി പലപ്പോഴും കാണാതിരിക്കുന്നതിനുള്ള ഒരു പ്രധാന കാരണം വേണ്ടവണ്ണം ആ ജപം കഴിക്കാത്തതുകൊണ്ടല്ലയോ എന്നു ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. അതിനാൽ ഫാത്തിമാമാതാവിൻെറ സന്ദർശനം കഴിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ രഹസ്യങ്ങളെക്കുറിച്ചു ധ്യാനിച്ചുകൊണ്ടു കൊന്ത ജപിക്കുന്നതിനു നമുക്കെല്ലാവർക്കും ഉററു ശ്രമിക്കാം.

ധ്യാനമെന്നു കേൾക്കുമ്പോൾത്തന്നെ അതൊരസാധ്യകാര്യമാണെന്നു വിചാരിച്ചു് അതിനായി ശ്രമിക്കപോലും ചെയ്യാത്ത പലരുണ്ടു്. അതബദ്ധമാണു്. ധ്യാനം വെറും ചിന്തമാത്രമാകുന്നു. നാം ഉണർന്നിരിക്കുമ്പോൾ എന്തിനെക്കുറിച്ചെങ്കിലും എപ്പോഴും ചിന്തിച്ചുകൊണ്ടാണിരിക്കുന്നതു്. കൊന്ത ജപിക്കുമ്പോൾ അന്യചിന്തകൾ മാററി അപ്പോൾ ചൊല്ലിയ രഹസ്യത്തിൽ പറഞ്ഞിരിക്കുന്ന സംഗതികളെക്കുറിച്ചു ചിന്തിക്കണം. കർത്താവിനെ കൽത്തൂണിൽകെട്ടി അടിക്കുന്നതിനെക്കുറിച്ചാണു് നാം ധ്യാനിക്കുന്നതെങ്കിൽ ആ സംഭവം നമ്മുടെ മുൻപിൽവച്ചു നടക്കുന്നതായി കരുതി അങ്ങേയോടു സഹതപിക്കുകയും അതിനിഷ്ഠുരമായ വേദനയ്ക്കു കാരണമായ നമ്മുടെ പാപങ്ങളിന്മേൽ മനസ്താപപ്പെടുകയും അവ മേലിലൊരിക്കലും ചെയ്കയില്ലെന്നു പ്രതിജ്ഞ ചെയ്യുകയും ചെയ്യണം. ഇത്രയും ചെയ്യുന്നെങ്കിൽ അതു് ഒരൊന്നാന്തരം ധ്യാനം ആയിരിക്കും. അല്പം പരിശ്രമിക്കുന്നപക്ഷം ആർക്കും ഇങ്ങനെ ധ്യാനിക്കുന്നതിനും തദ്വാരാ ഫലപ്രദമായി കൊന്ത ജപിക്കുന്നതിനും സാധിക്കും. കുറെക്കാലം മുൻപുവരെ നമ്മുടെ വീടുകളിൽ ഉപയോഗിച്ചിരുന്നതും "നിത്യാരാധന" പുസ്തകത്തിൽ കാണുന്നതുമായ ജപമാലരഹസ്യങ്ങൾ ദീർഘമെങ്കിലും സാധാരണക്കാർക്കുപോലും ധ്യാനിക്കുന്നതിനു് ഉപകരിക്കുന്നവയാണു്. ആഴ്ചയിൽ ചില ദിവസങ്ങളിലെങ്കിലും ചെറിയ പ്രാർത്ഥനകൾക്കു പകരം അതുപയോഗിക്കുന്നതു നന്നായിരിക്കും. ഇപ്രകാരം ധ്യാനിച്ചുകൊണ്ടു കൊന്ത ചൊല്ലുന്നതിനു കുഞ്ഞുങ്ങൾ ഉത്സാഹിക്കുമെന്നാണു വല്യച്ഛൻെറ പ്രതീക്ഷ. മാതാവു എവരേയും അനുഗ്രഹിക്കട്ടെ

എന്നു സ്വന്തം വല്യച്ഛൻ

## നിങ്ങൾക്കറിയാമോ?

1 രക്തസാക്ഷിയാകാതെ മരിച്ച ഒന്നാമത്തെ മാർപ്പാപ്പാ ആരാണു്?

2 രക്തസാക്ഷിയായി മരിച്ച അവസാനത്തെ മാർപ്പാപ്പാ ആരാണു്?

3 വിശുദ്ധൻ എന്നു തിരുസ്സഭ സംബോധനചെയ്യാത്ത ആദ്യത്തെ മാർപ്പാപ്പാ ആരാണു്?

ഉത്തരങ്ങൾ

1 വി. ഡൈനീഷ്യസ് (ഡെനിസ്). ഇദ്ദേഹം 250 മുതൽ 268 വരെ മാർപ്പാപ്പായായിരുന്നു.

2 വി. മാർട്ടിൻ I. ഇദ്ദേഹം 649 മുതൽ 655വരെ മാർപ്പാപ്പായായിരുന്നു.

3 ലിബേരിയൂസ് (252 — 366)

## സന്യാസാർത്ഥികളോടു്

സുറിയാനികത്തോലിക്കാസഭയിൽചേർന്നു വൈദികജീവിതം കഴിക്കുവാൻ ആഗ്രഹിക്കുന്ന യുവാക്കന്മാർ, സ്വഗൃഹത്തോടടുത്തുള്ള കർമ്മലീത്താ ആശ്രമത്തിൻെറ അധിപരെ വിവരം അറിയിച്ചാൽ അദ്ദേഹത്തിൽനിന്നും വേണ്ടുന്ന നിർദ്ദേശങ്ങൾ ലഭിക്കുന്നതാകുന്നു.

വാർഷികപരീക്ഷാഫലം അറിഞ്ഞുകഴിഞ്ഞാലുടനെ യോഗാർത്ഥിഭവനത്തിൽ പ്രവേശിക്കത്തക്കവണ്ണം അവർ ഒരുങ്ങിയിരിക്കയും, വൈകിയാൽ ജൂൺ 15-ാംനു-ക്കു മുമ്പെങ്കിലും വന്നുചേരുകയും ചെയ്യേണ്ടതാകുന്നു.

എന്നു്,

ഫാദർ പ്രയർ ജനറൽ ടി. ഒ. സി. ഡി.

എറണാകുളം

# ലോകസമാധാനം

(കെ. ഇ. ജോബ് എം. എ. എൽ. ടി.)

ആധുനികലോകം ഒന്നടങ്കം സമാധാനത്തിനുവേണ്ടി ദാഹിച്ചുതുടങ്ങിയിട്ടു് കാലങ്ങൾ കുറെ ആയിട്ടുണ്ടു്. ഒന്നാം ലോകമഹായുദ്ധം ഈ ദാഹത്തിൻെറ നാന്ദിയായിരുന്നു. ജർമ്മനി, ആസ്ത്രിയാ ഹംഗറി, ടർക്കി എന്ന മൂന്നു ലോകമഹാശക്തികളെ 1918-ൽ ബ്രിട്ടനും ഫ്രാൻസും അമേരിക്കയുംകൂടി തോല്പിച്ചുകഴിഞ്ഞതോടുകൂടി ലോകത്തിൻെറ സമാധാനദാഹം അവസാനിച്ചു എന്നാണു് അന്നത്തെ മനുഷ്യരാശി വിചാരിച്ചതു്. പക്ഷേ, വാസ്തവം നേരേ മറിച്ചായിരുന്നു. 1919മുതൽ 1929വരെ ദീർഘിച്ച സാമ്പത്തികക്ലേശങ്ങൾ, യുദ്ധത്തിൽ ജയിച്ചവരേയും തോററവരേയും ഒന്നുപോലെ അസമാധാനചിത്തരാക്കുകയാണു് ചെയ്തതു്. 19 9മുതൽ 1939വരെ ലോകം ഈ സാമ്പത്തികരോഗങ്ങളിൽനിന്നും വിമുക്തമായിവന്ന വേളയിലാണു് ദ്വിതീയ ലോകമഹായുദ്ധത്തിൻെറ തീരപ്പുറപ്പാടു്. ആറേഴു കൊല്ലത്തോളം നീണ്ടുനിന്ന ഈ ലോകവിപത്തുമൂലം ലോകത്തിനുണ്ടായിട്ടുള്ള നാശങ്ങൾക്കു കൈയും കണക്കുമില്ലെന്നുതന്നെ പറയാം. ഈ യുദ്ധംമൂലം ജർമ്മനിയും ജപ്പാനും തകരുകയും സകല യൂറോപ്യൻദേശങ്ങളും ക്ഷീണിച്ചവശരാകുകയും ചെയ്തു. ദ്വിതീയലോകമഹായുദ്ധമാകുന്ന ആ ഭയങ്കരവ്യാധിമൂലം കൂടുതൽ ശക്തിപ്രാപിച്ച രാജ്യങ്ങൾ അമേരിക്കയും റഷ്യയും മാത്രമായിരുന്നു. ഇൻഡ്യാ സ്വാതന്ത്ര്യംപ്രാപിച്ചു എങ്കിലും വിഭജിക്കപ്പെട്ടു. ഭൂലോകജനസംഖ്യയിൽ മൂന്നിലൊന്നിനെ ഉൾക്കൊള്ളുന്ന ചൈനായാകട്ടെ, കമ്മ്യൂണിസ്റ്റുപിടിയിൽ പെട്ടശേഷം റഷ്യയുടെ ഒരു സാമന്തരാജ്യമായി തീർന്നിരിക്കുകയാണു്. പാശ്ചാത്യയൂറോപ്പുമുഴുവനും സാമ്പത്തികവും സൈനികവുമായ സഹായങ്ങൾക്കുവേണ്ടി അമേരിക്കയിലേക്കു് സദാ നോക്കിക്കൊണ്ടിരിക്കുന്നു. പൗരസ്ത്യയൂറോപ്പുമുഴുവൻ റഷ്യയുടെ പാദതാഡനമേററു നിസ്സഹായരായി കഴിഞ്ഞുകൂടുകയത്രെ. അമേരിക്ക ഒഴിച്ചുള്ള സകല രാജ്യങ്ങളും കമ്മ്യൂണിസ്റ്റുശക്തിയോടുള്ള ഭയപ്പാടിൽകഴിച്ചുകൂട്ടുകയാണു്. ഈ കമ്മ്യൂണിസ്റ്റുശക്തിക്കുള്ള ഒരു [illegible] അതു് ഓരോരാജ്യത്തിൻെറയും അകത്തും പുറത്തും പ്രത്യക്ഷപ്പെടുന്നു എന്നുള്ളതാണു്. അതിൻെറ വേറൊരു ലക്ഷണം, അതിൻെറ അംഗങ്ങളുടെ സംഖ്യക്കുറവും, എന്നാൽ അതിൻെറ സംഘടനാബലവും അക്രമപ്രസക്തിയുമാണു്. സകല മതങ്ങളുടേയും നാരായവേരായ ഈശ്വരാസ്തിത്വത്തെയും സന്മാർഗ്ഗതത്വങ്ങളെയും വെല്ലുവിളിക്കുന്ന ഈ കമ്മ്യൂണിസ്റ്റു് വിപത്തുമൂലം ആവിർഭവിക്കുന്ന ഇന്നത്തെ ഗുരുതരാവസ്ഥയിൽ, മനുഷ്യരാശിയിൽ ഭൂരിഭാഗംവരുന്ന മതവിശ്വാസികൾ, സർവചരാചരങ്ങളുടെയും സൃഷ്ടിസ്ഥിതിസംഹാരകർത്താവായ ഈശ്വരസന്നിധിയിലേക്കു് ദൃഷ്ടിയെ ഉന്മീലിപ്പിക്കാതെ ഗത്യന്തരമില്ലെന്നു് ലോകൈക ധാർമ്മികസമ്രാട്ടായ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ലോകത്തെ ഉൽബോധിപ്പിക്കുകയും, അതിനുള്ള പ്രത്യേകദിനമായി ഈ മാർച്ചുമാസം 26-ാംദിവസത്തെ തിരിഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.

പ്രാർത്ഥനമൂലം ലോകസമാധാനം കൈവരുത്താമെന്നുള്ള പ്രത്യാശ കേവലം വ്യർത്ഥവ്യാമോഹമാണെന്നു വിചാരിക്കുന്നവർ ആധുനികലോകത്തിൽ ചുരുക്കമല്ല. ബാഹ്യേന്ദ്രിയങ്ങൾക്കു വിഷയീഭവിക്കുന്ന ഭൗതികവസ്തുക്കളല്ലാതെ വേറെയാതൊന്നുമില്ല എന്നു വിചാരിക്കുന്ന ഒരു സംഘം ചിന്തകന്മാരുണ്ടു്. അവരെയത്രെ ലോകായതികന്മാർ (Materialists) എന്നു വിളിക്കുന്നതു്. അങ്ങനെയുള്ളവർക്കു പ്രാർത്ഥനയിൽ വിശ്വാസമുണ്ടാകുവാൻ നിവൃത്തിയില്ല. പക്ഷേ ഭൂലോകത്തിലെ മഹാഭൂരിപക്ഷം നിവാസികളും ലോകായതികന്മാരല്ല. അവരെല്ലാംതന്നെ, പ്രപഞ്ചനാഥനായി ഒരു പരാശക്തിയുണ്ടെന്നു വിശ്വസിക്കുന്നവരത്രെ. പക്ഷേ അവരുടെ ഈ വിശ്വാസത്തിൻെറ ആഴവുംദാർഢ്യവും തീക്ഷ്ണതയും, ഓരോ വ്യക്തികളുടെയും ആദ്ധ്യാത്മികസംസ്കാരത്തിൻെറ തോതനുസരിച്ചു് വ്യത്യാസപ്പെട്ടിരിക്കും. പ്രപഞ്ചശക്തിയെ നിയന്ത്രിക്കുന്ന ഒരു പരാശക്തിയെയാണല്ലോ വിവിധ ജനപദങ്ങൾ ദൈവം, ഈശ്വരൻ, അല്ലാഹോ, അല്ലാ എന്നൊക്കെ വിവിധ നാമങ്ങളാൽ വിവിധ ഭാഷകളിൽ നിർദ്ദേശിച്ചുവരുന്നതു്. മനുഷ്യാത്മാക്കളിൽനിന്നും ദൈവത്തിലേക്കുയരുന്ന അഭ്യർത്ഥനകളെയാണു് പ്രാർത്ഥന എന്ന സംജ്ഞയാൽ നാം പരാമർശിക്കുന്നതു്. അതേ, പ്രാർത്ഥന എന്നതു്, ദൈവസന്നിധിയാകുന്ന ഹൈക്കോടതിയിൽ മനുഷ്യവ്യക്തികളാകുന്ന കക്ഷികൾ, ഭയഭക്തിബഹുമാനപുരസ്സരം സമർപ്പിച്ചുകൊള്ളുന്ന അപ്പീൽ കേസുകളാണു്. ഹൈക്കോടതിയുടെ അസ്തിത്വത്തിലും ഭരണശക്തിയിലും നീതിബോധത്തിലും ഉറച്ച വിശ്വാസമില്ലാത്തവരും, ആ കോടതിയിൽനിന്നു നീതി ലഭിക്കുമെന്നുള്ള ദൃഢമായ പ്രതീക്ഷയില്ലാത്തവരും, ആ കോടതിയുടെ നേരെ ഭയഭക്തിബഹുമാനമില്ലാത്തവരും ആയ കക്ഷികൾക്കു് ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കുവാൻ തോന്നുകയില്ല. അവർ സ്വന്തശക്തിയിൽമാത്രം ആശ്രയിക്കുകയും, കൈയൂക്കുള്ളവൻ കാര്യക്കാരൻ എന്ന പഴഞ്ചൊല്ലിനെ യഥാർത്ഥീകരിക്കുവാനുള്ള സകല പരിശ്രമങ്ങളും നടത്തിയശേഷം, ഭഗ്നാശരായി, നിരാശരായി, ലോകയവനികയ്ക്കുള്ളിൽ മറയുകയും ചെയ്യുന്നു.

എന്നാൽ ദൈവത്തിൽ വിശ്വാസവും പ്രതീക്ഷയും ഭക്തിയുമുള്ള മഹത്തുക്കൾ പ്രാർത്ഥനയുടെ ലോകോത്തരമായ ശക്തിയിൽ ഉറച്ച വിശ്വാസമുള്ളവരത്രെ. ഉദാഹരണമായി പറയുന്നപക്ഷം, ഇന്നു പ്രചുരപ്രചാരത്തിലിരിക്കുന്ന റേഡിയോയന്ത്രത്തിൻെറ നിർമ്മാതാവായ മാർക്കോണി എന്ന ഇററാലിയൻ ശാസ്ത്രജ്ഞൻ പ്രാർത്ഥനയിൽ ദൃഢവിശ്വാസമുള്ള ഒരു മതഭക്തനായിരുന്നു എന്നുള്ളതു് പ്രസിദ്ധമാണു്. അതുപോലെതന്നെയുള്ള ഒരു പ്രാർത്ഥനാനിരതനായിരുന്നു പേപ്പട്ടിവിഷത്തിനുള്ള ശാസ്ത്രീയപ്രതിവിധി കണ്ടുപിടിച്ച ലൂയി പാസ്റ്റർ എന്ന ഫ്രഞ്ചുശാസ്ത്രജ്ഞനും. ഇവരുടെ സമകാലികനായിരുന്ന ആൽഫ്രഡ് ടെനിസ്സൻ എന്ന ബ്രിട്ടീഷ് മഹാകവി പ്രാർത്ഥനയെപ്പററി പറഞ്ഞിട്ടുള്ള വാക്യങ്ങൾ വളരെ പ്രസിദ്ധമാണു്. "മനുഷ്യൻ അവനുവേണ്ടിയും അവൻെറ സഹോദരങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുന്നില്ലെങ്കിൽ, അവനും ആട്ടുമാടുകളും തമ്മിലുള്ള വ്യത്യാസമെന്താണു്?... ഈ ലോകം സ്വപ്നം കാണുന്നതിൽ കൂടുതലായ കാര്യങ്ങൾ പ്രാർത്ഥനമൂലം സാധിക്കുന്നുണ്ടു്" എന്നിങ്ങനെയാണു് അദ്ദേഹം ഏതൽസംബന്ധമായി പ്രസ്താവിക്കുന്നതു്. മഹാശാസ്ത്രജ്ഞന്മാരും ചിന്തകന്മാരും വിഭാവനാസമ്പന്നന്മാരുമായ മേൽപ്പറഞ്ഞ വ്യക്തികളുടെ ഏകകണ്ഠമായ അഭിപ്രായത്തെ മൗഢ്യമെന്നോ വ്യാമോഹമെന്നോ ഭീരുത്വമെന്നോ പരിഹസിക്കുവാൻ ആർക്കു കഴിയും?

അഥവാ സ്വന്തശക്തിയിലും കഴിവുകളിലുംമാത്രമാശ്രയിച്ചുകൊണ്ടു് ആധുനികലോകനേതാക്കന്മാർ നടത്തിയിട്ടുള്ള ലോകമഹായുദ്ധങ്ങൾമൂലം അവർക്കു ലഭിച്ചിട്ടുള്ള നേട്ടങ്ങളെന്തായിരുന്നു എ

(ശേഷം 8-ാം പേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ

Vol. 23 | ERNAKULAM, MARCH 22, 1950 | No. 29


## പുനരൈക്യപരിശ്രമങ്ങൾ നടത്തേണ്ടതെങ്ങനെ?

റോമിലെ "ഹോളി ആഫീസ്" എന്ന തിരുസംഘം കഴിഞ്ഞ ഫെബ്രുവരി 28-ാംനു- ഏഴു പായിന്റുകളടങ്ങിയ ഒരു ഡിക്രി പ്രസിദ്ധപ്പെടുത്തിയിരുന്നല്ലോ. ക്രിസ്തീയലോകത്തിന്റെ പുനരൈക്യത്തിന്റെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിക്കണമെന്നു മെത്രാന്മാരെ ഉൽബോധിപ്പിക്കുന്നതും ക്രിസ്തുമസ്സിന്റെ തലേദിവസം വിശുദ്ധവത്സരം ഉൽഘാടനംചെയ്ത അവസരത്തിൽ പരിശുദ്ധ പിതാവു ചെയ്ത ആഹ്വാനത്തെ സ്ഥിരീകരിക്കുന്നതും വിപുലീകരിക്കുന്നതുമായ ഒന്നാണതു്: വിശുദ്ധവത്സരം ഉൽഘാടനംചെയ്ത അവസരത്തിൽ പരിശുദ്ധ പിതാവു് അരുളിച്ചെയ്തതിങ്ങനെയാണല്ലോ: "ഈ വിശുദ്ധവത്സരം വിശേഷിച്ചും ആ മഹത്തായ പ്രത്യാഗമനത്തിന്റെ വത്സരമായിരിക്കണം. ഏകസത്യസഭയിലേക്കുള്ള പ്രത്യാഗമനത്തെ ഈ വിശുദ്ധവത്സരത്തിനു സ്വാഗതം ചെയ്യുവാൻ കഴിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു! ഈശോമിശിഹായിൽ വിശ്വസിക്കുന്നവരാണെങ്കിലും വിവിധങ്ങളായ കാരണങ്ങളാൽ തന്നിൽനിന്നു വേർപെട്ടുപോയ അസംഖ്യങ്ങളുടെ പ്രത്യാഗമനത്തെ ദശാബ്ദങ്ങൾതോറും തിരുസ്സഭ പാർത്തുകൊണ്ടിരിക്കയാണു്."

ഇപ്പോഴത്തെ പുതിയ ഡിക്രിയുടെ പൂർണ്ണരൂപം ഈ ലക്കത്തിൽത്തന്നെ ഞങ്ങൾ ചേർത്തിട്ടുണ്ടു്. അതു ശ്രദ്ധിച്ചുവായിച്ചാൽ കാണാം, ക്രിസ്തീയ പുനരൈക്യത്തിന്റെ കാര്യത്തിൽ തിരുസ്സഭയ്ക്കുള്ള താല്പര്യം എത്ര വളരെയാണെന്നു്. അതേസമയംതന്നെ യഥാർത്ഥമായ പുനരൈക്യത്തിന്റെ സ്വഭാവം അതിൽ വിശദമാക്കിയിട്ടുണ്ടെന്നും കാണാം. മിശിഹാ ഒരു സഭയെമാത്രമേ സ്ഥാപിച്ചിട്ടുള്ളു. നിശ്ചിതങ്ങളായ വിശ്വാസസത്യങ്ങളും സന്മാർഗ്ഗനിയമങ്ങളും ഭരണഘടനയും അവിടുന്നു ആ സഭയ്ക്കു നൽകിയിട്ടുണ്ടു്. ഓരോ കാരണങ്ങളാൽ അവയിൽനിന്നു വ്യതിചലിച്ചു് ഓരോകാലത്തു് ആ സഭയിൽനിന്നു പിരിഞ്ഞുപോയിട്ടുള്ളവയും അവയുടെ അവാന്തരവിഭാഗങ്ങളായി ആവിർഭവിച്ചിട്ടുള്ളവയുമാണു് ഇന്നുള്ള അകത്തോലിക്കാ ക്രൈസ്തവസഭാവിഭാഗങ്ങളെല്ലാം. ആകയാൽ സാക്ഷാത്തായ പുനരൈക്യം മാതൃസഭയായ തിരുസ്സഭയിലേക്കുള്ള അവയുടെ പ്രത്യാഗമനമാകുന്നു.

മിശിഹാ നൽകിയിട്ടുള്ളതും തിരുസ്സഭയുടെ സൂക്ഷത്തിനേൽപ്പിച്ചിട്ടുള്ളതുമായ വിശ്വാസസത്യങ്ങളിലും സന്മാർഗ്ഗനിയമങ്ങളിലും ഭരണഘടനയിലും സാരമായ യാതൊരു ഭേദഗതിയും വരുത്തുവാൻ ആർക്കും അധികാരമില്ലല്ലോ. തന്മൂലം ഈ വിഷയങ്ങളിൽ യാതൊരുവിട്ടുവീഴ്ചയ്ക്കും സമ്മതിക്കുവാൻ തിരുസ്സഭയ്ക്കു പാടുള്ളതല്ല. എന്നാൽ പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ചു കത്തോലിക്കാ പണ്ഡിതന്മാരും അകത്തോലിക്കാ പണ്ഡിതന്മാരുംതമ്മിൽ ചർച്ചകൾ നടത്തുന്നതു് യാഥാർത്ഥ്യങ്ങൾ ഗ്രഹിക്കുവാൻ അകത്തോലിക്കർക്കു സഹായകമായിരിക്കുമെന്നതിനാൽ അതിനായുള്ള സമ്മിശ്രസമ്മേളനങ്ങൾ നടത്തുവാൻ വേണ്ട അനുമതി മെത്രാന്മാർക്കു് ഈ ഡിക്രിയിൽ നൽകിയിട്ടുണ്ടു്. എന്നുവരികിലും പ്രസ്തുതചർച്ചകളുടെ സ്വഭാവത്തെ തെറ്റിധരിക്കാതിരിക്കുവാനും, ഏതു ക്രൈസ്തവസഭയിലെ അംഗമായിരുന്നാലും മതിയെന്നുള്ള ആപൽക്കരമായ അബദ്ധബോധം ആർക്കും, കത്തോലിക്കർക്കു പ്രത്യേകിച്ചും, ഉണ്ടാകാതിരിക്കുവാനും ആവശ്യകമായ മുൻകരുതലുകളും ചട്ടംകെട്ടുകളും ഡിക്രിയിൽ കൊള്ളിച്ചിട്ടുമുണ്ടു്. ഈ വസ്തുതകൾ ശരിയായി മനസ്സിലാക്കുന്നവർക്കു ബോദ്ധ്യമാകും, പ്രസ്തുത ഡിക്രി ഏററവും കാലോചിതവും വിവേകപൂർവ്വകവുമാണെന്നു്. അതിലെ താല്പര്യമനുസരിച്ചു ക്രിസ്തീയപുനരൈക്യപ്രസ്ഥാനം വിജയിക്കുവാനുള്ള ദൈവാനുഗ്രഹത്തിനായി നമുക്കു പ്രാർത്ഥിക്കാം.

## പുതിയ ഡിക്രിയുടെ പൂർണ്ണരൂപം

[പുനരൈക്യത്തേയും അതിനായി കത്തോലിക്കരും അകത്തോലിക്കരും സഹകരിച്ചു പ്രവർത്തിക്കേണ്ടവിധത്തേയും വിശദീകരിച്ചുകൊണ്ടു റോമയിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള പുതിയ ഡിക്രിയുടെ പൂർണ്ണരൂപമാണു താഴെ ചേർക്കുന്നതു്.]

ക്രൈസ്തവസഭാവിഭാഗങ്ങൾ ഒരുമിച്ചു നടത്തുന്ന, ആകമാനമായ കോൺഫറൻസുകളിലോ മീററിംഗുകളിലോ കത്തോലിക്കാസഭ യാതൊരു പങ്കും വഹിക്കുന്നില്ല. എന്നാൽ മാർപ്പാപ്പാമാരുടെ അനേകം തിരുവെഴുത്തുകളിൽനിന്നു ഒരുകാര്യം തീർച്ചയായി കാണാം. നമ്മുടെ കർത്താവായ ക്രിസ്തുവിനു ഏററവും പ്രിയംകരമായിരുന്ന ആ ലക്ഷ്യം, തന്നിൽ വിശ്വസിക്കുന്ന സകലരും "ഐക്യത്തിൽ പൂർണ്ണരാക്കപ്പെടണം" എന്ന ലക്ഷ്യം, പ്രാപിക്കുവാനുള്ള സകല പരിശ്രമങ്ങളേയും അത്യധികമായ താല്പര്യത്തോടുകൂടി വീക്ഷിച്ചുകൊണ്ടിരിക്കുകയും തീക്ഷ്ണമായ പ്രാർത്ഥനയോടുകൂടി പുരോഗമിപ്പിക്കുകയുംചെയ്യുന്നതിൽനിന്നു തിരുസ്സഭ ഒരിക്കലും വിരമിച്ചിട്ടില്ല, ഇനി ഒരിക്കലും വിരമിക്കുന്നതുമല്ല.

വാസ്തവത്തിൽ, ക്രിസ്തുവിന്റെ ഏകസത്യസഭയെന്ന നിലയിൽ തന്നിലേക്കു പിന്തിരിയുന്ന സകലരേയും ഒരു മാതാവിന്റെ യഥാർത്ഥസ്നേഹത്തോടുകൂടി സഭ ആശ്ലേഷിക്കുകയാണു ചെയ്യുന്നതു്.

വിശ്വാസത്തെ അന്വേഷിക്കുന്നവർക്കു മതോപദേശം നല്കുന്നതിനോ സഭയിൽ പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നവർക്കു കൂടുതൽ ഉപദേശം നല്കുന്നതിനോ വേണ്ടി, വൈദികാധികാരികളുടെ അനുമതിയോടുകൂടി സ്വീകരിക്കപ്പെട്ടിരിക്കുന്ന പരിപാടികൾക്കും പ്രസ്ഥാനങ്ങൾക്കും പരിപൂർണ്ണമായ അംഗീകരണവും പ്രോത്സാഹനവും, സഭ സദാപി നല്കിക്കൊണ്ടിരിക്കുന്നുമുണ്ടു്.

ക്രിസ്തുവിൽ വിശ്വസിക്കുന്ന സകലരുടേയും പുനരൈക്യത്തിനുവേണ്ടിയുള്ള ആഗ്രഹം ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള പലരുടേയും ഇടയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നതായി നാം കാണുന്നു.

### പ്രാർത്ഥന

പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൻകീഴിൽ ഇതിനുള്ള കാരണങ്ങളായി ചൂണ്ടിക്കാണിക്കാവുന്നതു് ബാഹ്യമായ ഘടകങ്ങളും മനുഷ്യരുടെ മനോഭാവങ്ങൾക്കുണ്ടായിട്ടുള്ള മാററവുമാണു്; എന്നാൽ സർവ്വോപരി, വിശ്വാസികളുടെ ഒത്തൊരുമിച്ചുള്ള പ്രാർത്ഥനകളാണു്.

സത്യസഭയുടെ സകലസന്താനങ്ങൾക്കും ഇതു കർത്താവിലുള്ള പരിശുദ്ധമായ ആനന്ദത്തിനു കാരണമായിരിക്കുന്നു. സത്യത്തെ ആത്മാർത്ഥമായി അന്വേഷിക്കുന്ന സകലരുടേയും ബുദ്ധിക്കു പ്രകാശവും മനസ്സിനു ശക്തിയും നല്കണമേയെന്നു ദൈവത്തോടു തീക്ഷ്ണമായി പ്രാർത്ഥിച്ചുകൊണ്ടു് സഹായഹസ്തം നീട്ടിക്കൊടുക്കുവാൻ അതു് അവരെ പ്രേരിപ്പിക്കുന്നു.

എങ്കിലും അനുഭവജ്ഞാനത്തിൽനിന്നു ഒരു കാര്യം വ്യക്തമാകുന്നുണ്ടു്. ഭിന്നിച്ചുനില്ക്കുന്ന ക്രിസ്ത്യാനികൾ കത്തോലിക്കാസഭയുമായി രമ്യപ്പെടുവാൻവേണ്ടി വിവിധവ്യക്തികളോ ഗണങ്ങളോ ഇതുവരെ ചെയ്തിട്ടുള്ള ചില പരിശ്രമങ്ങൾ, ഏററവും ശുദ്ധമായ ഉദ്ദേശങ്ങളാൽ പ്രേരിതങ്ങളാണെങ്കിലും സുബദ്ധങ്ങളായ തത്വങ്ങളിന്മേലല്ല എല്ലായ്പോഴും അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതു്.

തത്വങ്ങൾ സുബദ്ധങ്ങളായിരുന്നിട്ടുള്ളപ്പോൾത്തന്നെയും അവയോടൊന്നിച്ചു പ്രത്യേകങ്ങളായ അപകടകാരണങ്ങളും എല്ലായ്പോഴും ഉണ്ടായിരുന്നു.

ഇക്കാരണത്താൽ വിശ്വാസനിക്ഷേപം കാത്തു സൂക്ഷിക്കുവാനും അന്യൂനമായി പരിരക്ഷിക്കുവാനും ചുമതലയുള്ള, ഏററവും പ്രധാനപ്പെട്ട ഈ തിരുസംഘം സന്ദർഭോചിതമെന്നു ഗണിച്ചുകൊണ്ടു താഴെപ്പറയുന്ന കാര്യങ്ങൾ ആവർത്തിച്ചറിയിക്കുകയും തദനുസരണം പ്രവർത്തിക്കണമെന്നു ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

1 "പരിശുദ്ധാത്മാവു് ദൈവത്തിന്റെ സഭയെ ഭരിക്കുവാൻ നിയമിച്ചിട്ടുള്ള" മെത്രാന്മാർക്കു ഈ "പുനരൈക്യ" പ്രസ്ഥാനത്തിൽ പ്രത്യേകമായ താല്പര്യവും ശ്രദ്ധയും ഉണ്ടായിരിക്കേണ്ടതാണു്. എന്തുകൊണ്ടെന്നാൽ അതു തിരുസ്സഭയുടെ വിശേഷവിധിയായ ചുമതലയും കർത്തവ്യവുമാകുന്നു.

### മേൽനോട്ടവും പ്രോത്സാഹനവും

ഇതു സമസ്തവും തങ്ങളുടെ ഫലപ്രദമായ മേൽനോട്ടത്തിൻകീഴിൽ വച്ചുകൊണ്ടിരിക്കുവാൻ അവർ വലിയ ഉത്സാഹം പ്രദർശിപ്പിക്കേണ്ടതാണു്. അതിനുംപുറമെ വിവേകപൂർവ്വകമായ പ്രോത്സാഹനവും മാർഗ്ഗദർശനവും അതിനു നല്കേണ്ടിയുമിരിക്കുന്നു. സത്യത്തേയും സത്യസഭയേയും അന്വേഷിക്കുന്നവരെ സഹായിക്കുകയും ഈ പ്രസ്ഥാനത്തിന്റെ പുരോഗതിയോടൊന്നിച്ചുതന്നെ വളരെ എളുപ്പത്തിലുണ്ടാകുന്ന അപകടങ്ങളിൽനിന്നു വിശ്വാസികളെ ഒഴിച്ചുനിർത്തുകയും എന്ന രണ്ടു ലക്ഷ്യങ്ങളേയും മുൻനിർത്തിയാണു് ഇപ്രകാരം ചെയ്യേണ്ടതു്.

ഒന്നാമതായി അവർ ചെയ്യേണ്ടതു് അവരുടെ സ്വന്തം രൂപതകളിൽ ഈ പ്രസ്ഥാനം സംബന്ധിച്ചു് മുൻപു നടന്നിട്ടുള്ളതും ഇപ്പോൾ നടക്കുന്നതുമായ പ്രവർത്തനങ്ങളെപ്പററി പൂർണ്ണമായ അറിവു സമ്പാദിക്കുകയാണു്.

ഈ ഉദ്ദേശ്യത്തോടുകൂടി പുനരൈക്യപ്രസ്ഥാനത്തേയും അതിനോടു ബന്ധമുള്ള സകല കാര്യങ്ങളേയും പ്രത്യേകം പഠിക്കുവാൻ യോഗ്യരായ വൈദികരെ അവർ നിയമിക്കണം.

ഈ പഠനങ്ങൾ തിരുസിംഹാസനത്തിൽനിന്നും നിശ്ചയിച്ചിട്ടുള്ള വിധത്തിലും മാർപ്പാപ്പാമാരുടെ ഉദ്ബോധനങ്ങളനുസരിച്ചുമായിരിക്കണം (ഉദാഹരണമായി "സാത്തിസ് കോൺയുക്തും", "മോർത്താലിയും ആനിമോസ്", "മിസ്തിച്ചി കോർപൊരിസ് ക്രിസ്തി" എന്നീ വിശ്വലേഖനങ്ങൾ നോക്കുക); പ്രസ്തുത വൈദികർ ഇടയ്ക്കിടയ്ക്കു മെത്രാന്റെ ക്രമപ്രകാരം റിപ്പോർട്ടു സമർപ്പിക്കുകയും വേണം.

ഈ പ്രസ്ഥാനത്തെപ്പററി ഒരു കത്തോലിക്കൻ പുറപ്പെടുവിക്കുന്ന ഏതൊരു പ്രസിദ്ധീകരണത്തെയും പ്രത്യേകമായി സൂക്ഷിച്ചുകൊണ്ടിരിക്കണം. ഗ്രന്ഥങ്ങളുടെ "മുൻകൂട്ടിയുള്ള പരിശോധനയും നിരോധനവും" സംബന്ധിച്ചുള്ള കാനോൻനിയമം (1384 & ff) ശരിക്കു പാലിക്കപ്പെടുവാൻ മെത്രാന്മാർ നിഷ്കർഷിക്കേണ്ടിയിരിക്കുന്നു.

### പ്രസിദ്ധീകരണങ്ങളുടെ പരിശോധന

ഈ പ്രസ്ഥാനത്തെപ്പററിയുള്ള അകത്തോലിക്കരുടെ പ്രസിദ്ധീകരണങ്ങളുടെ കാര്യത്തിലും, അവ കത്തോലിക്കർ പ്രസാധനംചെയ്യുവാനോ വായിക്കുവാനോ വില്ക്കുവാനോ ഉദ്ദേശിച്ചിട്ടുള്ളവയാണെങ്കിൽ, അപ്രകാരംതന്നെ ചെയ്യേണ്ടതാണു്.

മാത്രമല്ല, വിശ്വാസത്തെപ്പററിയുള്ള ജ്ഞാനം അന്വേഷിക്കുന്ന അകത്തോലിക്കർക്കു അതിനു സൗകര്യം നല്കുവാനും, അകത്തോലിക്കർക്കു സന്ദർശിക്കുവാനും സംശയനിവാരണം വരുത്തുവാനും ഇടവരത്തക്കവണ്ണം ചില കേന്ദ്രങ്ങളിൽ പ്രത്യേകം ആളുകളെ നിയമിക്കാനും മെത്രാന്മാർ ശ്രദ്ധിക്കേണ്ടതാണു്.

തിരുസ്സഭയിൽ ചേർന്നുകഴിഞ്ഞിട്ടുള്ളവർക്കു വിശ്വാസത്തിലും മതാനുഷ്ഠാനത്തിലും കൂടുതൽ അറിവു ലഭിക്കുവാൻ വേണ്ട ഏർപ്പാടുകളും അവർ ചെയ്യണം.

സമുചിതമായ കോൺഫറൻസുകൾ, പഠനക്കളരികൾ, ധ്യാനങ്ങൾ, മററു ആദ്ധ്യാത്മികാഭ്യാസങ്ങൾ എന്നീ മാർഗ്ഗങ്ങൾ ഇതിലേക്കായി സ്വീകരിക്കാവുന്നതാകുന്നു.

2 ഈ പ്രസ്ഥാനം നടത്തേണ്ട വിധത്തിന്റെ കാര്യത്തിൽ ചെയ്യേണ്ടതെന്തെന്നും ചെയ്യരുതാത്തതെന്തെന്നും മെത്രാന്മാർതന്നെയാണു നിശ്ചയിക്കേണ്ടതു്. ആ നിശ്ചയങ്ങൾ സകലരും അനുസരിക്കുവാനും അവർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

അകത്തോലിക്കരും നമ്മളും തമ്മിൽ വിയോജിക്കുന്ന സംഗതികൾ വിസ്മരിച്ചുകൊണ്ടു്, യോജിക്കുന്ന സംഗതികൾക്കു അടിസ്ഥാനരഹിതങ്ങളായ കാരണങ്ങൾ പറഞ്ഞു പ്രാധാന്യം കല്പിക്കുന്ന ആളുകളെ അവർ സൂക്ഷിക്കേണ്ടതാണു്.

മതവിഷയങ്ങളുടെ ഇപ്രകാരമുള്ള പ്രതിപാദനരീതി അവയെല്ലാം ഒരുപോലെയാണെന്നുള്ള ആപൽക്കരമായ മനോഭാവം ഉളവാക്കിയേക്കാം. വേദശാസ്ത്രത്തിലോ സ്വമതത്തിന്റെ അനുഷ്ഠാനത്തിലോ നല്ല ജ്ഞാനം സമ്പാദിച്ചിട്ടില്ലാത്തവരുടെ കാര്യത്തിൽ പ്രത്യേകിച്ചും ഈ അപകടമുണ്ടാകാം.

വേറൊരു മനോഭാവത്തേയും മെത്രാന്മാർ സൂക്ഷിക്കേണ്ടതാണു്. വിവിധമതവിശ്വാസങ്ങളെ കൂടുതൽ കൂടുതൽ സമീകരണംചെയ്യാമെന്നുള്ള മിഥ്യാബോധത്താൽ കത്തോലിക്കാമതത്തിന്റെ വിശ്വാസസത്യങ്ങളേയോ വിശ്വാസസത്യത്തോടു ബന്ധപ്പെട്ട തത്വങ്ങളേയോ ഇതരമതതത്വങ്ങളുമായി താരതമ്യംചെയ്തുകൊണ്ടുള്ള പഠനത്തിനു വിധേയമാക്കുന്ന മനോഭാവത്തെപ്പററിയാണു് ഇവിടെ സൂചിപ്പിക്കുന്നതു്. ഈ പഠനം കത്തോലിക്കാതത്വങ്ങൾക്കു ഭംഗം വരുത്തുകയും തദ്വാരാ അവയെ അകത്തോലിക്കാതത്വങ്ങൾക്കു് അനുരൂപങ്ങളാക്കുകയുമാണു ചെയ്യുന്നതു്.

ഈ സമ്പ്രദായത്താൽ കത്തോലിക്കാതത്വങ്ങളുടെ നൈർമ്മല്യത്തിനു കോട്ടം തട്ടുകയും ആദ്യം മുതലുള്ള അവയുടെ സാക്ഷാത്തായ അർത്ഥം അവ്യക്തമായിത്തീരുകയും ചെയ്യുന്നു.

ആശയങ്ങളെ പ്രകാശിപ്പിക്കുന്നതിലുള്ള ആപൽക്കരങ്ങളായ ചില രീതികളും ഒഴിച്ചുവയ്ക്കേണ്ടതാണു്. എന്തുകൊണ്ടെന്നാൽ അബദ്ധങ്ങളായ അഭിപ്രായങ്ങൾക്കും ഒരിക്കലും നിറവേറുവാൻ കഴിയാത്ത വഴിപിഴച്ച പ്രതീക്ഷകൾക്കും അവ നിദാനങ്ങളാകുന്നു. ചില ഉദാഹരണങ്ങൾ പറയാം. ഭിന്നിച്ചുനില്ക്കുന്ന നമ്മുടെ സഹോദരങ്ങളുടെ തിരുസ്സഭയിലേക്കുള്ള പ്രത്യാഗമനത്തെക്കുറിച്ചോ ക്രിസ്തുവിന്റെ മൗതികശരീരത്തെക്കുറിച്ചോ തിരുസ്സഭയുടെ ഭരണഘടനയെക്കുറിച്ചോ മാർപ്പാപ്പാമാർ അവരുടെ വിശ്വലേഖനങ്ങളിൽ എഴുതിയിട്ടുള്ളവ മുഴുവനും വിശ്വാസസത്യമല്ലെന്നും അതിനാൽ അവയെ അത്ര കാര്യമായി ഗണിക്കേണ്ടതില്ലെന്നും അഭിപ്രായപ്പെടുന്നവരുണ്ടു്. ഇതിനെക്കാൾ മോശമാണു വേറൊരഭിപ്രായം. വിശ്വാസസത്യങ്ങളെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ വെളിപാടുമുഴുവനും കത്തോലിക്കാസഭയ്ക്കുപോലും ഇനിയും കൈവന്നിട്ടില്ലെന്നും കൈവന്നിട്ടുള്ളവ

യെ പുറമെ നിന്നെടുക്കുന്ന തത്വങ്ങൾകൊണ്ടു് പൂർത്തീകരിക്കുവാൻ കഴിയുന്നതാണെന്നുമുള്ള അഭിപ്രായമാണതു്.

### പ്രോട്ടസ്റ്റന്റു നവീകരണം

പ്രോട്ടസ്റ്റന്റു നവീകരണപ്രസ്ഥാനത്തിന്റെ ചരിത്രം പറഞ്ഞുകേൾപ്പിക്കുന്ന വിധത്തിലും മെത്രാന്മാർ പ്രത്യേകം ശ്രദ്ധപതിക്കേണ്ടതാണു്. കത്തോലിക്കരുടെ ഭാഗത്തുള്ള കുറവുകളെ ഏതെങ്കിലും തരത്തിൽ അതിവർണ്ണനം ചെയ്യുന്നതിനേയും അതേസമയംതന്നെ നവീകരണക്കാരുടെ തെററുകളെ അവഗണിച്ചുകളയുന്നതിനേയും അവർ ശക്തിയോടുകൂടി പ്രതിഷേധിക്കേണ്ടതാണു്.

അപ്രധാനങ്ങളായ വാദമുഖങ്ങളിൽ ആവശ്യത്തിലധികം ശ്രദ്ധപതിക്കാതിരിക്കുവാനും കത്തോലിക്കാവിശ്വാസം പരിത്യജിക്കപ്പെട്ടുവെന്ന അതിലെ സാക്ഷാത്തായ സംഗതി കഷ്ടിച്ചുമാത്രം കാണത്തക്കവണ്ണം മങ്ങിപ്പോകാതിരിപ്പാനും അവർ സൂക്ഷിക്കേണ്ടതാണു്.

അവസാനമായി അവർ ശ്രദ്ധിക്കേണ്ടതെന്തെന്നാൽ, വഴിപിഴച്ച ഉത്സാഹം പ്രദർശിപ്പിക്കുകയും അതിരുകവിഞ്ഞും ക്രമാതീതമായുമുള്ള തീക്ഷ്ണതയോടുകൂടി പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നവർ വഴിയായി ഈ പ്രസ്ഥാനത്തിനു ഗുണത്തെക്കാൾ ദോഷം തട്ടാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണു്.

ആകയാൽ കത്തോലിക്കാമതതത്വങ്ങൾ മുഴുവനായും അന്യൂനമായും പ്രകാശിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അവയിൽ യാതൊന്നിനെക്കുറിച്ചും മൗനമവലംബിക്കുകയോ അവ്യക്തമായ ഭാഷയിൽ പ്രതിപാദിക്കുകയോ ചെയ്തുകൂടാ. ഉദാഹരണമായി, നിത്യരക്ഷയുടെ സ്വഭാവത്തേയും മാർഗ്ഗങ്ങളേയും സംബന്ധിക്കുന്ന തത്വങ്ങൾ, തിരുസ്സഭയുടെ ഭരണഘടന, ഭരണവിഷയത്തിൽ മാർപ്പാപ്പാമാർക്കുള്ള പരമാധികാരം, വിഭിന്നസഹോദരങ്ങൾ ക്രിസ്തുവിന്റെ ഏകസത്യസഭയിലേക്കു പ്രത്യാഗമിക്കുന്നതുകൊണ്ടുമാത്രമേ യഥാർത്ഥമായ പുനരൈക്യം ഉണ്ടാകയുള്ളുവെന്ന ദൃഢമായ ബോദ്ധ്യം, ഇവയെപ്പററിയാണു് ഇവിടെ പറയുന്നതു്.

അകത്തോലിക്കരെ ഒരു കാര്യം തീർച്ചയായും ധരിപ്പിക്കാവുന്നതാണു്. ദൈവാനുഗ്രഹത്തിന്റെ പ്രവർത്തനഫലമായി അവരുടെ ആത്മാക്കളിൽ ഉണ്ടായിക്കഴിഞ്ഞിട്ടുള്ള നന്മ അവർ സഭയിലേക്കു തിരിച്ചുവരുന്നപക്ഷം, നഷ്ടിഭവിക്കുകയല്ല, പ്രത്യുത, മുഴുവനാകുകയും പരിപൂർണ്ണത പ്രാപിക്കുകയുമാണു ചെയ്യുന്നതു്.

### യഥാർത്ഥപുനരൈക്യം

എന്നാൽ ഒരു ധാരണ അവരിൽ ജനിപ്പിക്കുവാൻ പാടുള്ളതല്ല. തിരുസ്സഭയ്ക്കു മുമ്പില്ലാതിരുന്ന സാരഭൂതമായ എന്തെങ്കിലും അവരുടെ പ്രത്യാഗമനത്താൽ അവർ സംഭാവന ചെയ്യുകയാണു് എന്നതാണാ ധാരണ.

ഇക്കാര്യങ്ങളെല്ലാം സ്പഷ്ടമായും പരസ്യമായും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവർ സത്യം ആണല്ലോ അന്വേഷിക്കുന്നതു്. ആ സത്യത്തിനു വെളിയിൽ യഥാർത്ഥമായ പുനരൈക്യം ഒരിക്കലും കാണുന്നതല്ല.

3 കത്തോലിക്കരും അകത്തോലിക്കരും ഒന്നിച്ചുചേർന്നുള്ള സമ്മേളനങ്ങളും കോൺഫറൻസുകളും—പുനരൈക്യപ്രസ്ഥാനം പരിപോഷിപ്പിക്കുവാൻ വേണ്ടി കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി അത്തരം പലതും സമാരംഭിക്കപ്പെട്ടിട്ടുണ്ടു് — വൈദികാദ്ധ്യക്ഷന്മാരുടെ അനിതരസാധാരണമായ സൂക്ഷ്മത്തിനും നിയന്ത്രണത്തിനും വിധേയമായിരിക്കേണ്ടവയാണു്.

അകത്തോലിക്കരിലധികവും കത്തോലിക്കാതത്വങ്ങളെപ്പററി ഏറെക്കുറെ അജ്ഞന്മാരായിരിക്കുന്നതിനാൽ കത്തോലിക്കാവിശ്വാസത്തെപ്പററിയുള്ള ജ്ഞാനം അവരുടെയിടയിൽ പ്രചരിപ്പിക്കുവാൻ ഈ സമ്മേളനങ്ങൾ സ്വാഗതാർഹമായ അവസരത്തെ പ്രദാനം ചെയ്യുന്നുണ്ടു്. എന്നുവരികിലും അവയിൽ പങ്കെടുക്കുന്ന കത്തോലിക്കർക്കു്, ഏതു സഭയുടെ അംഗമായിരുന്നാലും മതിയെന്നുള്ള തെററായധാരണ ഉണ്ടാകാൻ അവ യഥാർത്ഥത്തിൽ കാരണമായേക്കാം.

സൽഫലങ്ങൾ ഉളവാകുമെന്നു പ്രതീക്ഷയുള്ളപ്പോൾ ഇത്തരം സമ്മേളനങ്ങൾ ക്രമാനുസൃതം നടക്കുവാൻ തക്കവണ്ണം മെത്രാന്മാർ ഏർപ്പാടുകൾ ചെയ്യണം. കത്തോലിക്കാതത്വങ്ങളെ സമുചിതമായി വിശദീകരിക്കുവാനും സംരക്ഷിക്കുവാനും ഏററവുമധികം യോഗ്യരായുള്ള വൈദികന്മാരെ ഈ ജോലിക്കായി നിയമിക്കുകയും വേണം.

എന്നാൽവിശ്വാസികൾക്കു് ഈ സമ്മേളനങ്ങളിൽ സന്നിഹിതരായിരിക്കണമെങ്കിൽ അവർ അതിനുള്ള പ്രത്യേകാനുവാദം വൈദികാധികാരികളിൽനിന്നു മുൻകൂട്ടി വാങ്ങിയിരിക്കണം. ഈ അനുവാദമാകട്ടെ വിശ്വാസത്തിൽ നല്ലവണ്ണം അടിയുറച്ചവരും അതിനെപ്പററി നല്ല ജ്ഞാനമുള്ളവരുമെന്നു അറിയപ്പെട്ടിട്ടുള്ളവർക്കു മാത്രമേ നല്കുകയുള്ളു.

നേരെമറിച്ചു്, സൽഫലങ്ങൾ പുറപ്പെടുമെന്നു പ്രതീക്ഷയില്ലാത്തപ്പോളോ സ്ഥലകാലാദിസാഹചര്യങ്ങളിൽനിന്നു പ്രത്യേകമായ ദോഷഫലങ്ങൾ ഉളവാകുമെന്നു ഭയമുള്ളപ്പോളോ, സമ്മേളനങ്ങളിൽ സന്നിഹിതരാകുന്നതിൽനിന്നു വിശ്വാസികളെ വിവേകപൂർവ്വം തടയേണ്ടതാണു്. ഈ സമ്മേളനങ്ങളെതന്നെയും കഴിയുംവേഗം നിർത്തിവയ്ക്കുകയോ ക്രമേണ സമാപിപ്പിക്കുകയോ ചെയ്യേണ്ടതാണു്.

ഇത്തരം സമ്മേളനങ്ങൾ വിപുലമായതോതിൽ നടത്തുന്നതുകൊണ്ടു് സാമാന്യമായി വളരെ കുറച്ചുമാത്രം ഗുണമേ ഉണ്ടാകയുള്ളുവെന്നും അവ യഥാർത്ഥത്തിൽ ദോഷകാരണമായിത്തീരുന്നുണ്ടെന്നുമാണു് അനുഭവം തെളിയിക്കുന്നതു്. തന്മൂലം ഏററവും ശ്രദ്ധാപൂർവ്വകമായ അന്വേഷണത്തിനുശേഷം മാത്രമേ അവയ്ക്കു അനുമതി നല്കാവൂ.

കത്തോലിക്കരും അകത്തോലിക്കരുമായ വേദശാസ്ത്രജ്ഞന്മാർതമ്മിൽ വാദപ്രതിവാദങ്ങൾ നടത്തുവാൻ വൈദികന്മാരെമാത്രമേ നിയമിക്കുവാൻ പാടുള്ളു. ഈ വൈദികർ വേദശാസ്ത്രജ്ഞാനത്താലും ഈ വിഷയത്തിൽ തിരുസ്സഭയുടെ തത്വങ്ങളോടും നിയമങ്ങളോടുമുള്ള പരിപൂർണ്ണമായ വിധേയത്വത്താലും അനുസരണത്താലും പ്രസ്തുത ജോലിക്കു യോഗ്യന്മാരെന്നു തെളിഞ്ഞിട്ടുള്ളവരായിരിക്കുകയും വേണം.

### മുന്നറിയിപ്പു്

4 ഇത്തരം എല്ലാ സമ്മേളനങ്ങളും കോൺഫറൻസുകളും പരസ്യമോ രഹസ്യമോ ആയാലും, വലുതോ ചെറുതോ ആയാലും ഈ തിരുസംഘം 1948 ജൂൺ 5-ാംനു- പരസ്യംചെയ്ത "കും കൊമ്പെർത്തും" എന്ന രേഖയിലെ മുന്നറിയിപ്പിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള തിരുസ്സഭയുടെ നിർദ്ദേശങ്ങൾക്കു വിധേയങ്ങളായിരിക്കണം. കത്തോലിക്കരും അകത്തോലിക്കരും സമന്മാരെന്നനിലയിൽ ഒന്നിച്ചുകൂടി വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളെപ്പററി ചർച്ച നടത്തുകയും ഓരോരുത്തരും അവരവരുടെ മതവിശ്വാസമനുസരിച്ചുള്ള തത്വങ്ങൾ പ്രകാശിപ്പിക്കുകയും ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ള ഈ സമ്മേളനങ്ങൾ പരിച്ഛേദം മുടക്കപ്പെട്ടവയല്ല. എന്നാൽ വേണ്ട അധികാരമുള്ള വൈദികാദ്ധ്യക്ഷന്മാരുടെ അംഗീകരണത്തോടുകൂടി മാത്രമേ അവ നടത്തുവാൻ പാടുള്ളു.

ഈ നിർദ്ദേശം അനേകമാളുകൾക്കു് ഒരുമിച്ചു വേദോപദേശം നല്കുവാനുള്ള സമ്മേളനങ്ങൾക്കു ബാധകമല്ല. സഭയിൽ ചേരുവാൻ ആഗ്രഹിക്കുന്നവർക്കു കത്തോലിക്കാതത്വങ്ങൾ വിശദീകരിച്ചുകൊടുക്കുന്ന കോൺഫറൻസുകൾക്കും ബാധകമല്ല.

ഇങ്ങനെയുള്ള സമ്മേളനങ്ങളിൽ തങ്ങളുടെ സഭകളിലെ വിശ്വാസസത്യങ്ങൾ വിശദീകരിക്കുവാൻ അകത്തോലിക്കർക്കു അവസരം നല്കുകയും അതിന്റെ ഫലമായി ആ തത്വങ്ങൾ കത്തോലിക്കാതത്വങ്ങളുമായി യോജിക്കുകയോ വിയോജിക്കുകയോ ചെയ്യുന്നതു് എങ്ങനെയെന്നു സ്പഷ്ടമായും കൃത്യമായും കാണുവാൻ അവർക്കു കഴിയുകയും ചെയ്യുമെങ്കിൽ, അവയ്ക്കും ഈ നിശ്ചയം ബാധകമല്ല.

കത്തോലിക്കരും അകത്തോലിക്കരും ഒന്നിച്ചുകൂടുന്നതിന്റെ ഉദ്ദേശ്യം വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ചുള്ള കാര്യങ്ങൾ ചർച്ചചെയ്യുവാനല്ല, പ്രത്യുത ക്രിസ്തുമതത്തിന്റെയും സ്വാഭാവിക നിയമത്തിന്റെയും മൗലികതത്വങ്ങളുടെ സംരക്ഷണത്തിനുവേണ്ടി സംയുക്തമായി പ്രവർത്തിക്കേണ്ടതെങ്ങനെയെന്നു തമ്മിൽ ആലോചിക്കുവാനാണു് എന്നുവരികിൽ അത്തരം സമ്മേളനങ്ങൾക്കും 1948-ലെ നിർദ്ദേശം ബാധകമല്ല; സാമുദായികവ്യവസ്ഥിതിയുടെ പുനഃസംവിധാനത്തേയും തത്തുല്യമായ മററു പ്രശ്നങ്ങളേയും ചർച്ചചെയ്യുവാൻ കൂടുന്ന സമ്മേളനങ്ങൾക്കും അതു ബാധകമല്ല.

മേൽവിവരിച്ച നിർദ്ദേശങ്ങളുടെ പരിധിയിൽ വരുന്ന കോൺഫറൻസുകളുടേയും സമ്മേളനങ്ങളുടേയും കാര്യത്തിൽ തിരുസിംഹാസനത്തിൽനിന്നുമാണു് അനുവാദം നല്കേണ്ടതു്. എന്നാൽ അത്തരം സമ്മേളനങ്ങൾ കേവലം പ്രാദേശികമായ തോതിൽ കൂടുന്നതിനു് അനുവദിക്കുവാൻ ഈ ലിഖിതത്തിന്റെ പ്രസിദ്ധീകരണംമുതൽ മൂന്നുകൊല്ലത്തേക്കു് അതതുസ്ഥലത്തെ വൈദികാധികാരികൾക്കു് ഇതിനാൽ അധികാരം നല്കിയിരിക്കുന്നു. അവർ പ്രസ്തുതാനുവാദം നല്കുന്നതു് താഴെ പറയുന്ന വ്യവസ്ഥകളനുസരിച്ചായിരിക്കണം.

എ) വിശുദ്ധകർമ്മങ്ങളിലുള്ള സംസർഗ്ഗം പരിച്ഛേദം ഇല്ലാതിരിക്കണം. (അതായതു്, അകത്തോലിക്കരുടെ മതകർമ്മങ്ങളിൽ പങ്കുവഹിച്ചുകൊണ്ടുള്ള യാതൊരു പ്രവൃത്തിയും കത്തോലിക്കർ ചെയ്തുകൂടാ.)

ബി) ചർച്ചകൾതന്നെയും വേണ്ടവിധം പരിശോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യണം.

സി) കൊല്ലാവസാനത്തിൽ ഈ തിരുസംഘത്തിനു ഒരു റിപ്പോർട്ടു സമർപ്പിക്കുകയും, ഇത്തരം സമ്മേളനങ്ങൾ നടന്ന സ്ഥലങ്ങളുടെ ഒരു പട്ടികയും അവയിൽനിന്നു ലഭിച്ച അനുഭവജ്ഞാനത്തിന്റെ ഒരു വിവരണവും അതിൽ നല്കിയിരിക്കുകയും വേണം.

വേദശാസ്ത്രപരമായ ചർച്ചകളുടെ കാര്യത്തിൽ ഇതേ അധികാരം ഇത്രയും കാലത്തേക്കുതന്നെ ചർച്ചകൾ നടക്കുന്ന സ്ഥലത്തെ വൈദികാധികാരിക്കോ വൈദികാധികാരികൾ പൊതുവിൽ സമ്മതിച്ചു് ഇത്തരം പ്രവർത്തനങ്ങളുടെ നേതൃത്വം സ്വീകരിക്കുവാൻ നിയമിക്കുന്ന മെത്രാനോ നല്കിയിരിക്കുന്നു.

ഈദൃശചർച്ചകളെ സംബന്ധിച്ചിടത്തോളം മേൽപ്പറഞ്ഞവയ്ക്കുംപുറമെ ഒരു വ്യവസ്ഥകൂടി ചേർക്കുന്നു. ചർച്ചകൾക്കു വിഷയമായ പ്രശ്നങ്ങളേയും തദവസരങ്ങളിൽ സന്നിഹിതരായിരുന്നവരുടെയും ഇരുഭാഗത്തേക്കുംവേണ്ടി സംസാരിച്ചവരുടേയും പേരുകളും ഓരോ വർഷത്തിലും ഈ തിരുസംഘത്തെ അറിയിക്കേണ്ടതാണു്.

പലരൂപതകൾ ഒരുമിച്ചുള്ളതോ ദേശീയമോ സാർവ്വദേശീയമോ ആയ കോൺഫറൻസുകൾ കൂടണമെങ്കിൽ ഓരോ പ്രാവശ്യവും അവ നടക്കുന്നതിനുമുമ്പായി തിരുസിംഹാസനത്തിൽനിന്നുതന്നെ പ്രത്യേകാനുവാദം വാങ്ങിയിരിക്കേണ്ടതാണു്.

ഏതു വിഷയങ്ങളാണു് ആ കോൺഫറൻസുകളിൽ ചർച്ചചെയ്യാൻ പോകുന്നതെന്നും, അവയിൽ സംസാരിക്കുവാൻ ഉദ്ദേശിക്കുന്നവർ ആരൊക്കെയെന്നും അനുവാദത്തിനായുള്ള അപേക്ഷയിൽ തിരിച്ചുകാണിക്കേണ്ടിയുമിരിക്കുന്നു.

മാത്രമല്ല, ഈ അനുവാദം ലഭിക്കുന്നതിനുമുമ്പു അത്തരം കോൺഫറൻസുകൾക്കായുള്ള പരസ്യമായ ഒരുക്കങ്ങൾ ആർക്കും തുടങ്ങാവുന്നതല്ല; അത്തരം പ്രസ്ഥാനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അകത്തോലിക്കരുമായി യാതൊരു ഇടപാടും ആരംഭിക്കാവുന്നതുമല്ല.

5. ഇത്തരം സകല കോൺഫറൻസുകളിലും സമ്മേളനങ്ങളിലും വിശുദ്ധകർമ്മങ്ങളിലുള്ള സംസർഗ്ഗം നിഷിദ്ധമാണെങ്കിലും, യോഗങ്ങൾ ആരംഭിക്കുമ്പോഴോ അവസാനിക്കുമ്പോഴോ "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന ജപമോ തിരുസ്സഭ അംഗീകരിച്ചിരിക്കുന്ന മറേറതെങ്കിലും ജപമോ ഇരുകൂട്ടർക്കുംകൂടി ചൊല്ലുവാൻ വിരോധമില്ല.

6 ഈ പ്രസ്ഥാനം ഓരോ രൂപതകളിലും പുരോഗമിപ്പിക്കുന്നതിൽ മാർഗ്ഗദർശനം നല്കുകയും നേതൃത്വം വഹിക്കുകയും ചെയ്യുന്നതു അവിടത്തെ വൈദികാദ്ധ്യക്ഷന്റെ അധികാരവും കർത്തവ്യവുമാകുന്നു. എന്നാൽ ഈ പ്രസ്ഥാനം നിരീക്ഷിച്ചുകൊണ്ടിരിക്കുവാനും പരിശോധിക്കുവാനും നയിക്കുവാനുമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും സംഘടനകളെ രൂപീകരിക്കുകയും ചെയ്യുന്നതിൽ മെത്രാന്മാർ പലരും ഒരുമിച്ചു പ്രവർത്തിക്കുന്നതു പ്രയോജനകരം മാത്രമല്ല ആവശ്യകവും ആയിരുന്നേക്കാം.

ഈ പ്രസ്ഥാനത്തിനു ഐകരൂപ്യവും എല്ലാവരുടേയും സഹകരണവും ലഭിക്കുവാൻ ഏററവും പററിയ മാർഗ്ഗങ്ങൾ ഏവയാണെന്നു തമ്മിലാലോചിച്ചു തീരുമാനിക്കേണ്ടതു് ഈ വൈദികാദ്ധ്യക്ഷന്മാരുടെ ചുമതലയാണു്.

### കണിശമായ അനുസരണ

7 ഈ വിഷയത്തിൽ സന്യാസസഭകളുടെ അദ്ധ്യക്ഷന്മാർ ശ്രദ്ധാലുക്കളായിരിക്കണം. തിരുസിംഹാസനത്തിലേയും അതാതു സ്ഥലങ്ങളിലെ വൈദികാദ്ധ്യക്ഷന്മാരുടേയും നിർദ്ദേശങ്ങൾ അവരുടെ കീഴുള്ളവർ കണിശമായും വിശ്വസ്തമായും അനുസരിക്കുമെന്നു് അവർ ഉറപ്പുവരുത്തുകയും വേണം.

സകല ക്രിസ്ത്യാനികളും ഏകസത്യവിശ്വാസത്തിലേക്കും തിരുസ്സഭയിലേക്കും പുനരൈക്യപ്പെടുകയെന്ന ഈ മഹനീയപ്രസ്ഥാനത്തിനു തിരുസ്സഭയുടെ സാർവ്വത്രികമായ ഭരണച്ചുമതലയിൽ ദിനംപ്രതി കൂടുതൽ പ്രധാനമായ സ്ഥാനം ലഭിക്കേണ്ടിയിരിക്കുന്നു; ഈ ലക്ഷ്യപ്രാപ്തിക്കായി ഓരോ കത്തോലിക്കനും പൂർവ്വാധികം ആത്മാർത്ഥമായി ദൈവത്തോടു പ്രാർത്ഥിക്കയും ചെയ്യണം.

ഇതിലേക്കുള്ള ഒരു വലിയ സഹായകമാർഗ്ഗമായി വിശ്വാസികൾക്കു ഇടയലേഖനങ്ങളാലും മററും വേണ്ടവിധം അറിവു നൽകിക്കൊണ്ടിരിക്കണം. ഈ പ്രശ്നങ്ങളേയും സ്വീകരിക്കപ്പെടുന്ന നടപടികളേയും തൽസംബന്ധം തിരുസ്സഭ നൽകിട്ടുള്ള നിർദ്ദേശങ്ങളേയും അവയ്ക്കാധാരങ്ങളായ ന്യായങ്ങളേയും കുറിച്ചാണു അറിവു നല്കേണ്ടതു്.

സകലരും, വൈദികരും സന്യാസികളും പ്രത്യേകിച്ചും, ഈ പ്രസ്ഥാനത്തിൽ തീക്ഷ്ണമായ താൽപര്യം പ്രദർശിപ്പിക്കുവാനും അതിന്റെ വിജയത്തിനുവേണ്ടി പ്രാർത്ഥനയാലും പരിത്യാഗത്താലും കഴിവുള്ള സകല പരിശ്രമങ്ങളും ചെയ്യുവാനും വേണ്ട പ്രോത്സാഹനങ്ങൾ നല്കേണ്ടതാണു്.

അവസാനമായി, സകലരേയും ഒരു സംഗതി അനുസ്മരിപ്പിക്കേണ്ടിയിരിക്കുന്നു. സത്യവിശ്വാസം സ്വീകരിക്കുന്നതിനും തിരുസ്സഭയിൽ പ്രവേശിക്കുന്നതിനും നമ്മുടെ വിഭിന്നസഹോദരങ്ങൾക്കു വഴിതെളിച്ചുകൊടുക്കുവാൻ മറെറല്ലാ മാർഗ്ഗങ്ങളേയുംകാൾ ഫലപ്രദമായിട്ടുള്ളതു കത്തോലിക്കർ അവരുടെ വിശ്വാസത്തിനു് അനുയോജ്യമായി ഭക്തിജനകമായവിധത്തിൽ ജീവിതം നയിക്കുകയാണു്.

എന്നു റോമയിൽ ഹോളി ഓഫീസ് അരമനയിൽനിന്നു 1949 ഡിസംബർ 20-ാംനു.

Francis Card· Marchetti
Selvaggiani, Secretary
Alfred Ottaviani
Assessor
Supreme Sacred Congregation
of the Holy Office

---

## ഷഷ്ട്യബ്ദപൂർത്തി

പാവർട്ടി സാഹിത്യദീപികാസംസ്കൃതകോളെജിന്റെ സ്ഥാപകനായ സംസ്കൃത പ്രണയഭാജനം ശ്രീ പി. ടി. കുരിയാക്കു അവർകളുടെ ഷഷ്ട്യബ്ദപൂർത്തി അടുത്ത സ്കൂൾവർഷാരംഭത്തിൽ ആഘോഷിക്കുന്നതാണു്. ആ അവസരത്തിൽ അദ്ദേഹത്തിനു് ഒരു പണക്കിഴി സമ്മാനിക്കുന്നതിനുവേണ്ടി സംസ്കൃതഭാഷാപ്രണയികളായ പൊതുജനങ്ങളുടെ ഉദാരമായ സംഭാവനകൾ പ്രസ്തുതാഘോഷംസംബന്ധിച്ചു് സംഘടിപ്പിച്ചിട്ടുള്ള "ശിഷ്യസഭാപ്രവർത്തകസമിതി" അഭ്യർത്ഥിക്കുന്നു.

## ലോകസമാധാനം

(5-ാം പേജ് തുടർച്ച)

നു പരിശോധിക്കാം. 1945 ആഗസ്റ്റ് മാസത്തിൽ ജപ്പാനിൽ രണ്ടേ രണ്ടു ആറ്റംബോംബുകൾ വീണു് തൊട്ടുകൂടി പൗരസ്ത്യലോകത്തെ കിടുകിടാ വിറപ്പിച്ചിരുന്ന ആ ബൃഹത്സാമ്രാജ്യം അധഃപതിച്ചുപോയി. ഇപ്പോൾ ഇതാ ആ നശീകരണായുധത്തെ വെല്ലുന്ന ഹൈഡ്രജൻ ബോംബ് കണ്ടുപിടിച്ചിരിക്കുന്നു. ഭൂലോകത്തിൽ സമാധാനവും ശാന്തിയും വരുത്തുവാൻ കേവലം മനുഷ്യബുദ്ധിക്കു സാധിക്കുകയില്ലെന്നുള്ളതിനു വേണ്ട തെളിവുകളാണു് മേൽപ്പറഞ്ഞവയെല്ലാം നമുക്കു പ്രദാനം ചെയ്യുന്നതു്.

ആകയാൽ മനുഷ്യരാശി ഈ ഘട്ടത്തിൽ ചെയ്യേണ്ടതു്, തങ്ങളുടെ വഴിപിഴച്ച അഹന്തയും ദൈവനിന്ദയും പരിത്യജിച്ചു്, വിനയത്തോടും പ്രതീക്ഷയോടുംകൂടി, തങ്ങൾക്കു ലഭിച്ചിട്ടുള്ള സകല കഴിവുകളെയും സ്രഷ്ടാവിന്റെ ഹിതാനുവർത്തനത്തിനായി സമർപ്പിച്ചുകൊണ്ടു്, ലോകസമാധാനത്തിനുവേണ്ടി അകമഴിഞ്ഞു പ്രാർത്ഥിക്കുകയാണു്. ഇങ്ങനെ, നിരന്തരവും നിഷ്കളങ്കവുമായ പ്രാർത്ഥനാധൂമപടലങ്ങൾ ഭൂലോകവാസികളിൽനിന്നും, സൃഷ്ടിസ്ഥിതിസംഹാരകർത്താവായ ജഗദീശ്വരസന്നിധിയിലെത്തുമ്പോൾ, ഈശ്വരപ്രോക്തമായ നീതിബോധം മനുഷ്യബുദ്ധിയിൽ വീണ്ടും ഉദയംചെയ്യുകയും, തന്മൂലം ലോകത്തിൽ സാക്ഷാത്തായ സമാധാനം വീണ്ടും പ്രകാശിക്കുകയും ചെയ്യും. ഇതിനുള്ള ഒരാഹ്വാനമാണു് മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് ഈ മാർച്ചുമാസം 26-ാംനു ആസ്തികബുദ്ധികളായ സകലരോടും ചെയ്തിട്ടുള്ളതു്.

---

എന്റെ കടയിൽനിന്നും മോഷണം പോയ സാമാനങ്ങളെ സംബന്ധിച്ചു തെളിവു കിട്ടുന്നതിനുവേണ്ടി സ്ഥലത്തെ ദേവാലയത്തിൽ വി. ശൗര്യാർ പുണ്യവാന്റെ സ്തുതിക്കു പാട്ടുകുർബാനയും മററു പ്രാർത്ഥനകളും നടത്തിയ ദിവസംതന്നെ ഉദ്ദിഷ്ടകാര്യം സാധിച്ചിരിക്കുന്നു.

എന്നു ഒരു വ്യാപാരി,
കിഴക്കൻ ചേരാനല്ലൂർ

---

അ. കേ. ക. കോൺഗ്രസ

## വാർഷികം

അഖിലകേരള കത്തോലിക്കാകോൺഗ്രസിന്റെ 25-ാംവാർഷികമഹാമഹം ഏപ്രിൽ 11, 12, 13 എന്നീ തീയതികളിൽ ഒല്ലൂർപള്ളി പരിസരങ്ങളിൽവച്ചു് ആഘോഷിക്കുന്നതാണു്. തൃശ്ശൂർമെത്രാൻ തിരുമനസ്സുകൊണ്ടു് പതാക ഉയർത്തുന്നതാണെന്നറിയുന്നു. സമ്മേളനത്തിന്റെ ഉൽഘാടനം നിർവ്വഹിക്കുവാൻ ബാംഗ്ലൂർമെത്രാൻ ഡോക്ടർ പി. തോമസ് തിരുമേനിയെ ക്ഷണിച്ചിട്ടുണ്ടു്.

സമ്മേളനംസംബന്ധിച്ചു കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി വെ. റവ. ഡോ. പോൾ കാക്കശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ഒരു സ്വീകരണസംഘം രൂപവൽകൃതമായിട്ടുണ്ടു്. പ്രസ്തുത സംഘത്തിനു് തൃശ്ശൂർമെത്രാൻ തിരുമനസ്സുകൊണ്ടു് അയച്ചിരിക്കുന്ന ആശീർവ്വാദലേഖനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ 25-ാംവാർഷികസമ്മേളനം ഒല്ലൂരിൽവച്ചു നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതായി അറിയുന്നതിൽ നാം അതിയായി സന്തോഷിക്കുന്നു. തൽഘടകങ്ങളുടേയും, ഭാരവാഹികളുടേയും കോൺഗ്രസ്സിന്റെയുംമേൽ ദൈവാനുഗ്രഹം സമൃദ്ധിയായി ഉണ്ടാകട്ടെ എന്നു സർവ്വാത്മനാ പ്രാർത്ഥിക്കുകയും, പ്രസ്തുത സമ്മേളനത്തിനു സകല വിജയങ്ങളും ഫലസിദ്ധിയും ഹാർദ്ദമായി ആശംസിക്കുകയും ചെയ്തുകൊള്ളുന്നു. സമ്മേളനവിജയത്തിനായി ഏവരും പ്രത്യേകം പ്രാർത്ഥിക്കുകയും, രൂപതയിലെ പള്ളികളും മററു മതസ്ഥാപനങ്ങളും, ബ: വൈദികരും ജനങ്ങളും ഉദാരമായ ധനസഹായവും മററു സഹായസഹകരണങ്ങളും നൽകുകയും ചെയ്യുകാണുവാൻ നാം താല്പര്യപ്പെടുന്നു. സ്വാഗതസംഘാംഗങ്ങളേയും മററു പ്രവർത്തകന്മാരേയും നാം പൈതൃകമായി ആശീർവ്വദിക്കുന്നു.

(ഒപ്പ്)

## പ്രാദേശികവാർത്തകൾ

ചിററാട്ടുകര വിൻസെന്റ് ഡി പോൾസഖ്യത്തിന്റെ ദ്വിതീയവാർഷികം മാർച്ച് 5-ാംനു റവ. ഫാ. ബൊനവന്തൂര ടി. ഒ. സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. ശ്രീ ചാക്കോ ചിറമേൽ തദവസരത്തിൽ ഒരു പ്രസംഗം നടത്തി.

—രാമപുരം സെൻറു് വിൻസെന്റ് ഡി പോൾ സഖ്യം, ലീജിയൻ ഓഫ് മേരി, ഫ്രാൻസിസ്കൻ മൂന്നാംസഭ, കത്തോലിക്കാപ്രവർത്തനസംഘം ഇവയുടെ സംയുക്തവാർഷികം മാർച്ച 5-ാംനു ശ്രീ ജോർജ്ജ് തോമസ് ബി. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ബ്രദർ പീററർ റെസ്റ്റി, റവ. ഫാദർ ലെയോ, ശ്രീ പി. എം. ജോസഫ് ബി.എസ്സ്.സി എന്നിവർ പ്രസംഗിച്ചു.

—പാലാ സെന്റ് തോമസ്പള്ളിയിലെ വാർഷികധ്യാനവും നാല്പതുമണിയാരാധനയും മാർച്ചുമാസാരംഭത്തിൽ നടത്തപ്പെട്ടു. റവ. ഫാ. ജി. സി. പീലാറയായിരുന്നു ധ്യാനഗുരു.

—തോട്ടയ്ക്കാട്ട് സൺഡേസ്കൂൾവാർഷികം മാർച്ച് 5-ാംനു റവ. ഫാ. ഇഗ്നേഷ്യസ് ചോതിരക്കുന്നേൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. തദവസരത്തിൽ ഒരു മിഷൻസഹായസംഘടന രൂപവൽക്കരിക്കണമെന്നു നിശ്ചയം പാസാക്കപ്പെട്ടു.

—നെടുങ്കുന്നം, മുഴൂർ, മുത്തോലി എന്നീ വിടങ്ങളിൽ ചെറുപുഷ്പമിഷൻലീഗിന്റെ ഓരോ ശാഖ ഉൽഘാടനംചെയ്തിരിക്കുന്നതായറിയുന്നു.

—പൂവത്തോട് ചെറുപുഷ്പമിഷൻലീഗിന്റെ വാർഷികം റവ. ഫാ. സക്കറിയാസ് പൂവത്തിങ്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ മാർച്ച് 26-ാംനു ആഘോഷിക്കുന്നതാണു്.

—അരുവിക്കുഴി സെന്റ് തോമസ് മിഷൻലീഗ് ചെറുപുഷ്പമിഷൻലീഗുമായി സംയോജിപ്പിക്കുകയും ഉൽഘാടനം റവ. ഫാ. മത്തായി നടുവിലേക്കൂറ്റ് മാർച്ച് 12-ാംനു നിർവ്വഹിക്കുകയും ചെയ്തു.

—ഞാറയ്ക്കൽ സെന്റ് വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ പ്രഥമവാർഷികസമ്മേളനം മാർച്ച് 26-ാംനു എറണാകുളം മെത്രാപ്പോലീത്താതിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെടുന്നതാണു്. തദവസരത്തിൽ തിരുമനസ്സുകൊണ്ടു് "ചെറുപുഷ്പ അനാഥമന്ദിരത്തിന്റെ" ഉൽഘാടനം നിർവ്വഹിക്കുന്നതും വെ. റവ. മോൺ ജേക്കബ് നടുവത്തുശ്ശേരി ഒരു പ്രസംഗം ചെയ്യുന്നതുമാണു്.

—മാർച്ച 28, 29, 30 എന്നീ തീയതികളിൽ ഞാറയ്ക്കൽപള്ളിയിൽ നാല്പതുമണിയാരാധന നടത്തുന്നതായിരിക്കും. റവ. ഫാദേഴ്സ് തിയോബാൾഡ് എം. എസ്സ്.സി., കൊളുംബസ് എം. എ., മേത്യൂസ് എന്നിവരാണു് പ്രസംഗകന്മാർ. ആരാധനയ്ക്കുമുമ്പുള്ള ധ്യാനം മാർച്ച് 22-ാംനു ആരംഭിക്കും. റവ. ഡോക്ടർ തോമസ് മൂത്തേടൻ എം. എ. ഡി. ഡി. യാണു് ധ്യാനഗുരു.

—ആലുവാ സെന്റ് ഡോമിനിക്സ് പള്ളിയിൽ വലിയനോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചകഴിഞ്ഞു ആഘോഷമായ സ്ലീവാപാതയും പ്രസിദ്ധ വാഗ്മികളുടെ പ്രസംഗങ്ങളും നടന്നുവരുന്നു. റവ. ഫാദേഴ്സ് ജോർജ്ജ് അറുകാപ്പിൽ, അലക്സാണ്ടർ മനക്കിൽ, അലക്സാണ്ടർ വടക്കുംതല, ജോസഫ് മാവുങ്കൽ, മത്തിയാസ് ടി. ഒ. സി. ഡി. ജോൺ മാമ്പിള്ളി എന്നിവരാണു് പ്രസംഗകർ.

—കടുത്തുരുത്തി ഇംഗ്ലീഷ് ഹൈസ്കൂളിലെ എം. സി. എസ്. എൽ. ന്റെ വാർഷികം റവ. ഫാ. കുര്യാക്കോസ് ബി. എ. ബി. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ മാർച്ച് 11-ാംനു നടത്തപ്പെട്ടു. മി. ജോസഫ് ചക്കുങ്കൽ ബി. എ. ബി. ടി. ബി. എൽ. പ്രസംഗിച്ചു.

—മുഴിക്കുളം സെന്റ് വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ വാർഷികം വെ. റവ. ഫാ. മത്ത്യാസ് സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ഡോക്ടർ പി. ജെ. തോമസ് ഉൽഘാടനപ്രസംഗം നടത്തി. മിസിസ് സിസിലി ജോസഫ് ബി എ., മി. കെ. പി. ഉറുമീസ് ബി. എ. ബി. എൽ., മി. കെ. എ. വർക്കി ബി. കോം. എന്നിവരും ഓരോ പ്രസംഗം ചെയ്തു.

(പാപ്പാദിനാഘോഷം സംബന്ധിച്ച വാർത്തകൾ സ്ഥലച്ചുരുക്കംനിമിത്തം അടുത്തലക്കത്തിലേക്കു നീക്കിവച്ചിരിക്കുന്നു.)

## കൊ-തി. വാർത്തകൾ

ഏപ്രിൽ 1-ാംനു സാമ്പത്തികസംയോജനംനടക്കുന്നതോടുകൂടി തിരു-കൊച്ചി സംസ്ഥാനത്തിലെ എക്സൈസ് വകുപ്പു് ഒരോസ് സെൻട്രൽ എക്സൈസ് വകുപ്പിന്റെ കീഴിലാകുന്നതും ആദായനികുതി സംബന്ധിച്ചു് മൈസൂർ, തിരുവിതാംകൂർ, കൊച്ചി സംസ്ഥാനങ്ങൾക്കു് ഒരു ആദായനികുതി കമ്മീഷണരെ നിയമിക്കുന്നതുമാണെന്നറിയുന്നു.

—ഐക്യസംസ്ഥാനത്തെ നിയമസഭ മാർച്ച് 7-ാംനു മുതൽ തുടർച്ചയായി സമ്മേളിച്ചു വരുന്നു.

—മാർച്ച് 17-ാംനു കൂടിയ കോൺഗ്രസ് പാർലമെൻററി പാർട്ടിയോഗം ഭക്ഷ്യവിതരണ സമ്പ്രദായത്തെപ്പററി ചർച്ചചെയ്യുകയും മേലാൽ എല്ലാ ജില്ലകളിൽകൂടി അരിയാക്കി, ചെറുവ്യാപാരികൾക്കു പകരം സെൻട്രൽഡിപ്പോമുഖേന വിതരണം ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിരിക്കുന്നു.

—തിരുവിതാംകൂറിൽ നിശ്ചയിച്ചിരുന്ന ഭൂനികുതി സെൻറിനു് 4 കാശു എന്നതു് ഏപ്രിൽ 1-ാംനു മുതൽ 3 പൈസയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു.

—കൊച്ചിൻ ടീച്ചേഴ്സ് അസോസിയേഷന്റെയും കൊച്ചിൻ വിമൻ ടീച്ചേഴ്സ് അസോസിയേഷന്റെയും വാർഷികംപ്രമാണിച്ചു മാർച്ച് 10-ാംനു മദ്രാസ് ഗവമ്മെൻറ് മ്യൂസിയംസൂപ്രണ്ടു ഡോ. എ. അയ്യപ്പന്റെ അദ്ധ്യക്ഷതയിൽ എറണാകുളത്തുവച്ചു് ഒരു പൊതുയോഗം നടക്കുകയുണ്ടായി. തദവസരത്തിൽ അദ്ധ്യക്ഷനവർകൾ ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു: "മതവിദ്യാഭ്യാസം സ്കൂളുകൾക്കു വേണമെന്നാണു് എന്റെ ബലമായ അഭിപ്രായം. അതില്ലാഞ്ഞാൽ എന്താണു ധർമ്മം, എന്താണു് അധർമ്മം എന്നു മനസ്സിലാക്കുവാൻ കഴിവില്ലാതെ ഭാവിതലമുറ ക്ലേശിക്കേണ്ടിവരും."

—ഐക്യസംസ്ഥാനത്തു കുടിൽവ്യവസായങ്ങൾ വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞു് റിപ്പോർട്ടു സമർപ്പിക്കുന്നതിനായി ഡോക്ടർ പി. ജെ. തോമസിന്റെ നേതൃത്വത്തിൽ ഒരു കമ്മിററി നിയമിതമായിരിക്കുന്നു.

—ഐക്യസംസ്ഥാനത്തു നിലവിലിരിക്കുന്ന സർക്കാർ നാണയങ്ങൾ സെപ്തംബർ 30-ാംനുവരെ പ്രചാരത്തിലിരിക്കുന്നതാണു്. എന്നാൽ ഏപ്രിൽ 1-ാംനുക്കുശേഷം ട്രഷറിയിൽ എത്തുന്ന സർക്കാർനാണയങ്ങൾ പിന്നീടു പുറത്തേക്കു വിടാതെ പകരം ഇൻഡ്യൻ നാണയങ്ങൾ നൽകുന്നതാണു്.

—തെരുവുകളിലും വീടുകളിലും മററും വിദ്യുച്ഛക്തി ഉപയോഗിക്കുന്നതു സംബന്ധിച്ചുണ്ടായിരുന്ന നിയന്ത്രണം ജലക്ഷാമം നീങ്ങിയതിനെത്തുടർന്നു പിൻവലിച്ചിരിക്കുന്നു.

—വിവാഹവും മരണാവശ്യവും പ്രമാണിച്ചു് അരി, ഗോതമ്പു മുതലായ ധാന്യങ്ങളുപയോഗിച്ചുള്ള സദ്യകൾ പരമാവധി 50 അതിഥികൾക്കും, മററാവശ്യങ്ങൾ പ്രമാണിച്ചു് 25 അതിഥികൾക്കും മാത്രമേ നൽകാവൂ എന്നു ഗവമ്മെൻറു് വിജ്ഞാപനം ചെയ്തിരിക്കുന്നു.

## എറണാകുളത്തെ ഏകാന്തധ്യാനം

(15-ാം വർഷം)

സെൻറ് ആൽബർട്ട്സ് ഹൈസ്കൂളിൽവച്ചു് നടത്തിവരാറുള്ള ഏകാന്തധ്യാനം ഇക്കൊല്ലവും വലിയ ബുധനാഴ്ച വൈകുന്നേരം ആരംഭിച്ചു ഉയിർപ്പുഞായറാഴ്ച രാവിലെ അവസാനിക്കുന്നതാണു്.

ധ്യാനഗുരു വെരി. റവ. ഫാദർ ജോൺ ഓഫ് ദി ക്രോസ്സ് ഒ. സി. ഡി. ധ്യാനച്ചിലവു് ആളൊന്നിനു് 10-ക. ധ്യാനത്തിൽ സംബന്ധിക്കുവാനാഗ്രഹിക്കുന്നവർ കാലേക്കൂട്ടി താഴെ കാണുന്ന മേൽവിലാസത്തിൽ അറിയിക്കുക.

സെക്രട്ടറി
സെൻറ് വിൻസെൻറു ഡി പോൾ സംഘം
എറണാകുളം കോൺഫറൻസ്
ബ്രോഡുവേ—എറണാകുളം

## നവവൈദികർ

മാർച്ച് 15-ാംനു എറണാകുളം അതിരൂപതയിൽപ്പെട്ട റവ. ജേക്കബ് തേവർപാടം, റവ. ജോസഫ് മുട്ടമന, റവ. ജോർജ്ജ് മാണിക്കനാമ്പറമ്പിൽ, റവ. ഏബ്രഹാം ഡി. മാററം, റവ. ജോൺ നരയൻപറമ്പിൽ, റവ. പോൾ മുത്തുപ്പുഴ എന്നീ 6 ശെമ്മാശന്മാർക്കു വൈദികപട്ടവും 35 പേർക്കു വിവിധ ശെമ്മാശുപട്ടവും എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽവച്ചു് മഹാ വന്ദ്യ ദിവ്യശ്രീ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ടു് നൽകിയിരിക്കുന്നു.

## സഭാവസ്ത്രദാനം

എടക്കുന്നിലെ "നസറത്തു സഹോദരി"കളുടെ സന്യാസസഭയിൽപ്പെട്ട 8 അർത്ഥിനികൾക്കു് എറണാകുളം മെത്രാപ്പോലീത്താതിരുമനസ്സുകൊണ്ടു മാർച്ച് 20-ാംനു സഭാവസ്ത്രം നല്കിയിരിക്കുന്നു. തദവസരത്തിൽ റവ. തോമസ് നെടുങ്കല്ലേൽ എം. എ. ബി. ടി. ഒരു പ്രസംഗം ചെയ്തു. അന്നേദിനം 9 അർത്ഥിനികൾ നൊവിസ്യേറ്റു് ആരംഭിച്ചിരിക്കുന്നു. മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് എടക്കുന്നിൽ പുതുതായി ആരംഭിച്ചിരിക്കുന്ന സെൻറ് ജോസഫ്സ് ഡിസ്പെൻസറിയുടെ ഉൽഘാടനവും നിർവ്വഹിക്കുകയുണ്ടായി.

## കാർമ്മൽ റിട്രീററ്

### പുരുഷന്മാർക്കായുള്ള ഏകാന്തധ്യാനം

ഏപ്രിൽ 1 മുതൽ 5 വരെ

എറണാകുളം "കാർമ്മൽ റിട്രീററ്" ധ്യാനമന്ദിരത്തിൽവച്ചു് ഇക്കൊല്ലവും പുരുഷന്മാർക്കായുള്ള ഏകാന്തധ്യാനം നടക്കുന്നതാണു്. ഓരോരുത്തർക്കും പ്രത്യേകം മുറികളും, ശാന്തമായ പരിസരങ്ങളും, മറെല്ലാ സൗകര്യങ്ങളും, സജ്ജീകരിച്ചിരിക്കുന്നു. ധ്യാനം ഏപ്രിൽ ഒന്നാംതീയതി (ശനിയാഴ്ച) വൈകിട്ടു തുടങ്ങി 5-ാംനു (വലിയബുധനാഴ്ച) കാലത്തു അവസാനിക്കുന്നതാണു്. ഓരോരുത്തർ സ്വന്തം കിടക്ക കൊണ്ടുവരണം. ബോർഡിംഗ്ഫീസ്. ആളൊന്നുക്കു് 10 ക. ഉടനെ എഴുതുക.

Rev Director, Carmel Retreat
Chittoor road, Ernakulam

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

# ഭാരതസംസ്കാരം

(ഫാദർ തോമസ് കൊച്ചുയ്യങ്കാനാൽ)

ചരിത്രത്തിൽ അറിയപ്പെട്ടകാലംതുടങ്ങി മനുഷ്യൻ സംസ്കരണീയനാണു്. സംസ്കരിക്ക എന്ന ശബ്ദത്തിന്റെ അർത്ഥം നന്നാക്കിച്ചെയ്ക, അഭിവൃദ്ധിപ്പെടുത്തുക, ഉൽക്കർഷം പ്രാപിപ്പിക്കുക മുതലായവയത്രെ. ആകയാൽ മനുഷ്യജീവിതത്തെ മാനുഷികയത്നംകൊണ്ടു മഹത്വീകരിക്കുന്നതിനെ വിവക്ഷിക്കുന്നതിനുവേണ്ടിയത്രേ സംസ്കാരശബ്ദത്തെ ഇവിടെ ഉപയോഗിച്ചിരിക്കുന്നതു്. മനുഷ്യനു മൃഗീയമായ ഒരു പ്രകൃതിയും ഉണ്ടെങ്കിലും സംസ്കരണീയത അവനുമാത്രമുള്ള ഒരു വിശേഷഗുണമാകുന്നു. മൃഗങ്ങൾക്കു് ഈ ഗുണമില്ല. പരിണാമവാദികളുംമററും എന്തുതന്നേ പറഞ്ഞാലും ചരിത്രത്തിന്റെ ആദിമപക്ഷങ്ങളിൽ കാണുന്ന തേനീച്ചയുടേയോ കാകന്റേയോ അണ്ണാന്റേയോ ആനയുടേയോ പ്രകൃതി ഇന്നും അതേപടിയിൽ തന്നെ വർത്തിക്കയാണു ചെയ്യുന്നതു്. രണ്ടായിരം വർഷങ്ങൾക്കുമുമ്പു് ഒരു തേനീച്ച എങ്ങനെ തന്റെ കൂടുപണിയുകയും തേൻ ശേഖരിക്കുകയും ചെയ്തിരുന്നുവോ അതേരീതിയും ക്രമവുംതന്നേ ഇന്നുള്ള തേനീച്ചകളും പാലിച്ചുകൊണ്ടിരിക്കുന്നു. മരംചാടിനടക്കുന്ന അണ്ണാനും ഭാരം വലിച്ചുകൊണ്ടുനടക്കുന്ന ഗജവീരനും അങ്ങനെതന്നേ ചെയ്യുന്നു.

എന്നാൽ മനുഷ്യരുടെ സ്ഥിതി അതല്ല. പണ്ടു് വന്യഫലമൂലാദികൾ ഭക്ഷിച്ചും കാലിമേച്ചും പർവ്വതഗഹ്വരങ്ങളിൽ വസിച്ചും തരുശാഖകളെ അഭയം തേടിയും കഴിഞ്ഞുകൂടിയിരുന്നവരും ഉൽകൃഷ്ടവംശക്കാരെന്നു പറയുന്നവരുമായ ആര്യന്മാരുടെ സ്ഥിതിതന്നേ ഇപ്പോൾ എത്ര വ്യത്യാസപ്പെട്ടിരിക്കുന്നു! അവരുടെ ഇന്നത്തെ കാലയാപനവും ജീവിതവൃത്തിയും പണ്ടത്തേതിൽനിന്നു പാടേ വ്യത്യാസപ്പെട്ടിരിക്കയാണല്ലോ. ഇതിൽനിന്നു മനുഷ്യൻ സംസ്കരണീയനാണെന്നു തെളിയുന്നു. മനുഷ്യരുടെ വിശേഷബുദ്ധിയും സ്വാതന്ത്ര്യവുമാണു് അതിന്റെ നിദാനം. എന്നാൽ എല്ലാ സ്ഥലങ്ങളിലുമുള്ള മനുഷ്യർക്കും മേൽപ്പറഞ്ഞ ഇച്ഛയും ബുദ്ധിയും ഇല്ലായ്കയില്ല. എന്നിട്ടും അവരിൽ ചിലർ കിരാതാവസ്ഥയിൽത്തന്നേയാണു് ഇന്നും കിടക്കുന്നതു്. സത്യത്തെക്കുറിച്ചുള്ള ജ്ഞാനവും നീതിയെക്കുറിച്ചുള്ള ബോധവും ധർമ്മത്തെക്കുറിച്ചുള്ള അറിവും അവർക്കു കാണുന്നില്ല. അവരെ ആരെങ്കിലും സംസ്കാരികളുടെ കൂട്ടത്തിൽ എണ്ണുന്നുമില്ല. അവരെ അപരിഷ്കൃതന്മാരെന്നോ കിരാതന്മാരെന്നോ വിളിച്ചുപോരികയും ചെയ്യുന്നു. പരിഷ്കൃതന്മാർ സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം എന്നിവയിൽ പ്രതിപത്തികാണിക്കുമ്പോൾ അപരിഷ്കൃതന്മാർ അടിമത്തം, ശത്രുത്വം, സംഹാരം എന്നിവയിൽ താൽപര്യം പ്രദർശിപ്പിക്കയാണു ചെയ്യുന്നതു്. ഈ അവസ്ഥാഭേദത്തിനു്, ഒരുകൂട്ടർ സംസ്കരണീയമായിരുന്ന മനുഷ്യത്വത്തെ തങ്ങളുടെ കഴിവുകൾ എല്ലാം പ്രയോഗിച്ചു സംസ്കരിച്ചില്ലെന്നും മറേറക്കൂട്ടർ തദ്വിപരീതമായി പ്രവർത്തിച്ചുവെന്നുമല്ലാതെ വേറെ കാരണം പറവാനില്ല. ഇരുകൂട്ടരും ഒരേദൈവത്തിന്റെ സൃഷ്ടികളുമാണു്. ഈ യാഥാർത്ഥ്യങ്ങൾ എല്ലാം സമ്മതിക്കുന്ന നരവംശശാസ്ത്രജ്ഞന്മാർ സംസ്കാരവിഷയത്തിൽ മനുഷ്യർക്കുള്ള വ്യത്യാസത്തിന്റെ കാരണം മതത്തിലാണു സമർപ്പിച്ചുകാണുന്നതു്.

ആകയാൽ, സംസ്കാരമെന്നു പറയുമ്പോൾ വെറും ഭൗതികമാത്രമായതിനെ ഇവിടെ കേന്ദ്രീകരിക്കുന്നില്ല. അതു കൃഷി, കച്ചവടം, വ്യവസായം, ഭാഷ, സാഹിത്യം, ശാസ്ത്രകല, ആചാരം, മര്യാദ മുതലായ എല്ലാററിനേയും ബാധിക്കുന്നതാണു്. അവ ദേശത്തിനും കാലത്തിനും അടുത്ത ആവശ്യം അനുസരിച്ചു മാറി മാറിക്കൊണ്ടിരിക്കയും ചെയ്യും. പഴയകാലങ്ങളിൽ പ്രകൃതി പ്രദാനംചെയ്തിരുന്ന വന്യഫലമൂലാദികൾ ഭക്ഷിച്ചു സുഭിക്ഷമായി കഴിഞ്ഞുകൂടിയിരുന്നവർ ജനസംഖ്യ വർദ്ധിച്ചപ്പോൾ കൃഷിചെയ്വാൻ തുടങ്ങിയതും പണ്ടു സാധാരണ വളം ചേർത്തു ചെയ്തുവന്നിരുന്ന കൃഷികൊണ്ടു തൃപ്തിപ്പെട്ടിരുന്നവർ കൃത്രിമ വളംഉണ്ടാക്കുവാൻ ആരംഭിച്ചതും സ്വശക്തി ഉപയോഗിച്ചുകൊണ്ടുള്ള പ്രയത്നം മതിയെന്നു കരുതിയിരുന്നവർ യന്ത്രശക്തി കണ്ടുപിടിക്കുവാൻ നിർബന്ധിക്കപ്പെട്ടതുമൊക്കെ ദേശത്തിനും കാലത്തിനുമടുത്ത മനുഷ്യരുടെ ആവശ്യങ്ങളുടെ പരിഹാരമായിട്ടേ എണ്ണേണ്ടതുള്ളു. അവ ഇനിയും തുടരുകയും പുരോഗമനം പ്രാപിക്കയും ചെയ്യാതിരിക്കയുമില്ല. വീടുവയ്ക്കുന്നതിനു സ്ഥലം മതിയാകാതെ വരുമ്പോൾ ഉള്ള സ്ഥലത്തു പൊക്കം കൂടിയവ പണിയുകയും അവയുടെ നിലകൾ വർദ്ധിപ്പിക്കുകയും ചെയ്തുകൊള്ളും. പുതിയ കണ്ടുപിടുത്തങ്ങൾകൊണ്ടു മരുഭൂമികളെ ഫലവത്തായ ദേശങ്ങളായിപ്പകർത്തുകയും അധികമുള്ള കടലുകളെ കരയാക്കിച്ചമയ്ക്കുകയും ചെയ്തെന്നു വരാം. ഭൂമിയിൽക്കൂടി ഓടിക്കപ്പെടുന്ന മോട്ടോർവണ്ടികൾക്കും ആവിവണ്ടികൾക്കും പകരം വായുവിൽക്കൂടിയുള്ള സഞ്ചാരം മതിയെന്നുവച്ചേക്കാം. ത്വരിതഗമനംചെയ്തുകൊണ്ടിരിക്കുന്ന മനുഷ്യബുദ്ധിയുടെ പരിധി ഇത്രയുമേ എത്തുകയുള്ളുവെന്നു നമുക്കിപ്പോൾ ഒരു വിധി പറഞ്ഞുകൂടാ. അപരിമിതബുദ്ധിയായ ദൈവത്തിന്റെ ശക്തിവിലാസം ഇനിയും ലോകം കാണമാനിരിക്കുന്നതേയുള്ളു.

നശ്വരങ്ങളായ മേൽപ്പറഞ്ഞ പരിഷ്കാരങ്ങളൊന്നുംകൊണ്ടും മനുഷ്യൻ മഹത്വീകരിക്കപ്പെടുന്ന സംസ്കാരം സിദ്ധിക്കയില്ലെന്നു് അനുഭവം സാക്ഷ്യം നല്കുന്നുണ്ടു്. അങ്ങനെ സംഭവിക്കുമായിരുന്നെങ്കിൽ ഭൗതികപരിഷ്കാരത്തിന്റെ മുന്നണിയിൽ എത്തിയിരുന്നവരും അടുത്തുകഴിഞ്ഞ ദ്വിതീയലോകമഹാസമരത്തിന്റെ കാരണഭൂതരും ആയ സാമ്രാജ്യമോഹികളും അനുയായികളും പഴയ കിരാതാവസ്ഥയിലേക്കു തിരിഞ്ഞതെന്നു് എല്ലാവരും വിളിച്ചുപറകയില്ലായിരുന്നു. ശേഷിയുള്ളവൻ ശേഷിക്കും അല്ലെങ്കിൽ കരുത്താണു ശക്തിയെന്നു പറയുന്നതത്രേ കിരാതജനങ്ങളുടെ ഒരു ലക്ഷണം. യുദ്ധം ചെയ്യുന്നതിനു വേണ്ടുവോളമുണ്ടെന്നു തോന്നിച്ച ഒരു സൈന്യസമൂഹവും ഏതാനും പടക്കപ്പലുകളും കുറച്ചു വിമാനങ്ങളും ബഹുലങ്ങളായ മററുപകരണങ്ങളും സ്വാധീനതയിൽ ഉണ്ടെന്നു തോന്നിയപ്പോളാണല്ലോ ഹിററ്ലർപ്രഭൃതികൾ ലോകാധിപത്യം കൈക്കലാക്കിക്കളയാമെന്നു ഭ്രമിച്ചു വശായതും ഡാർഡനൽസിലേക്കു മാർച്ചുചെയ്തതും. വേർസയിൽസംസന്ധിയുടെ കർക്കശതമൂലം തങ്ങൾക്കു ജീവിക്കുവാൻ സാധിക്കുന്നില്ലെന്നു ഒരു കാരണമെങ്കിലും അവർക്കു പറയാമായിരുന്നു. പേൾഹാർബറിലേ വഞ്ചിതപ്രയോഗിച്ച ജപ്പാൻകാർക്കു അങ്ങനെയുമൊന്നു പറയുന്നതിനു സാധിച്ചിരുന്നില്ല. പിന്നെയോ അവർ തങ്ങളുടെ നഗ്നമായ ഒരു കിരാതത്വത്തെ വെളിപ്പെടുത്തിയെന്നു മാത്രം. ഇപ്പോൾ മനുഷ്യരുടെ മൗലികസ്വാതന്ത്ര്യങ്ങളെ അടിച്ചമർത്തിക്കൊണ്ടു ലോകം മുഴുവനിലും വിപ്ലവവും രക്തച്ചൊരിച്ചിലും വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്ന റഷ്യയുടെ പുറപ്പാടിനെക്കുറിച്ചും എന്താണു പറയേണ്ടതെന്നു വായനക്കാർതന്നേ നിശ്ചയിച്ചുകൊള്ളുകയായിരിക്കും നല്ലതു്. പ്രസ്തുത സംഹാരദൂതന്മാരും പഴയ കാലത്തു കൊള്ളയും കൊലയും കുത്തിക്കവർച്ചയും നടത്തിയിരുന്ന ഹൂണർ ആദിയായ മ്ലേച്ഛവർഗ്ഗക്കാരും തമ്മിലുള്ള വ്യത്യാസം ഇപ്പോഴത്തെ ആളുകൾ പരിഷ്കരിച്ച യുദ്ധസാമഗ്രികൾ ഉപയോഗിക്കുമ്പോൾ പഴയ ആ കിരാതന്മാർ പരിഷ്കരിക്കാത്തവയെ ഉപയോഗിച്ചിരുന്നുവെന്നു മാത്രമേ പറവാനുള്ളു. ഭാരതത്തിന്റെ സ്വാതന്ത്ര്യാരംഭവേളയിൽ ഹിന്ദുക്കളും മഹമ്മദീയരും തമ്മിൽ നടന്നുകഴിഞ്ഞ വർഗ്ഗീയലഹളകളും ദാരുണസംഭവങ്ങളും ആർക്കു വിസ്മരിക്കുവാൻ കഴിയും?

അഖണ്ഡഭാരതം കരസ്ഥമാകുന്നതുവരെ അടങ്ങുകയില്ലെന്നും അതിനു വിഘാതം വരുത്തുന്ന ഏതു വ്യക്തിക്കും ഏതു ഗവമ്മെൻറിനും നാശമാണെന്നും വിളിച്ചുപറഞ്ഞുകൊണ്ടു ഹിന്ദുസംസ്കാരം പുലർത്തുക, ഹിന്ദുമതത്തെ പുനർജ്ജീവിപ്പിക്കുക, എന്ന മുദ്രാവാക്യങ്ങളും സ്വീകരിച്ചു, കൊല്ലുക അല്ലെങ്കിൽ കൊല്ലപ്പെടുക എന്നു പറയുന്ന ആർ. എസ്. എസ്.കാരുടെ ആദർശം സംസ്കാരകരമാണെന്നോ സംസ്കാരഫലമാണെന്നോ പറയാമോ?

---

ആരോഗ്യപംക്തി

## പിള്ളവാതം

(പി. വി. പോൾ, ചിറക്കൽ)

ഒരു പകർച്ചവ്യാധിയുടെ നിലയിൽ നാട്ടൊട്ടുക്കു പെരുകിവരുന്ന ഒരു രോഗമാണു പിള്ളവാതം. തന്മൂലം ഈ രോഗം പകരുന്ന വിധവും, അതിനുള്ള പ്രതിരോധന നടപടികളും മനസ്സിലാക്കിയിരിക്കുന്നതു നന്നായിരിക്കും.

പേരുകൊണ്ടു് ഊഹിക്കാവുന്നതുപോലെ കുട്ടികളെ ബാധിക്കുന്ന രോഗമാണിതെങ്കിലും, പ്രായമായവരേയും ഇതു ബാധിക്കാറുണ്ടു്. സൂക്ഷ്മനിരീക്ഷണംകൊണ്ടുമാത്രം കാണാവുന്ന ഒരുതരം കൃമികൾ, ഭക്ഷണത്തിൽക്കൂടിയോ, ശ്വാസോച്ഛ്വാസം വഴിയായോ രക്തത്തിൽ പ്രവേശിക്കുന്നതുമൂലമാണു രോഗം ഉണ്ടാകുന്നതു്. ഈച്ചകളാണു് രോഗാണുക്കളെ പലയിടത്തും വിതരണംനടത്തുന്നതിൽ വലിയപങ്കു വഹിക്കുന്നതെന്നു പരീക്ഷണങ്ങളാൽ സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ടു്. തന്മൂലം ഭക്ഷണപദാർത്ഥങ്ങളും മററും ഈച്ചകളിൽനിന്നും സുരക്ഷിതമാക്കിവെക്കേണ്ടതാണെന്നു് സ്പഷ്ടമാണല്ലോ. തന്നെയല്ല, ഈച്ചകളെ നിശ്ശേഷം നശിപ്പിക്കുകയും, അവയ്ക്കു് വളരുവാനുള്ള പരിതസ്ഥിതികൾ സൃഷ്ടിക്കാതിരിക്കയും വേണം. ഗൃഹങ്ങളുടെ പരിസരങ്ങളിലും മററും കിടക്കുന്ന ചീഞ്ഞുനാറി ദുർഗ്ഗന്ധം വമിക്കുന്ന കുപ്പകളും മററും കുഴിച്ചുമൂടി, അണുനാശീകരണദ്രാവകങ്ങൾ ഒഴിച്ചു്, ഈച്ച പെരുകുന്നതിനെ തടയേണ്ടതാണു്.

ശക്തിയായ പനിയുടേയും തലവേദനയുടേയും അകമ്പടിയോടുകൂടിയാണു് രോഗം പ്രത്യക്ഷപ്പെടുന്നതു്. മൂക്കുവാലച്ചയും, മൂക്കിൽനിന്നു ചിലപ്പോഴൊക്കെ രക്തംചാടലും രോഗത്തിന്റെ ലക്ഷണങ്ങളാണു്. കഴുത്തുകഴപ്പും രോഗത്തോടൊപ്പംതന്നെ അനുഭവപ്പെടാറുണ്ടു്. ശരിക്കു ശ്വാസോച്ഛ്വാസം ചെയ്വാൻ കഴിവില്ലാതെ വരുന്നതുകൊണ്ടാണു്, രോഗംബാധിച്ച കുട്ടികളിൽ അധികഭാഗവും മരണത്തിൽനിന്നു രക്ഷപ്രാപിക്കാത്തതു്. ഏതെങ്കിലും ഒരു അവയവത്തിന്റെ സ്വാധീനത തീരെ നശിച്ചനിലയിലായിരിക്കും രോഗത്തിൽനിന്നു രക്ഷപെടുന്ന മിക്കപേരേയും കാണുന്നതു്.

രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങിയാൽ ഒട്ടും വൈകാതെ, ഒരു ഡോക്ടരുടെ സഹായം അപേക്ഷിക്കേണ്ടതാണു്. രോഗിയെ ഒററ തിരിച്ചു കിടത്തി ചികിത്സിക്കുകയും, രോഗിയുടെ പരിസരത്തിലേക്കുള്ള മററുള്ളവരുടെ പ്രവേശനം നിരോധിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. രോഗിയുടെ മലമൂത്രവിസർജ്ജനത്തിൽ രോഗാണുക്കൾ ഉണ്ടാകാനിടയുള്ളതുകൊണ്ടു്, അവ അണുനാശീകരണദ്രാവകങ്ങൾ ഒഴിച്ചു നശിപ്പിക്കേണ്ടതാണു്. വെള്ളം തിളപ്പിക്കുന്നതുകൊണ്ടു, വെള്ളത്തിലെ രോഗാണുക്കൾ നിർജ്ജീവങ്ങളാകുന്നു. അതുകൊണ്ടു തിളപ്പിച്ചാററിയ വെള്ളം മാത്രമേ രോഗിക്കു കൊടുക്കാവൂ. ജനബാഹുല്യം നിറഞ്ഞ സ്ഥലങ്ങളിൽ പ്രത്യേകിച്ചും കുട്ടികളെ പ്രവേശിപ്പിക്കാതിരിക്കയും, പൊതുവായുള്ള കുളങ്ങളിലും മററും കുളിക്കാതിരിക്കയും ചെയ്യണം. ധാരാളം സമയം തുറസ്സായ സ്ഥലങ്ങളിൽ ഇരുന്നു ശുദ്ധവായു ശ്വസിക്കുന്നതും വളരെ നല്ലതാണു്.

ഇവ കൂടാതെ വീടും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുകയും, അഴുക്കുവസ്ത്രങ്ങൾ ധരിക്കാതിരിക്കയും, ശരീരം എപ്പോഴും ശുദ്ധിയായി സൂക്ഷിക്കുകയും ചെയ്യേണ്ടതാണു്. ഒരിക്കലും അത്യദ്ധ്വാനം ചെയ്യരുതു്. ഇടയ്ക്കിടയ്ക്കു തൊണ്ടയും മൂക്കും ശുദ്ധിയാക്കുന്നതു വളരെ നല്ലതായിരിക്കും.

## ചോദ്യോത്തരപംക്തി

ചോ: പ്രോട്ടസ്റ്റൻറുകാരനായ ഒരാൾക്കു കത്തോലിക്കാസഭയിൽ ചേരുന്നതിനു പ്രചോദനം നല്കത്തക്കവയും അയാളുടെ സംശയങ്ങൾക്കു നിവാരണം വരുത്തുന്നതിനു പര്യാപ്തങ്ങളുമായ ഇംഗ്ലീഷ് പുസ്തകങ്ങൾ ഏവയെല്ലാം?

ഉ: അത്തരം പല പുസ്തകങ്ങളും ഇംഗ്ലീഷിലുണ്ടു്. പ്രധാനപ്പെട്ട രണ്ടു പുസ്തകങ്ങളുടെ പേർ ചുവടെ ചേർക്കുന്നു. "The Faith of Our Fathers" by Cardinal Gibbons. "The Question Box" by Conway. ഈ രണ്ടു പുസ്തകങ്ങളും The Examiner Press, Fort, Bombay 1 എന്ന മേൽവിലാസത്തിൽ എഴുതിയാൽ കിട്ടുന്നതാണു്.




ഇടവകപ്പള്ളിയിലെ തിരുനാൾ പ്രമാണിച്ചു ബന്ധുജനങ്ങൾ പലരും ജോണിയുടെ വീട്ടിൽ വന്നിരുന്നു. അന്നു വൈകുന്നേരം അവൻ "ഞാണമ്മക്കളിക്കാർ" കൊണ്ടുവന്നിട്ടുള്ള കുരങ്ങുകളെ കാണാൻപോകാൻ അനുവാദം ചോദിച്ചപ്പോൾ അവന്റെ അമ്മ പറകയാണു്:

"അമ്മായിയുടെ മക്കളും മററും ഇവിടെ ഉള്ളപ്പോൾ നീ കുരങ്ങന്മാരെ കാണുവാനായി ഞാണമ്മക്കളിക്കാരുടെ അടുക്കൽ പോകണ്ടാ."

* * *

പൗലോ മൂപ്പീന്നു ശയ്യാവലംബിയായിട്ടു കുറെ ദിവസങ്ങളായി. അവസാനം, തന്റെ മരണനിമിഷം അടുത്തുവെന്നു വിചാരം ശക്തിപ്പെട്ടതിനാൽ അന്ത്യയാത്ര പറഞ്ഞു പിരിയുന്നതിനായി ഭാര്യയേയും മക്കളേയും അരികിൽവിളിച്ചു. എന്നിട്ടു് അവരുടെ ഹാജരെടുത്തു.

"അമ്മ വന്നോടി?"

"ഉവ്വ്."

"കുഞ്ചെറിയ വന്നോടാ?"

"വല്യാങ്ങളയും വന്നിട്ടുണ്ടു്."

"ഔസേപ്പോ?"

"ഞാനിവിടെ ഉണ്ടപ്പാ."

"ഏലിക്കുട്ടിയോ?"

"ഇവിടെ ഉണ്ടു്."

"കത്രീനയോ?"

"ഉണ്ടു്."

"അപ്പോൾ നിങ്ങൾ എല്ലാവരുംകൂടി ഇവിടെവന്നു ചുററും നിന്നാൽ കറപ്പിനു കൂട്ടാനുള്ള പൂട്ട ചുടുന്നതാരാണെടി?"

* * *

വികാരിയച്ചന്റെ പക്കൽ 10 രൂപ കടം ചോദിച്ചുവന്ന "മാന്യൻ" അച്ചൻ രൂപകൊണ്ടുവരുന്നതു പ്രതീക്ഷിച്ചു പുറത്തു നില്ക്കയായിരുന്നു. അവസാനം അയാളുടെ കൈയിൽ ഒരു നോട്ടു പതിച്ചപ്പോൾ പറകയാണു്: "അച്ചോ, ഞാൻ 10 രൂപയാണു ചോദിച്ചതു്. ഇതു 5 രൂപയേ ഉള്ളല്ലോ."

അച്ചൻ: "അതെനിക്കറിയാം. പക്ഷെ, ഞാൻ 5 രൂപ നഷ്ടപ്പെടുകയല്ലേ. നിങ്ങളും നഷ്ടപ്പെടു് 5 രൂപ."

* * *

ഭർത്താവു്: "ഈ കഞ്ഞിക്കു എന്തോരു ചൂടു്? കുംഭം മീനം മാസംപോലെയിരിക്കുന്നല്ലോ."

ഭാര്യ: "എന്നാൽ മിഥുനം കർക്കടകം പോലെയാക്കാം." (കഞ്ഞിയിൽ കുറെ വെള്ളമൊഴിച്ചുകൊടുത്തു.)

ഭർത്താവു്: "മിഥുനം കർക്കടകം മാസത്തിൽ ഇടിയുണ്ടാകുമല്ലോ." (ഭാര്യയെ ഇടിച്ചു.)

ഭാര്യ: "ഇടിയുള്ളപ്പോൾ മിന്നലുമുണ്ടാകുമല്ലോ." (ഭാര്യ സ്വയരക്ഷാർത്ഥം തീക്കൊള്ളി എടുത്തു.)

പ്രഭാഷണം

# പിതൃഭക്തി

"സ്വമാതാവിനെ ബഹുമാനിക്കുന്നവൻ ഒരു നിക്ഷേപം സമ്പാദിച്ചുവെക്കുന്നവനെപ്പോലെയാണു്. സ്വപിതാവിനെ ബഹുമാനിക്കുന്നവൻ സ്വസന്താനങ്ങളിൽ ആനന്ദമനുഭവിക്കും." (Ecclus. III 5—6)

ഏതൊരു നിയന്ത്രണത്തെയും വെറുക്കുന്ന അധികാരധിക്കാരമനഃസ്ഥിതി പരിപാവനമായ കുടുംബജീവിതത്തിലേക്കും നുഴഞ്ഞുകയറി പിതൃപുത്രബന്ധത്തെയും കളങ്കപ്പെടുത്തുവാൻ തുടങ്ങിയിരിക്കുന്ന ഇക്കാലത്തു്, മക്കൾക്കു മാതാപിതാക്കന്മാരെ അനുസരിക്കുവാനും ബഹുമാനിക്കുവാനും സ്നേഹിക്കുവാനുമുള്ള ഗൗരവാവഹമായ കടമയെപ്പററി എത്രതന്നെ ഊന്നിപ്പറഞ്ഞാലും അധികമായിപ്പോകയില്ല. ഓരോ മനുഷ്യന്റെയും പ്രകൃതിയിൽത്തന്നെ ഈ പിതൃഭക്തിയെ ദൈവം നിക്ഷേപിച്ചിട്ടുള്ളതിനു പുറമെ, സീനാ മലപ്പുറത്തു് ഇടിയുടെയും മിന്നലിന്റെയും പശ്ചാത്തലത്തിൽ തന്റെ സർവ്വവിധ അധികാരശക്തിയോടുകൂടി അങ്ങനു്, "നല്ല പ്രായത്തോളം ഭൂമിയിൽ ഇരിപ്പാനായി അപ്പനേയും അമ്മയേയും ബഹുമാനിച്ചുകൊൾക" എന്നു് അസന്ദിഗ്ദ്ധമായ വിധത്തിൽ മനുഷ്യവർഗ്ഗത്തിനൊട്ടാകെ ഒരു കല്പന നൽകയും ചെയ്തിട്ടുണ്ടു്. രണ്ടാമത്തെ പ്രമാണപ്പലകയിൽ—മനുഷ്യനു മനുഷ്യനോടുള്ള ബന്ധത്തെ പരാമർശിക്കുന്ന ഏഴു കല്പനകളിൽ—പ്രഥമസ്ഥാനംതന്നെയാണു് ഇതിനു നൽകിയിരിക്കുന്നതു്. മാതാപിതാക്കന്മാർ ദൈവത്തിന്റെ പ്രതിനിധികളാണു്. പൈതൃകാധികാരം അവഗണിക്കപ്പെട്ടാൽ കുടുംബജീവിതം ശിഥിലമാകും; തൽഫലമായി സമുദായസൗഖ്യവും തകർന്നുവീഴും. കൂടാതെ, ഈ പ്രമാണനിർവ്വഹണത്തിൽ ഭൗതികമായ ഭാഗ്യങ്ങളും ദൈവം വാഗ്ദാനം ചെയ്യുന്നുണ്ടു്. മാതാപിതാക്കന്മാരെ ബഹുമാനിക്കുന്ന മക്കൾക്കു് മനസ്സാക്ഷിയിൽ കുളിർമ്മയും, ഹൃദയത്തിൽ സമാധാനവും, കുടുംബത്തിൽ ആനന്ദവും അനുഭവപ്പെടുമ്പോൾ അതുതന്നെ ദീർഘായുസ്സിനു് സഹായകമല്ലേ? കൂടാതെ, പിതൃഭക്തിയെ പാലിക്കുന്നതിനു് അവശ്യംവേണ്ടതായ സ്വയപരിത്യാഗം, കൃത്യനിഷ്ഠ, മിതത്വം, നിസ്വാർത്ഥത, ചുമതലാബോധം എന്നീ ഗുണഗണങ്ങൾതന്നെയാണു് ജീവിതവിജയത്തിനും സൗഭാഗ്യത്തിനും നിദാനമായിരിക്കുന്നതു്.

പിതൃഭക്തിയുടെ നാരായവേരു് എവിടെയാണു്? ഓരോരുത്തനും സിദ്ധിച്ചിട്ടുള്ള നന്മകളിൽ ശ്രേഷ്ഠവും, സർവ്വപ്രധാനവും, മററുള്ളവയ്ക്കെല്ലാം അടിസ്ഥാനവുമായ ഒന്നാണു് അസ്തിത്വം. ഇതില്ലെങ്കിൽ സ്നേഹം, ആനന്ദം, വിജയം, കീർത്തി തുടങ്ങിയവയെപ്പററി ഓർക്കുവാൻപോലും സാദ്ധ്യമല്ല. ചുമരുണ്ടായിട്ടുവേണമല്ലോ ചിത്രമെഴുതാൻ. തന്നിമിത്തം നമ്മുടെ അസ്തിത്വത്തിനുവേണ്ടിയാണു് നാം ഏററവുമധികം കൃതജ്ഞത പ്രകാശിപ്പിക്കേണ്ടതു്. ഈ അമൂല്യദാനം ദൈവം നമുക്കു നൽകിയിരിക്കുന്നതു് മാതാപിതാക്കന്മാർ വഴിയായിട്ടാണു്. നമ്മുടെ മാതാപിതാക്കന്മാർ കൂടാതെ നാം ഒരിക്കലും ജനിക്കുകയില്ലായിരുന്നുവെന്നുള്ളതുകൊണ്ടുതന്നെ അവരെ സ്നേഹിക്കയും അനുസരിക്കയും ചെയ്യേണ്ടതായ ചുമതല നമുക്കില്ലയോ? മാതാപിതാക്കന്മാരിൽനിന്നു അസ്തിത്വമല്ലാതെ മറെറാരു നന്മയും ലഭിച്ചിട്ടില്ലെന്നു സങ്കല്പിച്ചാൽത്തന്നെയും, ആ ഒരൊററ നന്മയ്ക്കുതന്നെ നാം എത്രതന്നെ അവരെ ബഹുമാനിച്ചാലും അധികമായിപ്പോകയില്ല. അവരിൽ എത്രതന്നെ ദുർഗ്ഗുണങ്ങളുണ്ടായാലും ഈ ഒരേകന്യായംകൊണ്ടുമാത്രം നാം അവരെ ബഹുമാനിച്ചേ കഴിയൂ.

ഒരിക്കൽ പൂർവ്വപിതാവായ നോഹ മദ്യപിച്ചു ബോധരഹിതനായി അടക്കമില്ലാത്ത വിധത്തിൽ കിടന്നപ്പോൾ തന്റെ പുത്രനായ കാം സ്വപിതാവിനെ അവമാനിക്കുവാനും പരിഹസിക്കുവാനുമുതിർന്നു. എന്നാൽ സേം, ജാഫത്ത് എന്ന മററു പുത്രന്മാർ ബഹുമാനാദരത്തോടെ വസ്ത്രാച്ഛാദനംകൊണ്ടു് പിതാവിന്റെ നഗ്നതയെ മറയ്ക്കുകയും ചെയ്തു. സുബോധം വന്നപ്പോൾ നോഹ കഴിഞ്ഞ സംഭവങ്ങളെപ്പററി അറികയും കാമിനെ ശപിക്കയും സേമിനേയും ജാഫത്തിനേയും അനുഗ്രഹിക്കയും ചെയ്തു. ഈ ശാപത്തേയും അനുഗ്രഹത്തേയും ദൈവം സ്ഥിരപ്പെടുത്തുകയും അവരിൽ മാത്രമല്ല അവരുടെ സന്താനപരമ്പരകളിലും അതു നിലനിൽക്കയും ചെയ്തു. കാമിന്റെ ഈ ഭക്തിരഹിതമായ പ്രവൃത്തി നിശ്ചയമായും ആദ്യത്തേതാകാൻ വഴിയില്ല. ഇതിനുമുമ്പും അയാൾ പിതാവിനോടു വിനയരഹിതമായി സംസാരിക്കുക, പിതാവിന്റെ പ്രവൃത്തികളെപ്പററി പുച്ഛിക്കുക, പിതാവിനോടു് എതിർത്തു സംസാരിക്കുക തുടങ്ങിയ കൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടായിരിക്കണം. അവയുടെയെല്ലാം പരിണതഫലവും പരമകാഷ്ഠയുമാണു് ഈ കൃത്യവും തൽഫലമായ ശാപവും. ഈ സംഭവം ഒരു പ്രധാന പാഠം നമ്മെ പഠിപ്പിക്കുന്നുണ്ടു്. നോഹിന്റെ അമിതമായ മദ്യപാനവും തജ്ജന്യമായ അടക്കമില്ലായ്മയും കാമിന്റെ കുററത്തെ ലഘൂകരിച്ചില്ല; ശാപം വന്നുപതിക്കുകതന്നെ ചെയ്തു. കാരണം, എന്തെല്ലാം ദുർഗ്ഗുണങ്ങളുണ്ടായാലും ജീവദായകർ എന്ന നിലയിൽ മാതാപിതാക്കന്മാർ മക്കളുടെ ബഹുമാനവും അനുസരണവും അർഹിക്കുന്നുണ്ടു്; അവർ ദൈവത്തിന്റെ പ്രത്യേക പ്രതിപുരുഷന്മാരാണു്. പഠിപ്പില്ല; പരിഷ്കാരമില്ല; കാര്യത്രാണിയില്ല; മദ്യപാനവും മററു ദുർവൃത്തികളും കൂടപ്പിറപ്പാണു്; വാർദ്ധക്യസഹജമായ മുൻകോപവും മററു ശീലക്കേടുകളും ഉണ്ടു്;—എന്നാൽത്തന്നെയും മക്കൾ മാതാപിതാക്കന്മാരെ അനുസരിക്കയും സ്നേഹിക്കയും ചെയ്യേണ്ടതാണു്. സേം, ജാഫത്തു് എന്നീ പുത്രന്മാർ ഭക്ത്യാദരങ്ങളോടുകൂടിത്തന്നെ പിതാവിന്റെ നഗ്നതയെ മറച്ചതുപോലെ, മക്കൾ സ്വപിതാവിന്റെ ദുർഗ്ഗുണങ്ങളേയും ബലഹീനതകളേയും ലോകദൃഷ്ടിയിൽനിന്നു് കഴിവുള്ളത്ര മറയ്ക്കുവാനും സ്വയം മറക്കുവാനും ശ്രമിക്കണം; അല്ലാതെ, അവയെ കണ്ടവരോടെല്ലാം പറഞ്ഞുപരത്തുവാനും രഹസ്യങ്ങൾ പരസ്യങ്ങളാക്കുവാനും മക്കൾതന്നെ അവയെ പരസ്പരസംഭാഷണങ്ങൾക്കു വിഷയമാക്കുവാനും ഒരിക്കലും ഇടയാകരുതു്. ദുർവൃത്തരായ മാതാപിതാക്കന്മാരുടെ മക്കൾ സദ്വൃത്തരായിത്തീരുന്നുണ്ടെങ്കിൽ അതു് ഏവംവിധമുള്ള അവരുടെ പിതൃഭക്തിയുടെ ഫലമായി ദൈവം അവരെ അനുഗ്രഹിക്കുന്നതുകൊണ്ടല്ലേ?

കോളെജിൽ പഠിക്കുകയോ ഉദ്യോഗം ഭരിക്കയോ ചെയ്യുന്ന മകനെ— താൻ ചോര നീരാക്കിയ പ്രയത്നങ്ങളുടെ ഫലത്തെ—ഒന്നു കണ്ടു കണ്ണു കുളിർപ്പിക്കുവാനായി കുടയും വടിയുമായി വരുന്ന പിതാവിനെ കാണുമ്പോൾ ലജ്ജിക്കയും കോപം ഉജ്ജ്വലിക്കയും, അതാരാണെന്നു ചോദിക്കുന്ന സ്നേഹിതന്മാരോടു്, "ഹെയ് അതെന്റെ ഒരു നാട്ടുകാരനാണു്; എന്തെങ്കിലും സഹായം ആവശ്യപ്പെടുവാൻ വന്നിരിക്കയാണു്" എന്നു് ഇംഗ്ലീഷിലോ, അല്ലെങ്കിൽ മലയാളത്തിൽത്തന്നെയോ തട്ടിമൂളിക്കയും, രഹസ്യത്തിൽ പിതാവിനെ വിളിച്ചു് കയർത്തുകൊണ്ടു് "ഇനിമേലിൽ ഇങ്ങോട്ടൊന്നും വരരുതു്. വല്ല കാര്യവുമുണ്ടെങ്കിൽ എഴുതിയയച്ചാൽമതി" എന്നൊരു താക്കീതും നൽകി ഉടനടി മടക്കി അയക്കയും ചെയ്യുന്ന മക്കൾ എത്രവലിയ അപരാധമാണു് ചെയ്യുന്നതു്! ആ വൃദ്ധന്റെ നെടുവീർപ്പുകൾ മേഘങ്ങളെ തുളച്ചുകയറുകയില്ലേ? മാതാപിതാക്കന്മാർ അറിവില്ലാത്തവരാണെന്നു വിചാരിക്കുന്നതു് അഹങ്കാരത്തിന്റെ പരമകോടിയാണു്. മക്കൾക്കു് ഗുണകരമായ കാര്യങ്ങൾ അറിയുന്നതിനു മാതാപിതാക്കന്മാർക്കു പ്രകൃത്യാതന്നെ ഒരു ശക്തിവിശേഷം ദൈവം പ്രദാനംചെയ്തിട്ടുണ്ടു്. വളരെ കൊല്ലങ്ങളിലെ പരിചയസമ്പത്തും അവർക്കുണ്ടല്ലോ. പണ്ഡിതനും ഭക്തനുമായ ഒരു മെത്രാൻ ഇപ്രകാരം പറഞ്ഞിരുന്നു: "20 വയസ്സായ ഒരു പെൺകുട്ടി വിചാരിക്കുന്നു അമ്മയ്ക്കു യാതൊന്നും അറിഞ്ഞുകൂടെന്നു്; 30 വയസ്സാകുമ്പോൾ അവൾ സമ്മതിച്ചുതുടങ്ങുന്നു അമ്മയ്ക്കു കുറെയൊക്കെ അറിയാമായിരുന്നുവെന്നു്; 40 വയസ്സാകുമ്പോൾ അവൾ അത്ഭുതപ്പെടുന്നു തന്റെ അമ്മയ്ക്കു് ഇത്രമാത്രം അറിവുണ്ടായിരുന്നല്ലോ എന്നു."

ദാവീദിന്റെ പുത്രനായ അബ്സലം സുന്ദരനും സുഭഗനുമായിരുന്നു. അയാളുടെ കേശഭാരം വളരെ ആകർഷകമായിരുന്നു. ആരാധകന്മാരും സ്നേഹിതന്മാരും വർദ്ധിച്ചു; സ്വാർത്ഥതയും ഔദ്ധത്യവും തലപൊക്കി. പിതാവിനെ സ്ഥാനഭ്രഷ്ടനാക്കി സിംഹാസനത്തിൽ കയറിപ്പററുവാൻ അവൻ കൂട്ടുകാരോടുകൂടി വെമ്പൽകൊണ്ടു; യുദ്ധം പൊട്ടിപ്പുറപ്പെട്ടു. പരാജിതനായ അബ്സലം പലായനംചെയ്യുമ്പോൾ തന്റെ സുന്ദരമായ കുന്തളഭാരം ഒരു വൃക്ഷക്കൊമ്പിൽ കുടുങ്ങുകയാൽ ശത്രുക്കൾ എളുപ്പത്തിൽ അയാളെ ഗളഹസ്തംചെയ്തു. അതെ, മകൻ ജനസമ്മതി ആർജ്ജിക്കയും സമർത്ഥനെന്നു കൊണ്ടാടപ്പെടുകയും ചെയ്യുമ്പോഴാണു പലപ്പോഴും അവന്റെ പിതൃഭക്തി കുറഞ്ഞുപോകുന്നതു്. അവൻ മാതാപിതാക്കന്മാരെ എതിർത്തു തുടങ്ങുന്നു; തന്റെ ആനന്ദങ്ങൾക്കും സൈരവിഹാരങ്ങൾക്കും ഒരു വിലങ്ങുതടിയായി അവൻ അവരെ ദർശിക്കുന്നു: തനിക്കു ലഭിക്കുന്ന സ്ഥാനമാനങ്ങൾക്കും വിജയങ്ങൾക്കും ഒരു കണ്ണുകോടാലിയാണു് അവരെന്നു് അവൻ ധരിച്ചുവശാകുന്നു; സ്വാഭിപ്രായമനുസരിച്ചു കല്യാണകാര്യം ഉറപ്പിക്കുന്നു; പുതിയ ബിസിനസ്സുകൾ ആരംഭിക്കുന്നു! താൽക്കാലികമായ വിജയം ഒരുപക്ഷേ ഉണ്ടായെന്നുവരാം. എന്നാൽ ഒടുവിൽ മാതാപിതാക്കന്മാർക്കു ആധിയും വ്യാധിയും വരുത്തിവച്ചും സ്വയം നാശംവരിക്കയും ചെയ്യുന്നു. അബ്സലമിന്റെ ശവകുടീരത്തിൽ ഇന്നും കല്ലിൻകഷണങ്ങളുടെ ഒരു കൂമ്പാരം കാണാം. വഴിപോക്കരെല്ലാം ഓരോ കല്ലെടുത്തു് അവജ്ഞയോടെ ആ ശവകുടീരത്തിന്മേൽ എറിയുക പതിവാണത്രെ. എത്രയോ അവമാനകരമായ ഒരു സ്മാരകം!

ഒരു സാധുപെൺകുട്ടി ഒരു വണ്ടിയിൽ യാത്രചെയ്യുകയായിരുന്നു. ഭംഗിയുള്ള അവളുടെ തലമുടി യാത്രക്കാരുടെ ശ്രദ്ധയെ ആകർഷിച്ചു. രണ്ടു സ്ത്രീകൾ ആ കുട്ടിയുടെ തലമുടിയെപ്പററി പ്രശംസിച്ചുപറഞ്ഞു "ആ തലമുടി എനിക്കു ലഭിക്കയാണെങ്കിൽ ഞാൻ 100 പവൻ കൊടുക്കാം" എന്നുപോലും ഒരാൾ അഭിപ്രായപ്പെട്ടു. ആ രണ്ടു സ്ത്രീകൾ വണ്ടിയിറങ്ങിയപ്പോൾ ആ പെൺകുട്ടിയും കൂടെ ഇറങ്ങി അവരോടു ഗദ്ഗദസ്വരത്തിൽ പറഞ്ഞു: "നിങ്ങൾ എന്റെ തലമുടിക്കു 100 പവൻ തരാമെന്നു പറഞ്ഞില്ലേ? ഇതാ എന്റെ തലമുടിമുഴുവൻ കത്രിച്ചെടുത്തുകൊൾക. ദയവായി 100 പവൻ എനിക്കു തരണം. എന്റെ അമ്മ സുഖക്കേടായി കിടക്കയാണു്. ചികിത്സിക്കാൻ ഒരു ചില്ലിക്കാശുപോലുമില്ല." രണ്ടുമൂന്നു കണ്ണുനീർത്തുള്ളികൾ അടർന്നുവീണു. ഹൃദയസ്പർശകമായ ഈ മാതൃഭക്തിയുടെ പ്രകടനം ആ മഹിളകളെ ആർദ്രചിത്തരാക്കി. ആ പെൺകുട്ടിക്കു തന്റെ തലമുടി നഷ്ടപ്പെടാതെതന്നെ 100 പവൻ ലഭിക്കയും ചെയ്തു. മാതാപിതാക്കന്മാർ വാർദ്ധക്യംകൊണ്ടും സുഖക്കേടുകൊണ്ടും കിടപ്പിലാകുമ്പോഴാണു് മക്കളുടെ ഭക്തിബഹുമാനങ്ങൾ സവിശേഷം പ്രകടിതമാകേണ്ടതു്. വൈദ്യനെ വിളിക്കുക, മരുന്നുകൾ ശേഖരിക്കുക, അവ കൃത്യസമയങ്ങളിൽ കൊടുക്കുക, താങ്ങിയെഴുന്നേല്പിക്കുക, രാത്രിയിൽ ഉറക്കമിളയ്ക്കുക, തുടങ്ങിയ പലതും അവർ സസന്തോഷം ചെയ്തുകൊടുക്കണം. പലകൊല്ലങ്ങൾതന്നെ അവർ കിടപ്പിലായാലും മക്കളുടെ ക്ഷമ അസ്തമിക്കരുതു്; സഹനത്തിന്റെ മാററു് കുറയരുതു്; വല്ലവിധവും അവർ വേഗം മരിച്ചുപോകുവാൻ ആഗ്രഹിക്കയുമരുതു്. കെട്ടിയവളും കുട്ടികളുമായി സസുഖം കഴിയുമ്പോൾ വൃദ്ധരായ മാതാപിതാക്കന്മാരുടെ അന്നവസ്ത്രാദികളിൽ പ്രത്യേകം ജാഗരൂകരായിരിക്കണം. തന്നെ ജനിപ്പിച്ചു് വളർത്തുവാൻ അപ്പൻ നിരവധി ക്ലേശങ്ങൾ സഹിച്ചതും അമ്മ സ്വജീവനൊത്തന്നെ പണയപ്പെടുത്തിയതും അവൻ മറക്കരുതു്. "നിന്റെ മുഴുഹൃദയത്തോടുകൂടെ പിതാവിനെ ബഹുമാനിക്കുക; നിന്റെ അമ്മയുടെ ഞരക്കങ്ങളെ നീ വിസ്മരിക്കരുതു്. അവർവഴിയായിട്ടുമാത്രമാണു് നീ ജനിച്ചതെന്നും ഓർത്തുകൊൾക. അവർ നിനക്കുവേണ്ടി ചെയ്തതുപോലെ നീ അവർക്കും പ്രത്യുപകാരം ചെയ്യുക." (Ecclus VII-28-30). "അവൻ അവർക്കു കീഴ്‌വഴങ്ങിയിരുന്നു" എന്ന വേദവാക്യത്തെക്കുറിച്ചു് അവഗാഢം ചിന്തിച്ചുനോക്കുന്നതും നന്നായിരിക്കും.

(ജെ. ചെമ്മണ്ണൂർ)

## "സമർപ്പണം"

(ഹിന്ദി "മേലാ"യിലെ "ഗംകഫസാനാ." എ. മ.)

കാണുന്നിതാ ഞാൻ ഈ ദിവ്യപൂജ ആ
ആശ്രയദാതാ! അഭയമരുൾക- (കാണു)
1 ഗാഗുൽത്താതന്നിൽ കൃപയായണച്ച
സ്വർഗ്ഗീയ ദാനാകരമീപ്പൂജ- (കാണു)
2 പാപം പെടാതെ ഭൂവിൽ വസിച്ചു
ക്ഷേമം പ്രശാന്തിയേവം പുലർത്താൻ (കാണു)
3 ശോകങ്ങൾ പോക്കാൻ രോഗങ്ങൾ തീർക്കാൻ
ലോകത്തിനാകെ നന്മ ലഭിക്കാൻ (കാണു)
4 അങ്ങുന്നുതന്ന നന്മകൾക്കായും
തിങ്ങുന്ന മർത്ത്യപാപങ്ങൾക്കായും (കാണു)
5 എന്നെയും, എന്റെ സർവ്വസ്വമോടും
ആനന്ദരൂപാ! സാനന്ദമേകാൻ (കാണു)
6 മാതാപിതാക്കൾ ബന്ധുമിത്രങ്ങൾ
സോദരർ എന്നീ സർവ്വർക്കുംവേണ്ടി (കാണു)
7 പാരാവിലേപ്പോൽ മേവീടുവോരാം
ശുദ്ധീകരാത്മാക്കൾക്കൊക്കെവേണ്ടി (കാണു)
8 ശിക്ഷാർഹമാകും മാർഗ്ഗം ഗമിക്കും
മർത്ത്യർക്കു നിത്യരക്ഷയ്ക്കുവേണ്ടി (കാണു)
9 വൈദികവൃന്ദം കന്യാസ്ത്രീകൾക്കും
ഭരണാധാരർക്കുംവേണ്ടി (കാണു)
10 കമ്യൂണിസത്തിൻ കൈയിൽപ്പെടാതെ
സന്മാർഗ്ഗമിങ്ങീലോകം ഗമിക്കാൻ (കാണു)
11 സൂര്യോദയംപോൽ അന്തിക്കും ഏവം
ചെയ്യപ്പെടുന്ന പൂജകൾ ചേർത്തും (കാണു)
12 പൂകുന്നു നാഥാ! നിൻ പാദപത്മം,
നാകത്തിലങ്ങേ ഗാനങ്ങൾ പാടാൻ (കാണു)

(വർഗ്ഗീസ് ജെ. മാളിയേക്കൽ)

## മംഗളാശംസ

മാർപ്പാപ്പാ തിരുമേനിയുടെ സ്ഥാനാരോഹണവാർഷികം പ്രമാണിച്ചു ഇൻഡ്യൻ പ്രസിഡണ്ടു് അയച്ച സന്ദേശത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "അവിടുത്തെ സ്ഥാനാരോഹണത്തിന്റെ 11-ാം വാർഷികാവസരത്തിൽ ഇൻഡ്യയിലെ ഗവമ്മെൻറിന്റെയും ജനതയുടെയും ആത്മാർത്ഥമായ അഭിനന്ദനങ്ങൾ സമർപ്പിച്ചുകൊള്ളുന്നു."

ചെറുകഥ

# കുഞ്ഞന്നാമ്മയുടെ പ്രേരണാശക്തി

(ജെ. പി. ആനന്ദഭവൻ)

നേരം സന്ധ്യയോടടുക്കുന്നു. അരുണിമകലർന്ന ആകാശഭംഗിയും നോക്കി, കുളിർകാററുമേററുകൊണ്ട് അവരാച്ചൻ സ്വഗൃഹത്തിനു മുൻവശത്തുള്ള ചെറിയ തോട്ടത്തിൽ ഉലാത്തിക്കൊണ്ടിരിക്കുകയാണ്. ഏതാനും കോഴികൾ തോട്ടത്തിൽ ചികഞ്ഞുകൊണ്ടു നില്ക്കുന്നുണ്ട്. ലഗോൺകോഴികൾ; ഒരു പൂവനും ഏതാനും പിടകളും. അവ അവരാച്ചന്റെ ശ്രദ്ധയിൽപ്പെട്ടു. തന്റെ ഭാര്യയുടെ ഗ്രാമോദ്ധാരണപ്രവർത്തനങ്ങളെ വിളംബരംചെയ്യുന്ന ആ കോഴികളെ അങ്ങനെ നോക്കിനില്ക്കുമ്പോൾ കുഞ്ഞന്നാമ്മ അവിടെ വന്നുചേർന്നു:-"എന്താണ്? ഇക്കൊല്ലം രണ്ടാംസമ്മാനമായിപ്പോയതിൽ വിഷമമുണ്ട്, അല്ലേ? തീർച്ചയായും അടുത്തയാണ്ടിൽ ഒന്നാംസമ്മാനം കരസ്ഥമാക്കണം." കുഞ്ഞന്നാമ്മ ഉത്സാഹപൂർവ്വം ഉച്ചരിച്ചു.

"ഏതുസമ്മാനമെങ്കിലും കിട്ടട്ടെ. എനിക്ക് അതിനെക്കാൾ കൂടുതലായി മറെറാരുകാര്യത്തിലാണ് ശ്രദ്ധ. നമ്മുടെ കോഴികൾ അയല്ക്കാർക്ക് ഉപദ്രവകാരികളായിത്തീരരുത്. നമ്മുടെ അയല്ക്കാരൻ തോമാച്ചൻ അല്പം പരിഭവസ്വരത്തിൽ പറകയുണ്ടായി, അവരുടെ മലക്കറിത്തോട്ടം നമ്മുടെ കോഴികൾ നശിപ്പിക്കുന്നെന്നു്. അയാളുടെയും സഹോദരിയുടെയും ഏകകാലക്ഷേപമാർഗ്ഗമാണ് അതിലെ കൃഷികൾ. അവ കോഴികൾ നശിപ്പിച്ചുകളയുന്നതു ക്ഷമിക്കത്തക്കതാണോ?" അവരാച്ചൻ ഒരു മുൻകരുതലായി പ്രസ്താവിച്ചു.

"കഴിയുന്നിടത്തോളം സൂക്ഷിക്കുന്നുണ്ട്. മേലാൽ കുറേക്കൂടി ശ്രദ്ധിക്കാം. എനിക്ക് മറെറാരുകാര്യം ഇപ്പോളാണ് ഓർമ്മവന്നതു്. കുറേനാളായി അതു പറയണമെന്നു ഞാൻ ആലോചിക്കുകയായിരുന്നു." കുഞ്ഞന്നാമ്മ പറഞ്ഞു.

"എന്തുസംഗതിയാണ്? പറയണം. എന്നോടു പറയുന്നതിന് അത്രവളരെ ആലോചിക്കാനുണ്ടോ?" അവരാച്ചൻ ജിജ്ഞാസാപൂർവം ചോദിച്ചു.

"വീട്ടിൽ കുട്ടികളെയുംമററും ചികിത്സിക്കേണ്ട ആവശ്യം നേരിടും. അയല്ക്കാർക്കുംമററും മരുന്നുകൊടുക്കേണ്ടിവരും. ഇതിനൊക്കെ ഡാക്ടറന്മാരെ അന്വേഷിക്കാതെതന്നെ കാര്യങ്ങൾ ഭംഗിയായിനടത്താൻ മാർഗ്ഗമുണ്ടായിരുന്നു. അതിനെപ്പററി പറയാനാണു ഞാൻ ആലോചിച്ചതു്."

"ഞാൻ ഇപ്പോഴും ചില ചില്ലറചികിത്സകൾ നടത്തുന്നുണ്ടല്ലോ. അതുകൊണ്ടു തൃപ്തിപ്പെട്ടുകൂടയോ? ഏതായാലും ആലോചിച്ചമാർഗ്ഗം പറയണം; കേൾക്കട്ടെ."

"ഇപ്പോൾ ചില്ലറമരുന്നു കൊടുക്കുന്നതു കാര്യമായി ഗണിക്കാനില്ല. അതു മുത്തശ്ശിമാരുടെ ചികിത്സയല്ലേ? മരുന്നു കൊടുക്കുന്നതിനുംമററും ഒരു ധൈര്യവും ചിട്ടയും ഉണ്ടാകണമെങ്കിൽ ഒരു പരിക്ഷ പാസ്സായിരിക്കണം. അങ്ങനെയായാൽ മററു ഡാക്ടറന്മാരുടെ സഹായം കൂടാതെതന്നെ നമ്മുടെയും അയല്ക്കാരുടെയും കാര്യങ്ങൾ ഒരുവിധം ഭംഗിയായി നടക്കും. ആരോടും പ്രതിഫലം വാങ്ങിക്കണമെന്നില്ല. മരുന്നിന്റെ യഥാർത്ഥവിലമാത്രം ഈടാക്കിയാൽമതി."

"വാദ്ധ്യാർജോലിതന്നെ മുഷിഞ്ഞു. ഈ വയസ്സുകാലത്തു മറെറാരു പരിക്ഷയ്ക്കുകൂടെ പഠിക്കണമെന്നാണോ കുഞ്ഞന്നാമ്മ പറയുന്നതു്? തരക്കേടില്ല."

"ഓ! ഹോമിയോപ്പതി പരിക്ഷയ്ക്കു പ്രൈവററായി പഠിച്ചെഴുതാൻ അത്രവളരെ പ്രയാസമോ? ഞാൻതന്നെ അതു പഠിച്ച് എഴുതുമായിരുന്നു. പക്ഷെ, സൗകര്യം വേണ്ടയോ? എന്തെല്ലാം ജോലികൾ! അടുക്കളപ്പണി; കുഞ്ഞുങ്ങളെ വളർത്തൽ എന്നിങ്ങനെ എന്തെല്ലാം പ്രശ്നങ്ങളാണ് തുറിച്ചുനോക്കിക്കൊണ്ടുനില്ക്കുന്നതു്! അങ്ങനെയിരിക്കുമ്പോൾ എന്നെക്കൊണ്ട് എങ്ങനെ സാദ്ധ്യമാകും? അല്ലെങ്കിൽ ഞാൻ അരക്കൈ നോക്കുമായിരുന്നു."

"അത്ര വളരെ നിർബന്ധമാണെങ്കിൽ ഞാനൊന്നു ശ്രമിച്ചുനോക്കാം."

കുഞ്ഞന്നാമ്മയുടെ പ്രേരണാശക്തി ഫലിച്ചു. കൽക്കട്ടായിലെ ഒരു വൈദ്യസംഘം നടത്തിവരുന്ന ഹോമിയോപ്പതി പരിക്ഷയ്ക്ക് അവരാച്ചൻ പ്രൈവററായി ചേർന്നു. ആകെ 250 പേർ ചേർന്നിരുന്നതിൽ ഒൻപതാമനായി പരിക്ഷയിൽ ജയിച്ചപ്പോൾ ചികിത്സ നടത്തുന്നതിൽ പൂർവ്വാധികം ധൈര്യവും ഊർജ്ജിതത്വവും അവരാച്ചനുണ്ടായി. തോമാച്ചന്റെ "വലിവു" സംബന്ധമായ രോഗത്തിനും ചികിത്സയാരംഭിച്ചു. മരുന്നിന്റെവിലയ്ക്കു പുറമേ യാതൊരു പ്രതിഫലവും പററാതിരുന്നതിനാൽ അയല്ക്കാർക്കെല്ലാം ഈ അദ്ധ്യാപകഡാക്ടറെക്കുറിച്ചു പ്രത്യേകം മതിപ്പുണ്ടായി.

ഡാക്ടർ അബ്രഹാം (അവരാച്ചൻ) ഒരുദിവസം രാവിലെ സ്വഗൃഹത്തിൽ പത്രവും വായിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ശബ്ദം കേട്ടു. ഏതോ ഭാരമുള്ള സാധനം താഴെവന്നു വീഴുന്ന ഒച്ചയും അതോടൊന്നിച്ച് ഒരു ചിറകടിയും. വടക്കേ വേലിക്കു സമീപമാണ് ഈ ശബ്ദംകേട്ടതു്. ഡാക്ടർ പെട്ടെന്നു്

രണ്ടാമത്തു് ചരമവാർഷികം



പരേതയായ

പരുത്തിപ്പറമ്പിൽ ജോസഫ് ഏലിശ്വാ.

ജനനം—1878 ഫെബ്രുവരി 10

മരണം — 1948 മാർച്ച് 28

പരേതയുടെ ആത്മശാന്തിക്കായി എല്ലവരുടേയും പ്രാത്ഥന അഭ്യത്ഥിക്കുന്നു. R. I. P.

By her loving sons
Master Shertallay Kuttappa
& Bros.

ശബ്ദം കേട്ട സ്ഥലത്തേക്ക് ഓടിയെത്തി. എന്താണ് അദ്ദേഹം അവിടെക്കണ്ടതു്! തന്റെ ലഗോൺ പൂവൻ കോഴി ഏറുകൊണ്ടു വിണുകിടക്കുന്നു. ഒരു കല്ലും അടുക്കൽത്തന്നെ കിടപ്പുണ്ട്. സൂക്ഷിച്ചുനോക്കിയതിൽ കോഴിയുടെ കഥകഴിഞ്ഞു എന്നു മനസ്സിലായി. നിരാശയും കോപവും കലന്ന് ഇതികർത്തവ്യതാമൂഢനായി അദ്ദേഹം അല്പനേരം അവിടെത്തന്നെ നിന്നു. ഒടുവിൽ മുമ്പോട്ടുനോക്കിയപ്പോൾ തോമാച്ചൻ അയാളുടെ ഗൃഹത്തിലേക്കു കയറിപ്പോകുന്നതു കണ്ടു. അയാളാണ് ആ കടുംകൈ പ്രവർത്തിച്ചതെന്നു ഡാക്ടർക്കു ബോദ്ധ്യമായി. അദ്ദേഹം വിളിച്ചു പറഞ്ഞു: — "കോഴിയെ എറിഞ്ഞു കൊന്നതു നന്നായി! അതും എന്റെ വക!! കൊന്നതോ? തോമാച്ചൻ!!! കൊള്ളാം!!!" അമർഷം ഒതുങ്ങിനിന്നിരുന്നു എങ്കിലും ശാന്തത കൈവിടാതെയാണ് അവരാച്ചൻ ഇത്രയും ഉച്ചരിച്ചതു്.

"ഞങ്ങളുടെ നിത്യവൃത്തിക്കുള്ള സസ്യങ്ങൾ നശിപ്പിച്ചതു നന്നായി എന്നാണോ ഡാക്ടർ പറയുന്നതു്? ഞാൻ മുമ്പു പല പ്രാവശ്യം ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ടായിരുന്നല്ലോ." വീട്ടിലേക്കു കയറാൻ ഭാവിച്ച തോമാച്ചൻ വെളിയിലിറങ്ങിനിന്നുകൊണ്ടു വിളിച്ചു പറഞ്ഞു.

ഡാക്ടർ വീണ്ടും അല്പസമയംകൂടെ അവിടെത്തന്നെ നിശ്ചലനായി നിന്നുപോയി. അപ്പോളിതാ, കുഞ്ഞന്നാമ്മയും കുട്ടികളും ഓടിവരുന്നു: "എന്തു്! എന്തുപററി? വിഷമിച്ചു നില്ക്കയാണെന്നു തോന്നുന്നല്ലോ." കുഞ്ഞന്നാമ്മ കാരണം അന്വേഷിച്ചു.

"അമ്മേ, നമ്മുടെ പൂവൻകോഴി ഇതാ ചത്തുകിടക്കുന്നു; അതുകൊണ്ടാ അപ്പച്ചൻ ഇങ്ങനെ നില്ക്കുന്നതു്." മറിയക്കുട്ടി ചൂണ്ടിക്കാണിച്ചു.

"അയ്യോ! ആരാണീ പാതകം ചെയ്തതു്? ഞാൻ എത്ര വാത്സല്യത്തോടുകൂടിയാണ് വളർത്തിവന്നതു്! കഷ്ടം!"

അവരാച്ചൻ മൗനം ഭഞ്ജിച്ചു:— "ഞാൻ ഇക്കാര്യം മുൻകൂട്ടി ഓർപ്പിച്ചിരുന്നതു മറന്നുപോയി; അല്ലേ? എന്നാൽ ഫലം അനുഭവിക്കതന്നെ." അവരാച്ചൻ നടന്നുതുടങ്ങി. ഒരു ദീർഘനിശ്വാസത്തോടുകൂടി കോഴിയേയും എടുത്തുകൊണ്ട് കുഞ്ഞന്നാമ്മയും കുട്ടികളും ഡാക്ടറെ അനുഗമിച്ചു.

അയല്ക്കാർ തമ്മിൽ സംസാരിക്കാതായിട്ടു ദിവസങ്ങൾ മൂന്നുനാലു കഴിഞ്ഞു. തോമാച്ചന്റെ ദിനത്തിനുള്ള ചികിത്സയും മുടങ്ങി. മരുന്നു തീന്നതിനാൽ അയാളും സഹോദരിയും വല്ലാതെ വിഷമിച്ചു. താൻ കാട്ടിക്കൂട്ടിയ അവിവേകമോത്തു് തോമാച്ചൻ പശ്ചാത്തപിച്ചു. തന്റെയും അവിവാഹിതയായ സഹോദരിയുടെയും ഉപജീവനത്തിനു മററു മാർഗ്ഗങ്ങളില്ല. വെണ്ട, വഴുതിന, കത്തിരി, പാവൽ, വെള്ളരി, മുളകു് ആദിയായവയും കുറേ പയറും പാകമായിനിന്നിരുന്നതു കോഴികൾ നശിപ്പിച്ചുകളയുന്നതു കണ്ടുകൊണ്ടിരിക്കാൻ തന്റെ ക്ഷമാബുദ്ധി അനുവദിക്കാഞ്ഞതിനാലാണ് താൻ ഈ സാഹസം പ്രവർത്തിച്ചുപോയതു്! എന്നാൽ, അതിനെക്കാൾ എത്രയോ വലിയ സഹായമായിരുന്നു ഡാക്ടറിൽനിന്നും ലഭിച്ചുകൊണ്ടിരുന്നതു്! യാതൊരു പ്രതിഫലവും കൈപ്പററാതെ ഇത്ര ആത്മാത്ഥമായി ചികിത്സനടത്താൻ അവരാച്ചനല്ലാതെ മററാരാണ് തയാറാവുക! കൂടെക്കൂടെ വന്നു രോഗവിവരമന്വേഷിച്ചു വേണ്ട ശുശ്രൂഷകൾ നിർദ്ദേശിക്കാൻ കുഞ്ഞന്നാമ്മയല്ലാതെ മറേറതൊരയല്ക്കാർ സന്നദ്ധരാവും! കഷ്ടം! ഇനിയെന്തു മാർഗ്ഗമാണു്!

കുഞ്ഞന്നാമ്മയുടെ പ്രേരണാശക്തി അവിടെയും ഫലിക്കാതിരുന്നില്ല. സാധുക്കളായ അയല്ക്കാർ അങ്ങനെ കഷ്ടതയനുഭവിക്കുന്നതിനെപ്പററി ചിന്തിച്ചപ്പോൾ കുഞ്ഞന്നാമ്മയ്ക്കു വലിയ കുണ്ഠിതമുണ്ടായി. അവർ ഭർത്താവിനെ സമീപിച്ചു് ഇപ്രകാരം പറഞ്ഞു: "തോമാച്ചന്റെ കാര്യം ഓർത്തിട്ടു സഹതാപം തോന്നുന്നു. അയാളും സഹോദരിയും വളരെ കഷ്ടപ്പെടുന്നുണ്ടാവും. അവരുടെ നിത്യവൃത്തിക്കു മററു മാർഗ്ഗങ്ങളില്ല. ആ ചെറുകൃഷികൾകൊണ്ടാണ് ആ രണ്ടു ജീവിതം നിലനിന്നുപോന്നതു്. അവ നശിപ്പിക്കുന്നതു കണ്ടപ്പോൾ കോഴിയെ അയാൾ കല്ലെറിഞ്ഞതിൽ അത്ഭുതപ്പെടാനില്ല. ചത്തുപോകുമെന്നു് അയാൾ ഉദ്ദേശിച്ചിരിക്കയുമില്ല. അതു് അബദ്ധത്തിൽ സംഭവിച്ചതാണ്. ഇപ്പോൾ അയാൾ പശ്ചാത്തപിക്കുന്നുണ്ടെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. പാവത്തിനു മരുന്നുപോലും കിട്ടാതെവരുമ്പോളത്തെ കഥ ഓർക്കാനുംകൂടി വയ്യാ. അയല്ക്കാരെ കാണുമ്പോൾ മുഖവും വീർപ്പിച്ചു മൗനമവലംബിച്ചു കഴിയുന്ന ജീവിതം ദുസ്സഹംതന്നെ."

കുറേനേരം മൗനമായിരുന്നശേഷം ഡാക്ടർ പ്രതിവചിച്ചു:— "ഞാനും അതിനെപ്പററി ആലോചിക്കാതിരുന്നില്ല. പക്ഷേ, അവരും കുറച്ചൊക്കെ ആലോചിച്ചു പെരുമാറേണ്ടിയിരുന്നു."

"വന്നതൊക്കെവന്നു. ഇനിയും ഈ നില തുടരാൻ നിവൃത്തിയില്ല. ഇവിടെയുള്ളതിൽ ഒരു കോഴിയെ "ബ്രാത്തി"ട്ട് ഇന്നു തോമാച്ചനു കൊടുക്കാം. പാവത്തിനു മരുന്നും കൊടുക്കണം." കുഞ്ഞന്നാമ്മ തുടന്നു പറഞ്ഞു.

"ഒന്നാം സമ്മാനം കുഴപ്പത്തിലാക്കിയെന്നേയുള്ളു. എനിക്ക് എല്ലാം സമ്മതംതന്നെ." ഡാക്ടർ അബ്രഹാം ചിരിച്ചുകൊണ്ടു പറഞ്ഞു.

അന്നത്തെ സായാഹ്നം അതിമനോഹരമായിരുന്നു. അവരാച്ചനും ഭാര്യയും കുട്ടികളുമായി കോഴിബ്രാത്തും മരുന്നും കൊണ്ടു തോമാച്ചന്റെ ഗൃഹത്തിലെത്തിയതു കണ്ട് അഭിനന്ദിക്കാനെന്നപോലെ അമ്പിളിയമ്മാവൻ ആകാശത്തിലേക്കുയന്നു.

കുഞ്ഞന്നാമ്മയുടെയും അവരാച്ചന്റെയും "പ്രതിക്രിയ"യിൽ തോമാച്ചനും സഹോദരിയും ആനന്ദപുളകമണിഞ്ഞു മാപ്പിരക്കുകയാണുണ്ടായതു്.

---

## ജൂബിലിവത്സരം പ്രമാണിച്ച്

—പ്രത്യേകാനുകൂല്യം—

ലീഗുപുസ്തകങ്ങൾ രൊക്കവിലയ്ക്കു എടുക്കുന്നവക്ക് 25 രൂപാ മുതൽ 100 രൂപാ വരെ 25 ശതമാനവും 100 രൂപാ മുതൽ മേല്പോട്ടു് 30 ശതമാനവും കമ്മീഷൻ നല്കുന്നതാണ്.

## പുതിയ പുസ്തകങ്ങൾ

| | | ക. ണ. പ. |
| --- | --- | --- |
| 1 | തെരേസാ ന്യൂമാൻ | 1—12—0 |
| 2 | ത്യാഗധീരൻ (വി. നോർബർട്ട്) | 1—10—0 |
| 3 | ശാന്തിനികേതത്തിലേക്ക് | 1—6 —0 |
| 4 | ദിവ്യഭോജനം (പ്രാത്ഥനപ്പുസ്തകം) | 0—9 —0 |
| 5 | മോചനം & ധീരബാലൻ (പ്രഹസനം) | 0—8 —0 |
| 6 | ഇടവകസമാജങ്ങൾ & ജേതാവ് ” | 0—5 —0 |
| 7 | എന്റെ കുർബാനപ്പുസ്തകം (6-ാംപതിപ്പ്; പ്രാത്ഥനപ്പുസ്തകം) | 0—3 —0 |
| 8 | ജീവനുള്ള സക്രാരി | 0—3 —0 |

ക്യാററ്ലോഗിനു ആവശ്യപ്പെടുവിൻ!

ജനറൽ സെക്രട്ടറി, എസ്. എച്ച്. ലീഗ്,

മംഗലപ്പുഴ സെമ്മിനാരി, ആലുവാ ബ്രാഞ്ച് A. O. & P. O.

---

വിശുദ്ധ യൗസേപ്പു പിതാവിന്റെയും, വി. റീത്താപുണ്യവതിയുടെയും സഹായത്താൽ എന്റെ മകളുടെ അപകടകരമായ സുഖക്കേടു സുഖമായതിനു് ഉപകാരസ്മരണ.

എന്നു്

കെ. ജെ. കുര്യാക്കോസ്

---

വത്തിക്കാൻ-ഇൻഡൊനേഷ്യ

## നയതന്ത്രബന്ധം

വത്തിക്കാനും ഇൻഡൊനേഷ്യൻ ഐക്യനാടുകളും തമ്മിൽ നയതന്ത്രബന്ധം സ്ഥാപിക്കാൻ തീരുമാനിച്ചതിനെത്തുടന്ന് മി. പിസുക്കർ ജോഡിരജോ പ്രണത ഇൻഡൊനേഷ്യയുടെ പ്രഥമ വത്തിക്കാൻസ്ഥാനപതിയായി നിയമിതനായിരിക്കുന്നു. താമസിയാതെ ഇൻഡൊനേഷ്യയിൽ വത്തിക്കാൻ ഒരിൻറർനൺഷിയോയെ നിയമിക്കുന്നതാണ്.

Sathya Deepam

Vol 23 Ernakulam March 22 1950 No. 29

## ഞാൻ കണ്ട റോമാപുരി

(1-ാം പേജ് തുടർച്ച)

ഉസ്ഥാപനങ്ങളിലും സമഗ്രമായി പ്രത്യക്ഷമാകുന്നുണ്ട്. പോപ്പിന്റെ ഔദ്യോഗികശാലകളും ഭരണകാര്യാലയങ്ങളും സ്ഥാപിച്ചിട്ടുള്ള ബൃഹത്തായ പ്രാസാദങ്ങളിലും റോമിന്റെ വിഭൂതി പ്രത്യക്ഷമാണ്. ഏതിന്റെ ഔദ്യോഗികകൃത്യങ്ങൾ ഭൂമുഖത്തിലെങ്ങുമുള്ള വിശ്വാസികളെ ക്രിസ്തുവിനോടും അദ്ദേഹത്തിന്റെ പ്രതിപുരുഷനോടും ബന്ധിക്കുന്ന ഭക്തിയുടേയും സ്നേഹത്തിന്റെയും ബാദ്ധ്യതകളെ സംരക്ഷിക്കുന്നതിനും ദൃഢീകരിക്കുന്നതിനുമായി ലോകമാകമാനം വ്യാപിച്ചുനില്ക്കുന്നുവോ, ആ റോമൻ "ക്യൂറിയം" എന്നറിയപ്പെടുന്നതും സുസൂക്ഷ്മം സംയോജിപ്പിക്കപ്പെട്ടിട്ടുള്ള വിവിധഘടകങ്ങളോടുകൂടിയ ഒരു ഔദ്യോഗികയന്ത്രമായി പ്രവർത്തിക്കുന്നതുംആയ സമ്മിശ്രഭരണകൂടത്തിലും അതു് നിതരാം പ്രത്യക്ഷമാണ്. ഭൂലോകത്തിന്റെ അന്തിമപ്രാന്തങ്ങൾവരെയും മനുഷ്യചരിത്രത്തിന്റെ പരമസീമവരെയും വ്യാപിക്കുന്നതും, വിസ്മയകരമാംവണ്ണം കർമ്മക്ഷമവുമായ ഈ സംഘടനയുടെ രഹസ്യം മനുഷ്യബുദ്ധിക്കു അഗോചരമാണ്. ഇതു് എന്റെ ദ്വിതീയാനുഭവത്തിലേക്കു് എന്നെ നയിക്കുന്നു.

നമ്മുടെ നാഥനായ ക്രിസ്തു അദ്ദേഹത്തിന്റെ പ്രബോധനങ്ങളേയും, ജീവിതത്തിന്റെയും യാതനകളുടേയും ഫലങ്ങളേയും കാലാന്ത്യംവരെ സകല മനുഷ്യവർഗ്ഗത്തിനും പ്രാപ്യമാംവണ്ണം പ്രതിഷ്ഠിക്കണമെന്നു് അഭിലഷിച്ചു. അദ്ദേഹം തന്റെ നാമധേയത്തിൽ തന്റെ അധികാരത്തോടുകൂടി അഖിലജാതികളേയും പഠിപ്പിക്കാനായി തന്റെ അപ്പോസ്തലന്മാരെ അയച്ചു. അപ്പോസ്തലകരങ്ങളിൽ സ്ഥിതിചെയ്ത അദ്ദേഹത്തിന്റെ സ്വർഗ്ഗീയാധികാരം എല്ലാ വിശ്വസ്താനുയായികളേയും സാർവ്വത്രികസഭയിലേക്കു സംയോജിപ്പിക്കുന്ന പ്രതിജ്ഞാപത്രമാണ്; അവർക്കു മാനവസമുദായത്തിൽ പ്രചരിപ്പിക്കേണ്ടിയിരുന്ന ആഭ്യന്തര വിശുദ്ധിയുടെ വ്യവസ്ഥകൾക്കു അദ്ദേഹത്തിന്റെ സ്വർഗ്ഗീയാധികാരം ബലവും അനുമതിയും ആണ്; അദ്ദേഹം സ്ഥാപിച്ചതും അവർ നിർവ്വഹിക്കേണ്ടിയിരുന്നതുമായ സംസ്കാരികകർമ്മങ്ങളുടെ പാവനമായ പ്രായോഗികനടപടികൾക്കു അദ്ദേഹത്തിന്റെ സ്വർഗ്ഗീയാധികാരം സജീവവീര്യം നൽകുന്നു. ചുരുക്കത്തിൽ, അദ്ദേഹത്തിന്റെ സ്വർഗ്ഗീയാധികാരം സ്വസഭയെ ഏകവും പവിത്രവും സാർവ്വത്രികവും അപ്പോസ്തലികവും ആക്കുന്നു. ഈ വിവേചകലക്ഷണങ്ങളെ, റോമിൽ, ഞാൻ ഭാവനാരൂപത്തിലല്ല, ഇന്ദ്രിയഗോചരവും സജീവവുമായ സത്യങ്ങളായിത്തന്നെ ദർശിച്ചു.

മിക്ക മഹാനഗരങ്ങളിലും കുടിപാർപ്പുകാരായും കേവലം സന്ദർശകരായും നാനാവിധ വിദേശികൾ കാണപ്പെടാം. നാമത്തിലും യാഥാർത്ഥ്യത്തിലും അവർ വിദേശികളായിത്തന്നെ വർത്തിച്ചുവെന്നുംവരാം. റോമിലാകട്ടെ, കത്തോലിക്കർ സ്വഭവനവാസസുഖമനുഭവിക്കുന്നു. നാമമാത്രമായി അവൻ ഒരു ചീനനോ നീഗ്രോവോ ആയിരിക്കാം. നാമമാത്രമായി അവൻ ഒരു ഇററലിയനല്ലെന്നും മറേറതെങ്കിലും നാട്ടുകാരനാണെന്നുംവരാം. ഇററലിയനായാലും അല്ലെങ്കിലും ഒരു കത്തോലിക്കനാണെങ്കിൽ, അവൻ അവന്റെ മഹാ മാതാവിന്റെ സവിധത്തിൽ സ്വഭവനസൗഖ്യമടയുന്നു. അവനു് അതറിയാം. ഇററലിമുഴുവൻ ബ്രിട്ടീഷ് വിരുദ്ധമനഃസ്ഥിതി പ്രബലമായിരുന്ന ഇററലോ-എത്തിയോപ്പിയൻ സമരസങ്കുലമായ ആദിനങ്ങളിലും ഞാൻ അതനുഭവിച്ചു...കത്തോലിക്കർ, ദ്യോവിനു കീഴിലുള്ള അഖില രാഷ്ട്രങ്ങളിലെയും ഭക്തജനങ്ങൾ് ആണ്ടുമുഴുവൻ റോമിൽ വസിച്ചുപോരുന്നു. ബലിപീഠങ്ങളിൽനിന്നും പ്രസംഗപീഠങ്ങളിൽനിന്നും, രാജപാതകളിലും, കമ്പോളസ്ഥലങ്ങളിലും, വീട്ടിനകത്തും പുറത്തും, എവിടെയും അവരിൽ ഓരോരുത്തനും അവന്റെ സ്വന്തം ഭാഷയിൽ ഈശ്വരന്റെ അത്ഭുതാപദാനങ്ങളെ അവന്റെ മഹനീയ മാതാവു് കീർത്തനം ചെയ്യുന്നതായി കേൾക്കുന്നു. വർഷം മുഴുവനും അനുസ്യൂതസ്രോതസ്സായ കൂലങ്കഷങ്ങളോടൊപ്പം തീർത്ഥസഞ്ചാരികൾ ഏകകാര്യരായി റോമിലേക്കു പ്രവഹിക്കുന്നു. അതേവിധമായ ആകസ്മികാനുഭവത്തോടുകൂടി അവർ അവിടെ സ്വഭവനസൗഭാഗ്യം കണ്ടെത്തുകയും ചെയ്യുന്നു. അനുഗ്രഹീതാബ്ദമായ 1933-ൽ ഈ അനർഗ്ഗള പ്രവാഹമുണ്ടായി.

ഒരിക്കൽ റോമിൽ എത്തിക്കഴിഞ്ഞാൽ തീർത്ഥകന്മാർ ആ വിഭിന്നജനവൃന്ദത്തിൽ ഏകത്വം കണ്ടെത്തുന്നു. അതെ, വി. പത്രോസുമുതൽ പന്ത്രണ്ടാം പീയൂസുവരെയുള്ള ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരാൽ പാലിക്കപ്പെട്ടിട്ടുള്ള വിശ്വാസവിഷയകവും സദാചാരപരവുമായ ദിവ്യാധികാരത്തെ സ്വീകരിക്കുന്നതിലും അനുസരിക്കുന്നതിലും റോമിൽ കാണപ്പെടുന്ന നാനാജാതിജനതയോടും ലോകമൊട്ടാകെയുള്ള ബഹുലക്ഷങ്ങളോടും ഒരു കത്തോലിക്ക തീർത്ഥയാത്രികൻ ഐക്യമുള്ളവനാകയാൽ വിശ്വാസത്തിലും ആരാധനയിലും അവനും അവരും ഒന്നുതന്നെ. അന്നു് പത്രോസു് ആരായിരുന്നുവോ ആ ആൾതന്നെയാണ് ഇന്നു് പീയൂസ്, റോമിലെ മെത്രാൻ, ക്രിസ്തുവിന്റെ പ്രതിനിധി, ദൈവത്തിന്റെ ദാസദാസൻ. ക്രിസ്തു സ്വർഗ്ഗത്തിന്റെ താക്കോലുകൾ ആർക്ക് നൽകിയോ അയാളുടെ നാമത്തെ അവർ അനുസരിക്കുന്നു. ആ ദൈവപരിചാരകന്മാർ വിശ്വാസത്തിന്റേയും ആരാധനയുടേയും ഐകമത്യത്തിലും അവരുടെ ഏകരൂപമായ കത്തോലിക്കജീവിതത്തിലും കത്തോലിക്കചൈതന്യത്തിലും സുരക്ഷിതരായിരിക്കുന്നു; എന്തെന്നാൽ, ക്രിസ്തു സ്വർഗ്ഗത്തിന്റെ താക്കോലുകൾ ആർക്ക് നൽകിയോ അയാളുടെ നാമത്തെ അവർ അനുസരിക്കുന്നു. അതാണ് ലോകത്തിലെ സമസ്തരാഷ്ട്രങ്ങളിലെയും കത്തോലിക്കരുടെ ഐക്യത്തിന്റെ, ഭൂമിയിൽ വാണരുളുന്ന ഏകപരമാധികാരിയോടുള്ള സാർവ്വജനീനമായ ആ വിധേയത്വത്തിന്റെ രഹസ്യം. ആ സ്വർഗ്ഗീയാധികാരത്തിന്റെ അല്പപരമം, ക്രിസ്തുവിനാൽത്തന്നെ, തന്റെ സഭയിൽ അധിവസിച്ചുകൊണ്ടും തന്റെ പ്രതിപുരുഷനായ റോമാമെത്രാൻവഴിയായി മാനവവർഗ്ഗത്തെ ഭരിക്കയും പഠിപ്പിക്കയും ചെയ്തുകൊണ്ടും ഭൂമിയിൽ പരീക്ഷിക്കപ്പെടുന്നു. അതുകൊണ്ടുതന്നെയാണ് റോമിൽ കത്തോലിക്കരുടെ ഐകമത്യം പ്രത്യക്ഷമായി ബോധിക്കുന്നതു്. വിശ്വാസസകലമുള്ള വിശ്വാസികളെ ക്രിസ്തീയൈക്യത്തിലേക്കു ബന്ധിക്കുന്നതു് ഏതൊന്നുമാത്രമാണോ ആ ആദ്ധ്യാത്മികാധികാരവിധേയത്വത്തിന്റെ ബന്ധങ്ങൾ ക്രിസ്തു സപ്രതിനിധിയായി പ്രതിഷ്ഠിച്ച ആ പുരുഷന്റെ കരങ്ങളിൽ സമഗ്രമായി സമാഹരിക്കപ്പെടുന്നു. റോമിൽ ചെന്നവസാനിക്കുന്നതും, "ദ്യോവിനു കീഴിലുള്ള എല്ലാ രാഷ്ട്രങ്ങളിലും നിന്നുവന്നിരിക്കുന്ന ഭക്തന്മാരായ വിദേശീയരുടെ് വ്യാപാരങ്ങളാലും സാന്നിദ്ധ്യമാത്രത്താലും ബാഹ്യമായി ആവിഷ്കരിക്കപ്പെടുകയാൽ അഭിമുഖീഭവിക്കുന്നതുമായ ഈ ആദ്ധ്യാത്മികബന്ധങ്ങൾ ആർക്കും മിക്കവാറും കാണുകയും അനുഭവിക്കുകയും ചെയ്യാവുന്നതാണ്. അവിടെ കത്തോലിക്കസഭയുടെ ഏകത്വം ഞാൻ പ്രത്യക്ഷമായി കണ്ടു.

എന്നാൽ ആ ഏകത്വം സാർവ്വത്രികമായ ഒരു ദൃശ്യസഭയുടെ ഹൃദയവും കേന്ദ്രവുമാണ്. സഭയുടെ സാർവ്വത്രികത്വം എന്ന ലക്ഷണം ഇന്ദ്രിയഗോചരവും സജീവവും ആയ ഒരു യാഥാർത്ഥ്യമാകുന്നു. ഒരു പ്രത്യേകദിനത്തിൽ, വി. പത്രോസിന്റെയും വി. പൗലോസിന്റെയും തിരുനാളിൽ നടക്കുന്ന സംഭവങ്ങൾ ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ. നിങ്ങൾ റോമിലാണെങ്കിൽ, ഞാൻ നാലുതവണ ചെയ്തിട്ടുള്ളതുപോലെ, തീർച്ചയായും ആ ദിവസത്തിൽ നിങ്ങൾ അപ്പോസ്തലരാജന്റെ ശവകുടീരത്തിൽ പ്രാർത്ഥിക്കാൻ പോകുന്നതാണ്. ജനാലതോറും തൂങ്ങിക്കിടക്കുന്ന അരുണവർണ്ണത്തിലുള്ള കനകമയമായ ചേലകൾകൊണ്ടു് അലംകൃതമായ ഭവനങ്ങൾ തെരുവുകളിലെല്ലാം നിങ്ങൾക്കു കാണാൻ കഴിയും. മഹാപ്രമാണമായ ആ ദേവാലയത്തിന്റെ, മനുഷ്യൻ സ്വകരങ്ങളാൽ അവന്റെ സ്രഷ്ടാവിനെ ആരാധിക്കുന്നതിനായി പണിചെയ്തിട്ടുള്ള ഏതൊന്നിനെയും അതിശയിക്കുന്ന ആ ഉത്തുംഗദേവായതനത്തിന്റെ, പുരോഭാഗത്തുള്ള ജനനിബിഡമായ അങ്കണത്തിൽക്കൂടി ആ ദേവാലയത്തിലേക്കു നിങ്ങൾ നടക്കുന്നപക്ഷം നിങ്ങൾക്കു നിശ്ചയമായും തിരുസഭയുടെ സാർവ്വത്രികത്വം പ്രത്യക്ഷരൂപത്തിൽ അനുഭവവേദ്യമാകുന്നതാണ്. ഉന്നതവും വിശാലവും സുന്ദരവുമായ ആ പത്രോസിന്റെ മഹാപ്രാസാദം അതിന്റെ സ്തൂപപരമ്പരാപരിവൃതമായ രണ്ടുപാർശ്വസ്തംഭങ്ങളുടെ മദ്ധ്യത്തിൽസ്ഥിതിചെയ്തുകൊണ്ടു് അഖിലമനുജരാശിയും അതിനുള്ളിലേക്കു അവശ്യം പ്രവേശിക്കുകതന്നെ ചെയ്യണമെന്നു തോന്നുമാറു്, ഇടത്തും വലത്തും ഇരുഭുജങ്ങളുംനീട്ടി പ്രസന്നമനോജ്ഞമായ സ്വാഗതമരുളുന്നുവോ എന്നു് തോന്നുംവണ്ണം നിലകൊള്ളുന്നു. അതിനു് ഹൃദയംഗമമായ പ്രത്യുത്തരവും ഇതാ ലഭിക്കുന്നു! പ്രഭാതംമുതൽ അസ്തമയംവരെ റോമൻ മദ്ധ്യാഹ്നത്തിലെ ചണ്ഡാതപമായ വെയിലേറ്റും അസംഖ്യം ജനങ്ങൾ ആ അങ്കണത്തെ കടന്നുപോകുന്നു. അവർ ലോകത്തിലെ എല്ലാ പരിഷ്കൃതരാഷ്ട്രങ്ങളുടെയും പ്രാതിനിധ്യം വഹിക്കുന്നു. ധാരാളം ബാലന്മാരും വൃദ്ധന്മാരും അവിടെ കാണപ്പെടുന്നു: സുവേഷന്മാരും, കുവേഷന്മാരും; കൃഷിവലന്മാരും, പൗരന്മാരും; സന്യാസിമാരും, സൈനികന്മാരും; നാവികന്മാരും, വണിക്കുകളും; നിയമജ്ഞന്മാരും, വിദ്യാർത്ഥികളും; സന്യാസിനിമാരും, ധാത്രിമാരും; കക്ഷബാലന്മാരും, രാജകുമാരന്മാരും; വൈദികന്മാരും, അജപാലന്മാരും, പുരോഹിതമുഖ്യന്മാരും;—അനേകമാസത്തെ സഞ്ചാരംകൊണ്ടുമാത്രം കാണാൻ സാധിക്കുന്ന എല്ലാ മാതൃകയിലുമുള്ള പുരുഷന്മാരും സ്ത്രീകളും കുട്ടികളും; വെള്ളക്കാർ; കൃഷ്ണവർണ്ണന്മാർ, പീതവർണ്ണന്മാർ, അരുണവർണ്ണന്മാർ, കപിലവർണ്ണന്മാർ;—പിന്നെ അവരുടെ സ്ത്രീകളും കുട്ടികളുംകൂടിയും. നിങ്ങൾക്കു പരിചിതങ്ങളായ എല്ലാ ഭാഷകളും അപരിചിതങ്ങളായ അനവധി ഭാഷകളും നിങ്ങളുടെ ചുററിലും കേൾക്കാവുന്നതാണ്. ആ അങ്കണംതന്നെ വളരെ വിശാലമാകുന്നു. ജീവിതരീതികൊണ്ടും വർണ്ണവൈവിധ്യംകൊണ്ടും വിവിധഭാഷകളിലുള്ള സംഭാഷണങ്ങൾകൊണ്ടും അത്ഭുതകരമായിരിക്കുന്ന ഈ അപരിമേയമായ ജനസംഘത്തിലെ ഓരോ വ്യക്തിയും ക്രിസ്തുവിനാൽത്തന്നെ തിരുസഭയുടെ പരമാധികാരിയാക്കപ്പെട്ട അപ്പോസ്തലരാജനായ വിശുദ്ധ പത്രോസിന്റെ ശവകുടീരത്തിൽ പ്രാർത്ഥിക്കാൻ വന്നിട്ടുള്ളതത്രേ. അതേ, സാർവ്വത്രികത്വം അതിമാത്രം പ്രത്യക്ഷരൂപത്തിൽ പ്രകാശിക്കുന്നു. (ശേഷം അടുത്തതിൽ)

വേദശാസ്ത്രപങ്കതി


### സെൻറ് മേരീസ് ബോർഡിങ്ങ്

ആലുവാ

സെൻറ് മേരീസ് ഹൈസ്കൂളിനോടനുബന്ധിച്ചു് നടത്തിയിരുന്ന ബോർഡിങ്ങ് അടുത്ത സ്കൂൾ വർഷത്തോടുകൂടി വീണ്ടും ആരംഭിക്കുന്നതാണ്. ചേരാൻ ഉദ്ദേശിക്കുന്നവർ താഴെ നിർദ്ദേശിക്കുന്ന വിവരങ്ങൾ സഹിതം ഏപ്രിൽ മാസാവസാനത്തോടുകൂടിയെങ്കിലും അപേക്ഷിക്കേണ്ടതാണ്,

1) സ്വദേശം 2) പഠിച്ചിരുന്ന സ്കൂൾ 3) ചേരാൻ ഉദ്ദേശിക്കുന്ന ക്ലാസ്. 4) ഹെഡ്മാസ്റ്ററുടെ കോൺഡക്ററു സർട്ടിഫിക്കേററ്.

എന്നു

7—3—1950 മാനേജർ


## പാപസങ്കീർത്തനം

## XVI

### കൂദാശാഘടകങ്ങൾ

ദൈവത്തോടുള്ള പരിപൂർണ്ണസ്നേഹത്തിൽനിന്നുദിക്കുന്നതാകയാൽ ഉത്തമമനസ്താപം ഉടനടി പാപമോക്ഷം നല്കുന്നു എന്നു സമർത്ഥിക്കുവാൻ പ്രയാസമില്ല. "പഴമൊഴി"കളിൽ (8, 17) ദൈവം പറയുന്നു: "എന്നെ സ്നേഹിക്കുന്നവനെ ഞാനും സ്നേഹിക്കുന്നു." ഉത്തമമനസ്താപം ദൈവസ്നേഹത്തിൽനിന്നാണല്ലോ ഉത്ഭവിക്കുന്നതു്. ആകയാൽ ഉത്തമമനസ്താപമുള്ള പാപി ദൈവത്തിന്റെ സ്നേഹത്തിനു പാത്രീഭവിക്കയും, അങ്ങനെ പാപവിമുക്തനാകയും, പ്രസാദവരത്താൽ സമലംകൃതനാകയും ചെയ്യും. പഴയനിയമത്തിൽ കുമ്പസാരമെന്ന കൂദാശ ഉണ്ടായിരുന്നില്ല. എന്നിരുന്നാലും വിവേചനാശക്തിവെച്ചവർക്കു പാപവിമോചനം പ്രാപിക്കുവാൻ കഴിയുമായിരുന്നു. അതിനുള്ള ഏകോപാധിയാകട്ടെ പരിപൂർണ്ണമായ ഈശ്വരസ്നേഹത്തിൽ നിന്നുളവാകുന്ന അനുതാപം മാത്രമായിരുന്നു.

പുതിയനിയമത്തിൽ കുമ്പസാരമെന്ന കൂദാശയുടെ സ്ഥാപനത്തിനു ശേഷവും ഉത്തമമനസ്താപത്തിന്റെ ഫലസമൃദ്ധിയിൽ ഒരു വ്യത്യാസവും വന്നിട്ടില്ല. ക്രിസ്തുനാഥൻതന്നെ ഈ വസ്തുത പലവുരു പ്രഖ്യാപനംചെയ്തിട്ടുണ്ടു്. "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും; എന്റെ പിതാവു് അവനെ സ്നേഹിക്കയും, ഞങ്ങൾ അവനിലേക്കെഴുന്നെള്ളി അവനിൽ അധിവാസമുറപ്പിക്കയും ചെയ്യും."(യോ. 14, 23.) ക്രിസ്തുവിനെ സ്നേഹിക്കുന്നവനിൽ ദൈവസാന്നിദ്ധ്യം സംഭവിക്കുന്നു. ഇതാകട്ടെ കൃപാവരം കൂടാതെ സാദ്ധ്യമല്ല. വി. യോഹന്നാൻ തന്റെ ഒന്നാമത്തെ ലേഖനത്തിൽ സാക്ഷിക്കുന്നു: "ദൈവം സ്നേഹമാകുന്നു; സ്നേഹത്തിൽ വർത്തിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വർത്തിക്കുന്നു." (1 യോ. 4, 16). ദൈവം അധിവസിക്കുന്നവനിൽ പാപത്തിനു ഒട്ടും സ്ഥാനമുണ്ടാകുവാൻ നിവൃത്തിയില്ലല്ലോ. മറിയം മഗ്ദലേന പാപച്ചളിയിൽ അടിതൊട്ടു മുടിവരെയും മുങ്ങിക്കിടന്നവളാണ്. നൊടിയിടകൊണ്ടു അവൾ പുണ്യത്തികവിന്റെ കൊടുമുടിയിലേക്കോടിക്കയറി. കാരണം? "അവളുടെ പാപങ്ങളെല്ലാം അവളോടു പൊറുക്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ അവൾ അധികം സ്നേഹിച്ചു. അവിടുന്നു് അവളോടു കല്പിച്ചതു്: നിന്റെ പാപങ്ങൾ വിമോചിക്കപ്പെട്ടിരിക്കുന്നു; സമാധാനത്തിൽ പോയാലും." (ലൂ. 7, 47.) (പി. കെ.)